UNIVERSITY LIBRARY
1 SEP. 1931
MADRAS

# ഗുരുനാഥൻ.

| പുസ്തകം 10 | 1106 എടവം | ലക്കം 10 |
| --- | --- | --- |

## താമസ് കാർലൈൽ.

(തുടർച്ച)

(ആർ. ഈശ്വരപിള്ള ബി. എ.)

ഏഴു വർഷത്തെ നിരന്തരമായ ശ്രമത്തിന്റെ ഫലമായി 1845-ൽ അദ്ദേഹത്തിന്റെ പ്രധാനകൃതിയായ "ക്രാംവെൽ" എന്ന ചരിത്രഗ്രന്ഥവും പ്രസിദ്ധീകരിച്ചു. ഇതും സാധാരണരീതിവിട്ട് എഴുതപ്പെട്ടിട്ടുള്ള ഒരു ചരിത്രഗ്രന്ഥമാണ്. ഫ്രഞ്ചുവിപ്ലവത്തെ എത്രയും ഹൃദയാകർഷകമാകുംവണ്ണം ചിത്രീകരിച്ച ആ തൂലികയുടെ നിശിതത്വവും ചാതുരിയും ക്രാംവെലിന്റെ അന്യാദൃശമായ ചിത്രലേഖനത്തിലും വ്യാപരിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഈ ഗ്രന്ഥം കാർലൈലിന്റെ ചരിത്രനിർമ്മാണരീതിക്ക് അത്യുത്തമമായ ഒരു ദൃഷ്ടാന്തവുമാകുന്നു. പുസ്തകത്തിന്റെ ഓരോ ഏടിലും കാർലൈലിനു സഹജമായിരുന്ന അസത്യവിദ്വേഷം, കാപട്യത്തോടുള്ള വെറുപ്പ്, വെറും നാട്യത്തെക്കുറിച്ചുള്ള പുഛം, അർത്ഥശൂന്യങ്ങളായ രാഷ്ട്രീയപ്രമാണങ്ങളേയും സ്ഥാപനങ്ങളേയും കുറിച്ചുള്ള ആക്ഷേപം ഇവയെല്ലാം തെളിഞ്ഞുനിൽക്കുന്നതായി കാണാം. ഏഴു വർഷം നിരന്തരം പരിശ്രമിച്ചു എങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യത്തിന് വലിയ ഹാനി തട്ടിയതായി കണ്ടില്ല. നഗരവാസംകൊണ്ടു വരാവുന്ന ആരോഗ്യക്ഷയം അദ്ദേഹം അന്തപഭ്രവാസംകൊണ്ടു സമ്പാദിച്ച ദേഹബലത്തിനാൽ തടുക്കപ്പെട്ടു എന്നുവേണം പറവാൻ. പിന്നെയും അദ്ദേഹം സംതൃപ്തനായിരുന്നില്ല. കാലം ചെല്ലുന്തോറും അദ്ദേഹത്തിനു അക്കാലത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളോടുള്ള വെറുപ്പ് വർദ്ധിച്ചുവന്നു. അതിനെ പ്രകാശിപ്പിക്കാതെ ഇരുന്നുമില്ല. കാർലൈലിന്റെ "ക്രാംവെൽ"തന്നെ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റേയും ഇഷ്ടാനിഷ്ടങ്ങളുടേയും ഒരു ശരിയായ പ്രതിബിംബമായി ഗണിക്കാവുന്നതാണ്.

1850-ൽ അദ്ദേഹം "അന്ത്യകാലവൃത്തം" എന്ന പേരോടുകൂടിയ ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു. ഇതിൽ അദ്ദേഹം ചില സ്ഥാപനങ്ങളേയും മിൽ മുതലായ ചില ഉല്പതിഷ്ണുക്കളേയും കഠിനമായി ആക്ഷേപിച്ചിരുന്നു. നീഗ്രോ അടിമകളുടെ മോചനം, കരാഗൃഹപരിഷ്കാരം, അക്കാലത്തെ തിരഞ്ഞെടുപ്പു, പ്രസംഗം മുതലായ അന്നത്തെ ചില രാഷ്ട്രീയവിഷയങ്ങളെ അദ്ദേഹത്തിനു സഹജമായ ഹാസ്യരസത്തോടുകൂടി ഇതിൽ ആക്ഷേപിച്ചിരുന്നു. ഇവരോട് തന്റെ അഭിപ്രായം തുറന്നു പറയാതെയും ഇരുന്നില്ല. ആക്ഷേപത്തിനു തീരെ അടിസ്ഥാനം ഇല്ലാതിരുന്നില്ല. അല്പം അധികമായി എന്നേയുള്ളു. ഇദ്ദേഹത്തിന്റെ ഈ ആക്ഷേപസ്വരം പ്രായമായതോടുകൂടി വർദ്ധിച്ചുവന്നു. എന്നാൽ ഇടക്കിടെ നിരാശയും തന്നെ ബാധിക്കാതിരുന്നില്ല. 1851-ൽ കാർലൈൽ തന്റെ പ്രിയസ്നേഹിതനായ ജാൺ സ്റ്റെർലിങ്ങിന്റെ ഒരു ജീവചരിത്രം പ്രസിദ്ധീകരിച്ചു. ഇതു് സാഹിത്യശില്പചാതുര്യത്തിനു് ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. ഈ ആണ്ടിൽതന്നെ കാർലൈൽ തന്റെ മൂന്നാമത്തെ ചരിത്രഗ്രന്ഥമായ "ഫ്രെഡറിക്ക് മഹാന്റെ ജീവചരിത്രം" എഴുതുവാൻ ആരംഭിച്ചു. ഫ്രെഡറിക്കിനെ ഒരാരാധ്യനായ വീരനായിട്ടല്ല അദ്ദേഹം ചിത്രീകരിച്ചിട്ടുള്ളതു്. ഫ്രെഡറിക്കിനെ അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന സാന്മാർഗ്ഗികതത്വത്തിനെ കവിഞ്ഞിരുന്ന ആർജ്ജവബുദ്ധിയുള്ള ഒരു ആളായിട്ടാണ് കാർലൈൽ വീക്ഷിച്ചതു്. കാർലൈൽതന്നെ ഇപ്രകാരം പറയുന്നു. "ഈ മനുഷ്യനു അദ്ദേഹം ജീവിച്ചിരുന്ന ശതാബ്ദത്തെപ്പോലെ അസത്യവാദിയും വേഷധാരിയുമാകാതിരിപ്പാൻ ഒരുവിധം സാധിച്ചു." കാർലൈലിനു് ജർമ്മൻസാഹിത്യത്തിലും ചരിത്രത്തിലും പ്രത്യേകം അഭിരുചിയുണ്ടായിരുന്നുവെന്നു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഫ്രെഡറിക്കിന്റെ ചരിത്രവും അതിനു് ഒരു ദൃഷ്ടാന്തമാണു്. ഈ ഗ്രന്ഥം എഴുതിത്തീർക്കുന്നതിനു് 14 കൊല്ലത്തെ താമസം വേണ്ടിവന്നു എന്നു് പറയപ്പെട്ടിരിക്കുന്നു. ഇതിനുണ്ടായ മനക്ലേശവും അദ്ധ്വാനവും ഒട്ടും ചില്ലറയായിരുന്നില്ല. മറഞ്ഞുകിടന്നിരുന്ന അനേകം സംഗതികളെ തിരഞ്ഞുപിടിച്ചു പരിശോധിച്ചു് ഉപയോഗപ്പെടുത്തുന്നതിനു ക്രാംവെല്ലിനെ ചിത്രീകരിച്ച കാർലൈലിനെപ്പോലെ പരിശ്രമിയും കുശാഗ്രബുദ്ധിയുമായ ഒരു മനുഷ്യനു മാത്രമെ സാധിക്കയുള്ളു. ക്രാംവെല്ലിന്റെ ചരിത്രം എഴുതുന്നതിനു് അദ്ദേഹം പല യുദ്ധരംഗങ്ങളും മററും നോക്കി കണ്ടതുപോലെ ജർമ്മനിയിലും ചരിത്രസംബന്ധമായ പല സ്ഥലങ്ങളും ഇദ്ദേഹം സ്വദൃഷ്ട്യാ സന്ദർശിച്ചു തന്റെ ചരിത്രചിത്രത്തിനു് ഉജ്ജ്വലതയും വൈശദ്യവും നൽകി. എന്നിന്, ഈ ഗ്രന്ഥത്തിനു ജർമ്മനിയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും ഒരുപോലെ പ്രചാരവും വിജയവും സിദ്ധിച്ചു. ഈ ഗ്രന്ഥം 1865-ൽ എഴുതിതീർന്നപ്പോൾ കാർലൈലിനു ഏകദേശം 70 വയസ്സായിരുന്നു. ഇതോടുകൂ

ടി അദ്ദേഹത്തിന്റെ പ്രധാനജോലിയും പൂർണ്ണമായി. ഈ ഗ്രന്ഥം "ഫ്രഞ്ചുവിപ്ലവത്തോളം രസാവഹമല്ലായിരുന്നുവെങ്കിലും ഇതരചരിത്രകാരന്മാരുടെ ഭാഷാരീതിയിൽനിന്നും വിഭിന്നമായ കാർലൈലിന്റെ വർണ്ണനാചാതുര്യവും അനിയന്ത്രിതമായ ഔജ്ജ്വല്യവും ഇതിൽ പ്രകാശിച്ചു കാണുന്നുണ്ട്. ഈ കൊല്ലത്തിൽതന്നെ കാർലൈലിന് എഡിൻബറൊസർവ്വകലാശാലയിലെ റെക്റ്റർ എന്ന മാന്യസ്ഥാനം ലഭിച്ചു. അടുത്ത ഏപ്രിൽമാസത്തിൽ "ഗ്രന്ഥങ്ങളുടെ ഗുണദോഷനിർണ്ണയം" എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം തന്റെ പ്രഥമപ്രസംഗം ചെയ്കയുണ്ടായി. കാർലൈയിൽ സ്ഥാനാരോഹണത്തിനായി എഡിൻബറോവിൽ താമസിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഹൃദ്രോഗം നിമിത്തം ഹൈഡ്പാർക്കിൽ വെച്ചു് പെട്ടെന്നു മൃതയായി എന്നുള്ള വർത്തമാനം കേട്ടു. ഇതു് അദ്ദേഹത്തിനു ഒരു അശനിപാതമായിരുന്നു. അന്നുമുതൽ അദ്ദേഹം ചൈതന്യഹീനനും സദാ ഖിന്നമാനസനുമായി ഭവിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സായാഹ്നം സുദീർഘമായിരുന്നു. എന്നാൽ അദ്ദേഹം ഏറക്കുറെ ആരോഗ്യഹീനനായിത്തന്നെ കഴിച്ചുകൂട്ടി. അദ്ദേഹത്തിന്റെ യശസ്സ് സുസ്ഥാപിതമായി കാണുന്നതിനും, അദ്ദേഹത്തിന്റെ റെക്റ്റർസ്ഥാനലബ്ധിയെപ്പറ്റി സന്തോഷിക്കുന്നതിനും മാത്രം ഭാഗ്യമെ അദ്ദേഹത്തിന്റെ സഹധർമ്മിണിക്കുണ്ടായിരുന്നുള്ളു. പത്നിയുടെ "ദിനവൃത്തം" നോക്കിയപ്പോൾ തന്റെ ശുണ്ഠിയും അവിവേകവും തന്നെയാണ് അവരുടെ കഷ്ടതയ്ക്കു പ്രധാനകാരണമായിരുന്നതെന്ന് കാർലൈൽ ഗ്രഹിച്ചു. പക്ഷെ അതു് അല്പം താമസിച്ചുപോയി. അദ്ദേഹത്തിന്റെ പശ്ചാത്താപം എളുപ്പത്തിൽ തീരുന്നതല്ലായിരുന്നു. അദ്ദേഹം പിന്നീട് പത്നിയുടെ എഴുത്തുകളും ഓർമ്മക്കുറിപ്പുകളും ശേഖരിച്ചു പ്രസിദ്ധീകരിക്കുന്നതിൽ വ്യാപരിച്ചിരുന്നു. അതിനുംപുറമെ തന്റെ "സ്മരണകളേ"യും എഴുതിത്തീർത്തു. ഇവയൊക്കെയും തന്റെ സ്നേഹിതനായ ഫ്റൌഡ്, കാർലൈലിന്റെ മരണശേഷം പ്രസിദ്ധീകരിച്ചു. ഇതാണ് തന്റെ പത്നിയുടെ ഓർമ്മയ്ക്കായി കാർലൈൽ സ്ഥാപിച്ച അനന്യസാധാരണമായ സാഹിത്യസ്മാരകം.

അദ്ദേഹത്തിന്റെ എഴുപത്തഞ്ചാമത്തെ വയസ്സിൽ തന്റെ ആശയങ്ങളേയും ചിന്തകളേയും ഉടനുടൻ രേഖപ്പെടുത്തുന്നതിൽ ഉത്സുകമായിരുന്ന വലത്തുകൈ സ്വാധീനമില്ലാതായിത്തീർന്നു. ഇതോടുകൂടിത്തന്നെ അനിതരസാധാരണശക്തിയോടും വിശിഷ്ടഫലത്തോടും കൂടി വേലചെയ്ത തന്റെ തൂലികയും നിർവൃതിയെ പ്രാപിച്ചു. പറഞ്ഞുകൊടുത്തെഴുതിക്ക എന്നതു് അദ്ദേഹത്തിനു അസാദ്ധ്യമായി തോന്നി. ശേഷിപ്പുള്ള അദ്ദേഹത്തിന്റെ ആയുഷ്കാലം ഒരുവിധം സ്വസ്ഥമായി കഴിച്ചുകൂട്ടി. 1874-ൽ അന്നത്തെ പ്രധാനമന്ത്രിയായ "ഡിസ്റയിലി" അദ്ദേഹത്തിന് ഒരു പ്രഭുസ്ഥാനം ന

ല്കുന്നതിന്ന് നിശ്ചയിക്കയും അതു സ്വീകരിക്കാൻ അപേക്ഷിക്കയും ചെയ്തു. എന്നാൽ കാർലൈൽ അതിനെ ഉപേക്ഷിക്കയാണു ചെയ്തതു്. അദ്ദേഹത്തിന്ന് ബാഹ്യങ്ങളായ സ്ഥാനമാനങ്ങളോട് ഒട്ടും തൃപ്തിയില്ലായിരുന്നു. അദ്ദേഹം ഫ്റൌഡും ഒന്നിച്ചു ദിവസവും വൈകുന്നേരം നടക്കാൻ പോയിരുന്നു. നടക്കാൻ നിവൃത്തിയില്ലാതെ ആയപ്പോൾ അദ്ദേഹവുമൊരുമിച്ചു വണ്ടിയിൽ സവാരിചെയ്തുംവന്നു. ചിലപ്പോൾ പുസ്തകപാരായണവും ചെയ്തിരുന്നു. ബൈബിളും ഷെക്സ്പീയറുമായിരുന്നു പ്രധാനമായി അദ്ദേഹം വായിച്ചുവന്നതു്. ഈശ്വരനിലും, ലോകവ്യാപാരങ്ങളിൽ ഈശ്വരന്റെ നിയന്ത്രണശക്തിയിലും അദ്ദേഹത്തിന്ന് പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഒരു പ്രത്യേകമതവിഭാഗത്തിലും ചേർന്നിരുന്നില്ല. 1881 ഫെബ്രുവരി 5-ാംതീയതി അദ്ദേഹം സമാധാനത്തോടുകൂടി ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹം മരണത്തിനുമുമ്പ് പ്രകടിപ്പിച്ച താല്പര്യം അനുസരിച്ച് അദ്ദേഹത്തിന്റെ ശവസംസ്കാരം ജന്മഭൂമിയായ എക്കിൾഫെക്കാൻ എന്ന സ്ഥലത്തുതന്നെ നടത്തപ്പെട്ടു. മരിക്കുമ്പോൾ അദ്ദേഹത്തിന്ന് 86 വയസ്സു കഴിഞ്ഞിരുന്നു. ഇതോടുകൂടി ആംഗ്ലേയസാഹിത്യനഭസ്സിൽ അത്യുജ്ജ്വലമായി ശോഭിച്ചിരുന്ന ഒരു തേജസ്സ് അസ്തംഗതമായി.

കാർലൈൽ പരേതനായിട്ട് ഇപ്പോൾ 50 കൊല്ലം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ആക്ഷേപത്തിന്നു ലാക്കായിരുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളും പ്രമാണങ്ങളും സമുദായനടപടികളും മററും ഇന്നും തീരെ മാഞ്ഞുപോയിട്ടില്ല. അന്ന് അസഹിഷ്ണുത പ്രദർശിപ്പിച്ച അദ്ദേഹം ഇന്നു ജീവിച്ചിരുന്നുവെങ്കിൽ ഏതുവിധത്തിൽ ഇവയോടു പോരാടുമായിരുന്നുവെന്ന് ഇപ്പോൾ പറവാൻ നിവൃത്തിയില്ല. ഏതായാലും അദ്ദേഹം നൽകിയ സന്ദേശം തീരെ വ്യർത്ഥമായി എന്ന് ഒരിക്കലും പറഞ്ഞുകൂട. അദ്ദേഹത്തിന്റെ ഗംഭീരശബ്ദത്തിന്റെ മാറെറാലി ഇന്നും തീരെ നിന്നുപോയിട്ടില്ലെന്നു പറയാം.

കാർലൈൽ ആകൃതിയിൽ ഉന്നതകായനും എന്നാൽ കൃശശരീരനും ആയിരുന്നു. അദ്ദേഹത്തിന്റെ മുഖം പ്രായേണ അപ്രസന്നവും, ചിന്താധിക്യംകൊണ്ട് ഏറക്കുറെ മ്ലാനവും, ഹാസ്യരസസൂചകവുമായും ഇരുന്നു. നയനങ്ങൾ സൂക്ഷ്മഗ്രഹണവിഷയത്തിൽ ഉദ്യുക്തങ്ങളോ എന്നു തോന്നുമാറ് സദാ പ്രകാശിച്ചുകൊണ്ടിരുന്നു. കാർലൈൽ ബാല്യത്തിൽതന്നെ തന്റെ മാതാപിതാക്കന്മാരിൽനിന്നും അധ്വാനം, സത്യസന്ധത, ഈശ്വരഭക്തി മുതലായവയുടെ മാഹാത്മ്യം ഒരിക്കലും മറക്കാത്ത വിധത്തിൽ ഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് അസാധാരണമായ സ്വഭാവശുദ്ധിയും, ഹാസ്യരസപ്രധാനമായ വാചാലത്വവും, കൃത്യനിഷ്ഠയുമുള്ള ഒരാളായിരുന്നു. മാതാവ് ദയാശീലയും, മനക്കരുത്തും, ഈശ്വരഭക്തിയും, സന്തൃപ്തിയും

കൊണ്ടു ശോഭിച്ചിരുന്ന ഒരു ഗുണവതിയായിരുന്നു. ഇവരിരുവരുടേയും സാന്നിദ്ധ്യത്തിലും ശിക്ഷണത്തിലും കാർലൈലും സുശിക്ഷിതനായി വളൎന്നുവന്നു. ബാല്യത്തിൽ ഗൃഹത്തിൽവച്ചു് അങ്കുരിച്ച ഈ സൽഗുണങ്ങൾ പ്രായമായപ്പോൾ അതിശക്തിയോടും ഫലവത്താകുംവണ്ണവും അദ്ദേഹത്തിന്റെ ലോകജീവിതത്തിൽ പ്രകാശിച്ചുവെന്നുള്ളതിന് അദ്ദേഹത്തിന്റെ വിവിധ കൃതികളും സാക്ഷീകരിക്കുന്നുണ്ടു്. അദ്ദേഹത്തിനു അല്പം ചില ദോഷങ്ങളും ഇല്ലാതിരുന്നില്ല. അന്യന്മാരെപ്പററി അദ്ദേഹത്തിന് അല്പം പുഛം ഉണ്ടായിരുന്നു. അതു ചിലപ്പോൾ പുറത്തു പറയുകയും കാണിക്കുകയും ചെയ്തുവന്നു. മിൽ, ചാറൽസ് ലാംബ്, വേർഡ്സ്വത്ത് ഇവരെക്കുറിച്ചു കാർലൈൽ വരച്ചിട്ടുള്ള ചിത്രങ്ങൾ ആക്ഷേപരസംകൊണ്ടു് അല്പം മലിനങ്ങളായിരുന്നുവെന്ന് പറയപ്പെട്ടിരിക്കുന്നു. എന്നാൽ വാസ്തവം ഗ്രഹിക്കുന്ന ക്ഷണത്തിൽ തന്റെ തെററിനെ സമ്മതിച്ചു ക്ഷമായാചനം ചെയ്യുന്നതിന് അദ്ദേഹത്തിനു മടിയില്ലായിരുന്നു. അല്പമായ ദോഷത്തോടുകൂടി അദ്ദേഹത്തിന് അനേകം ഗുണങ്ങളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഔദാൎയ്യം സുപ്രസിദ്ധമായിരുന്നു. അദ്ദേഹം തന്റെ രണ്ടു സഹോദരന്മാരെ തൊഴിലിൽ പ്രവേശിപ്പിക്കുന്നതിനു വേണ്ട ധനസഹായം ചെയ്തുകൊടുത്തു. അദ്ദേഹത്തിന്റെ കുടുംബസ്നേഹം നിഷ്കളങ്കമായിരുന്നു. ധനവിഷയത്തിൽ അദ്ദേഹത്തിന് നല്ല നോട്ടവും കണിശവും ഉണ്ടായിരുന്നു. ഹൃദയശുദ്ധിയും സ്വാശ്രയശീലവും സത്യസന്ധതയും അദ്ദേഹത്തിന്റെ പ്രശസ്തഗുണങ്ങളായിരുന്നു. ഏതുതരം കാപട്യത്തോടും, ശൂന്യഗർഭങ്ങളായ പ്രസ്ഥാനങ്ങളോടും അദ്ദേഹത്തിനു വലിയ വെറുപ്പുണ്ടായിരുന്നു. എന്നാൽ ആൎജ്ജവം ത്യാഗം മുതലായ യഥാൎത്ഥഗുണങ്ങൾ ഉള്ളിടത്തു് അദ്ദേഹത്തിനു നിർവ്യാജമായ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. ഡാക്ടർ ജാൺസൺ, ക്രാംവെൽ, ഷെക്സ്പീയർ, ലൂത്തർ, ബറ്ൻസ്, മഹമ്മദുനിബി, നാക്സ് മുതലായ നിഷ്കപടഹൃദയന്മാരായ മഹാന്മാരെക്കുറിച്ചു് അദ്ദേഹത്തിന് അതിരററ ബഹുമാനം ഉണ്ടായിരുന്നുവെന്നു് അദ്ദേഹത്തിന്റെ ഇവരെപ്പററിയുള്ള ഉപന്യാസങ്ങൾതന്നെ തെളിയിക്കുന്നു. കാർലൈൽ തന്റെ വിചാരങ്ങളേയും വികാരങ്ങളേയും മറച്ചുവയ്ക്കാതെ സധൈൎയ്യം വെളിപ്പെടുത്തുന്ന സ്വഭാവം ഉള്ള ഒരാളായിരുന്നു. സത്യത്തിൽനിന്നും സ്വാഭിമാനത്തിൽനിന്നും ഒരിക്കലും അദ്ദേഹം രേഖാമാത്രം വ്യതിചലിച്ചിട്ടില്ല. അദ്ദേഹം ലോകത്തെ വീക്ഷണംചെയ്തതു് ഒരു തത്വജ്ഞാനിയുടെ ദൃഷ്ടികൊണ്ടാണ്. ആളുകളേയും സ്ഥാപനങ്ങളേയും അദ്ദേഹം നിഷ്ദാക്ഷിണ്യമായി പരിശോധിച്ചതിനു ശേഷമേ അഭിപ്രായം പുറപ്പെടുവിക്കാറുള്ളു. അന്തസ്സാരമില്ലാത്തവയെ ആക്ഷേപിക്കുന്നതിനും നിൎദ്ദയം ഹസിക്കുന്നതിനും അദ്ദേഹം

ഒട്ടും മടിച്ചില്ല. ഇതു പലക്കും വിരോധത്തിനു ഹേതുവായിത്തീൎന്നിട്ടുണ്ട്. ബാഹ്യമോടിയിൽ അദ്ദേഹം ഒട്ടും ഭ്രമിക്കുന്ന ആളല്ലായിരുന്നു. ഇതുനിമിത്തം പലക്കും അദ്ദേഹത്തോട്ട് രസക്കേടുണ്ടാകാൻ ഇടയായിട്ടുണ്ട്. ആക്ഷേപങ്ങൾക്കടിസ്ഥാനം അല്പം ഉണ്ടായിരിക്കാമെങ്കിലും അതു പ്രായേണ കുറെ കടന്നുപോയി എന്നാണ് പലരുടേയും അഭിപ്രായം.

ഒരു ചരിത്രകാരൻ എന്ന നിലയിൽ കാർലൈൽ ഇതരന്മാരിൽനിന്നും ഒരന്യാദൃശമായ സ്ഥാനം വഹിക്കുന്നുണ്ട്. കേവലം കഥനരീതിയിലല്ല അദ്ദേഹത്തിൻെറ ചരിത്രരചന. അദ്ദേഹത്തിൻെറ ചരിത്രഗ്രന്ഥങ്ങളിൽ സംഭവങ്ങളുടേയും പ്രവൎത്തകന്മാരുടേയും ജാജ്വല്യമാനങ്ങളായ ആലേഖ്യങ്ങളാണ് അദ്ദേഹം വരച്ചിരിക്കുന്നത്. സംഖ്യയില്ലാത്ത രേഖകൾ പരിശോധിച്ചതിൻെറ ഫലമായി തൻെറ ഉള്ളിൽ അനൎഗ്ഗളമായി തോന്നിക്കൊണ്ടിരുന്ന അഭിപ്രായങ്ങളെ ക്രമപ്പെടുത്താൻ ശ്രമിക്കാതെ അതേപടി പുറത്തേക്കു തള്ളുകയാണു ചെയ്തിട്ടുള്ളത്. വായനക്കാർ ശ്രമംചെയ്തു അവയെ ഗ്രഹിച്ചുകൊള്ളട്ടെയെന്നാണ് ഉദ്ദേശം. സംഗതികളേയും പുരുഷന്മാരേയും അവയുടെ യഥാൎത്ഥവലിപ്പത്തിലും ഗൗരവത്തിലും കാണിക്കുന്നതിൽ അദ്ദേഹം സമർത്ഥനായിരുന്നു. അദ്ദേഹത്തിൻെറ ചരിത്രഗ്രന്ഥങ്ങളാകട്ടെ, മററുള്ളവയാകട്ടെ എല്ലാം ഉത്തമസാഹിത്യങ്ങൾ കൂടിയാണെന്നു പറയേണ്ടിയിരിക്കുന്നു. കാർലൈലിൻെറ ഭാഷാരീതി ഒന്നു പ്രത്യേകം തന്നെയാണല്ലോ. അതു് ഇന്നും അനുകരണീയമായിത്തന്നെ ഇരിക്കുന്നു. അദ്ദേഹം പദങ്ങളേയും വാചകങ്ങളേയും മററു ഇതരസാഹിത്യകാരന്മാരെപ്പോലെ ശാണോല്ലേഖനം ചെയ്തോ തോലനംചെയ്തോ അല്ല പ്രയോഗിച്ചിരിക്കുന്നതു്. അവ അദ്ദേഹത്തിൻെറ ഉള്ളിൽ തിക്കിത്തിരക്കികൊണ്ടിരിക്കുന്ന ചിന്തകളുടേയും വികാരങ്ങളുടേയും അക്ഷമയോടുകൂടിയുള്ള നിൎഗ്ഗമനമാണ്. ചിലപ്പോൾ ഒരൊററപദമൊ, ചിലപ്പോൾ ഒരു വാക്യഖണ്ഡമൊ ഒരു പൂൎണ്ണവാചകത്തിൻെറ സ്ഥാനം വഹിക്കുന്നു. അന്വയവും വ്യാഖ്യാനവും മററും വായനക്കാൎക്കു വിട്ടുകൊടുത്തിരിക്കയാണ്. കാർലൈലിൻെറ ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിന് സാമാന്യമായ ചിന്ത കൂടാതെ ആൎക്കും സാധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ഇതിൽ നാം വ്യയംചെയ്യുന്ന സമയം ഒരിക്കലും നിഷ്ഫലമാകയുമില്ല. കാർലൈലിൻെറ ഗ്രന്ഥങ്ങൾ വായിക്കയല്ല പഠിക്കയാണുവേണ്ടതു്. ഇദ്ദേഹത്തെ അനുകരിച്ചിട്ടുള്ളതായി ആരെങ്കിലും ഉണ്ടെങ്കിൽ അതു് ഒരാൾ മാത്രമേയുള്ളു. അതു് ഇദ്ദേഹത്തിൻെറ ശിഷ്യനും സുഹൃത്തുമായ എമെഴ്സൺ എന്ന അമേരിക്കൻ ഗ്രന്ഥകാരൻ ആകുന്നു. കാർലൈലിൻെറ ഭാഷാരീതിയെ അനുകരിക്കുന്നതിനുള്ള പ്രയാസത്തിൻെറ കാരണം, അതു് തീക്ഷ്ണചിന്തകളുടേയും ശ

ക്തിമത്തുകളായ വികാരങ്ങളുടേയും പ്രതിബിംബമാണെന്നുള്ളതു തന്നെയാ ണ്. അദ്ദേഹം ചിന്തയുടെ തൈക്ഷ്ണ്യംകൊണ്ടും വികാരത്തിന്റെ ശക്തികൊണ്ടും അഭിപ്രായങ്ങളുടെ ഭിന്നത്വം കൊണ്ടും ഭാഷാരീതിയുടെ അസാധാരണത്വംകൊണ്ടും സാമാന്യജനങ്ങളിൽനിന്നും ഉയൎന്നും വിദൂരവുമായ ഒരു സ്ഥാനത്തു നില്ക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ യഥാൎത്ഥയോഗ്യതയും മാഹാത്മ്യവും മനസ്സിലാക്കി ബഹുമാനിക്കുന്നത് എല്ലാവൎക്കും സാധിക്കുന്ന കാൎയ്യമല്ല. തേജോമയനും വിദൂരസ്ഥനുമായ സൂൎയ്യനെ നാം വന്ദിക്കുന്നതുപോലെ നമുക്ക് ഇദ്ദേഹത്തേയും വന്ദിക്കാം.

കാർലൈൽ തന്റെ അഗാധമായ പാണ്ഡിത്യംകൊണ്ടും അപാരമായ ജ്ഞാനംകൊണ്ടും അസാധാരണമായ ബുദ്ധിശക്തികൊണ്ടും സ്വഭാവശുദ്ധികൊണ്ടും സന്മാൎഗ്ഗനിഷ്ഠകൊണ്ടും തന്റെ സമകാലീനജനതയ്ക്ക് ഉപദേഷ്ടാവായിരിക്കാൻ യോഗ്യനായിരുന്നു. അദ്ദേഹം വസ്തുക്കളുടേയും ആളുകളുടേയും ബാഹ്യമോടിയും മിനുക്കവുംകൊണ്ടു സംതൃപ്തനാകാതെ അവയുടെ ആഭ്യന്തരവും യഥാൎത്ഥവുമായ സ്ഥിതി ഗ്രഹിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും കാപട്യത്തോടും അസത്യത്തോടുമുള്ള നിരന്തരസമരമായിരുന്നു. ഈ സമരത്തിൽ തന്റെ വാങ്മയാസ്ത്രമേല്ക്കാത്തവർ ചുരുക്കമാണ്. ലോകത്തിൽ സ്വാൎത്ഥപ്രതിപത്തിയും ഭൌതികഭോഗലോലുപതയും അനാശാസ്യമായ വിധത്തിൽ വൎദ്ധിക്കുന്ന ഘട്ടങ്ങളിൽ അതിനെ തടയുന്നതിന് ഇടയ്ക്കിടെ ഇപ്രകാരമുള്ള ത്യാഗികളുടെ അവതാരം അത്യാവശ്യമാണ്. ഇങ്ങനെയല്ലായിരുന്നുവെങ്കിൽ നാം നമ്മുടെ മുമ്പിൽ ഇന്നു കാണുന്ന ലോകം വേറൊരു വിധത്തിലായിരിക്കുമായിരുന്നു. ലോകത്തിൽ ശക്തിയും എതിർശക്തിയും സദാ വ്യാപരിക്കുന്നുണ്ട്. അതിന്റെ ഫലമാണ് നാം ഇന്നു കാണുന്ന ലോകസ്ഥിതി. കാർലൈൽ തന്റെ ചുററുമുള്ള ലോകത്തെ എങ്ങിനെ എത്രമാത്രം നിയമനം ചെയ്തുവെന്ന് ഇപ്പോൾ നിശ്ചയിക്കാൻ പാടില്ല. എങ്കിലും ജീവിതത്തിന് ഒരാത്മീയവശംകൂടി ഉണ്ടെന്ന് അദ്ദേഹം കാണിച്ചുകൊടുത്തു എന്ന് പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ജീവിതം നാനാമുഖങ്ങളോടുകൂടിയ ഒന്നായിരുന്നതുകൊണ്ട് ഏതുതരം വായനക്കാൎക്കും ഏതെങ്കിലും ഒന്നു ഗ്രഹിക്കാതിരിക്കാൻ തരമില്ല.

# പിങ്ഗള.

## (ഒരു വിചിന്തനം)

(കെ. ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ.)

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം?"

ഇതുതന്നെയാണ് ലോകത്തിലെ സാമാന്യനീതി. എങ്കിലും ദീർഘകാലം അപഥചാരികളായിരുന്നതിന്റെ ശേഷം ആകസ്മികമായി ധർമ്മപഥത്തിലേക്കു വ്യതിയാനംചെയ്തു സദ്വൃത്തിസമ്പന്നരായി കാലക്ഷേപം നയിക്കുന്ന ചിലരെ അപൂർവമായിട്ടെങ്കിലും നാം കാണാറുണ്ടല്ലോ. വിഖ്യാതനായ മേല്പത്തൂർ നാരായണഭട്ടതിരി ഇങ്ങനെയുള്ള ഒരു വിശിഷ്ടനായിരുന്നു എന്നാണ് അദ്ദേഹത്തെക്കുറിച്ചുള്ള ഐതിഹ്യം. പൂർവപുണ്യവൈഭവമെന്നല്ലാതെ ഈ ദൃശമായ ആത്മീയപരിവർത്തനത്തിനു പ്രത്യക്ഷമായ യാതൊരു കാരണവും പറയാവുന്നതല്ല. ഇപ്രകാരം അധ്യാത്മജ്ഞാനം സിദ്ധിച്ചു ജീവന്മുക്തകളായിത്തീർന്ന രണ്ടു സ്ത്രീകളുടെ കഥ— ഒന്നു ക്രിസ്തീയബൈബിളിലും മറ്റൊന്നു ഹൈന്ദവപുരാണങ്ങളിലും —കീർത്തിക്കപ്പെട്ടിരിക്കുന്നു. മഗ്ദലനാമറിയവും പിങ്ഗളയും ചാരിത്രവിക്രയത്താൽ കുന്നുപോലെ ധനവും പാപവും ആർജ്ജിച്ചു മദോദ്ധതകളായി വർത്തിച്ചിരുന്ന രണ്ടു വേശ്യമാരായിരുന്നു. അങ്ങനെയിരിക്കെ മറിയം ഒരിക്കൽ അതീതവൃത്തത്തെക്കുറിച്ചു അകാണ്ഡതാഡിതമായ നിർവേദാതിരേകത്താൽ പീഡിതയായിത്തീരുകയും, അപ്പോൾ ശീമോൻ എന്ന യഹൂദപ്രഭുവിന്റെ ആതിത്ഥ്യം സ്വീകരിക്കാനായി അയാളുടെ ഗൃഹത്തിൽ എഴുന്നള്ളിയിരുന്ന യേശുദേവന്റെ സന്നിധിയിൽ പ്രവേശിച്ചു തന്റെ പാപഭാരത്തെ ആ ദിവ്യപുരുഷന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ചു മുക്തിസാധകമായ ധന്യജീവിതത്തെ കൈക്കൊള്ളുകയും ചെയ്തു. ഈ കഥയെ വള്ളത്തോൾ നാരായണമേനോനവർകൾ മഗ്ദലനമറിയം എന്ന ഖണ്ഡകാവ്യത്തിൽ അന്യാദൃശമായ സ്വാരസ്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നു. ഭാഗവതപ്രോക്തമായ പിങ്ഗളോപാഖ്യാനത്തെ അധികരിച്ചു ഉള്ളൂർ പരമേശ്വരയ്യരവർകൾ രചിച്ചിട്ടുള്ള 'പിങ്ഗള' എന്ന ഖണ്ഡകാവ്യത്തെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കാൻ പോകുന്നത്.

"സംകേതോപജീവിനി"യായ പിങ്ഗള വിദേഹനഗരത്തിൽ വസിച്ചിരുന്നു. ഒരുദിവസം രാത്രിയിൽ അവൾ കാന്താർത്ഥിനിയായി ഗ്രാ

മവീഥിയിലുള്ള തൻെറ പടിവാതുക്കൽ വളരെനേരം നിന്ന എങ്കിലും അന്ന് ആ വഴിവന്ന പുരുഷന്മാരെല്ലാം അവളെ നോക്കാതെ കടന്നുപോകയാണുണ്ടായത്. അപ്പോൾ,

തസ്യാവിത്താശയാശുഷ്യ-
ദ്വക്ത്രായാദീനചേതസഃ
നിർവേദഃപരമോജജ്ഞേ
ശാന്തിഹേതുസ്സുഖാവഹഃ.

എന്നാണ ഭാഗവതത്തിൽ പറയുന്നതു്. ഇപ്രകാരം ഉണ്ടായ നിർവേദത്താൽ ധന്യയായിത്തീൎന്ന ആ ഗണികയുടെ മനസ്സ് ജുഗുപ്സിതമായ വേശ്യാവൃത്തിയിൽനിന്ന വിരമിച്ച് ഈശ്വരവിചാരത്തിൽ ലയിക്കയും, "ആശാഹി പരമംദുഃഖം നൈരാശ്യം പരമംസുഖം" എന്നിങ്ങനെ സമാധാനപ്പെട്ടു തൃഷ്ണയെ ഉപേക്ഷിച്ച് ആ പിശാചിയുടെ സ്ഥാനത്തിൽ നിഷ്കാമഭക്തിയെ വരിച്ച് സ്വസ്ഥയായി സുഖനിദ്രയെ പ്രാപിക്കയുംചെയ്തു. ഇതാണ് ഭാഗവതം ഏകാദശസ്കന്ധത്തിൽ വിവരിച്ചിട്ടുള്ള പിങ്ഗളാവൃത്താന്തം.

അല്പമായ ഈ ഇതിവൃത്തത്തെ വികസിപ്പിച്ച് അൎത്ഥപുഷ്ടി, ഉല്ലേഖവൈചിത്ര്യം, അലങ്കാരമാധുരി മുതലായ വിശിഷ്ടഗുണങ്ങളോടുകൂടി മി: പരമേശ്വരയ്യർ രചിച്ചിട്ടുള്ള ഈ ഖണ്ഡകാവ്യം സഹൃദയന്മാരെ അത്യന്തം ആനന്ദിപ്പിക്കമെന്നുള്ളതിന് സംശയമില്ല. വിദേഹനഗരത്തിൻെറ പുരാതനമഹിമ, പിങ്ഗളയുടെ ജഗജ്ജയിയായ രൂപലാവണ്യം, ചിത്രാപൗൎണ്ണിമനിശയിൽ വസന്തശ്രീയുടെ കാമോദ്ദീപകമായ സുഷമാവിലാസം, അവളുടെ തൃഷ്ണാഗവ്ങ്ങളുടെ പരമാവസ്ഥ, "മിഷ്ടാന്നമുണ്ണേണ്ടപൊന്നോണനാളി"ലെ ശുദ്ധോപവാസയോഗം നിമിത്തം ഉദ്വേഗമരമായ ആ ഗണികാരത്നത്തിനുണ്ടായ ആശാഭംഗം, അതിനെത്തുടൎന്നുണ്ടായ നിർവേദനൈരാശ്യങ്ങൾ, അവസാനമായി അവൾക്ക സിദ്ധിച്ച ശാന്തിപദലാഭം ഇതെല്ലാം പ്രശസ്തമായ സന്ദർഭശുദ്ധിയോടും സാമഗ്രമായ രസസ്ഫൂൎത്തിയോടും കൂടി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. കവിയുടെ നാനാമുഖമായ ഭാവനാവിലാസത്തിനും മനോധൎമ്മചാതുരിക്കും ഈ വൎണ്ണനകൾ മതിയായ സാക്ഷ്യങ്ങളത്രെ.

"സൎവാങ്ഗഭംഗിക്കുസങ്കേതഭൂമിയായ്;
യൗവനലീലയ്ക്കു വാരുണിയായ്;
ലാവണ്യലക്ഷ്മിക്ക വിഭ്രമദോലയായ്,
ഭാവഹാവാദിച്ചു കൂത്തരങ്ങായ്;
പാരിന്നുവേധസ്സിൻ സ്ത്രീസൃഷ്ടികൗശല-
പാരമ്യംകാണിക്കം ദീപികയായ്;
ശൃങ്ഗാരഃമന്ദുവാൻ പൂമകൾ നില്ക്കമ-
ശ്ശൃംഗാരാധിഷ്ഠാനദേവതയാൾ,

വാസന്തിപ്പൂചൂടി വാരസ്ത്രീമൗലിയായ്;
വാസന്തശ്രീതന്നെ വാച്ചമട്ടിൽ,
ആരാവിൽതന്മണി ഹർമ്മ്യത്തിൽമിന്നുന്നു
മേരുവിലപ്സരസ്സെന്ന പോലെ."

ഇങ്ങനെയാണ് പിങ്ഗളയെ കവി വായനക്കാരന്റെ ദൃഷ്ടിപഥത്തിൽ അവതരിപ്പിക്കുന്നത്. യാജ്ഞവൽക്യാദ്ദാലകാദിസേവ്യനായ ജനകരാജർഷിയുടെ ആ നഗരത്തിൽ--ഭാരതഭൂമിയുടെ ഉജ്ജ്വലധർമ്മദീപമായ സാക്ഷാൽ സീതാദേവിയുടെ പാദസ്പർശത്താൽ പാവനമായ ആ നഗരവീഥിയിൽ-ഈ "കാശിന്നു മെയ് വില്ക്കുംതേവിടിശ്ശി" എങ്ങനെ കടന്നുകൂടി.?

"ദുഗ്ദ്ധമിരുന്നതാമധ്വരപാത്രത്തിൽ
മദ്യമിതെങ്ങനേവന്നുചേന്നു.?"

എന്നിങ്ങനെ കവി ഖേദിക്കുന്നു എങ്കിലും "ദുർല്ലളിതോല്ലാസി"യായ ദൈവത്തിന്റെ താറുമാറാണെന്ന് ആദ്യം സമാധാനപ്പെടുന്നതുപോലെ തോന്നുന്നു. പക്ഷെ ചിന്താശീലനായ ഒരാൾക്ക് ഇതെത്ര ക്ഷുദ്രമായ സമാധാനം.! വിവേകശൂന്യനായ ഒരീശ്വരൻ നിയമരഹിതമായി ഈ പ്രപഞ്ചത്തെ വ്യാപരിപ്പിക്കുന്നു എന്നോ? കഷ്ടം. മനോദൃഷ്ടിയെ വികസിപ്പിച്ച് സൂക്ഷ്മമായി അവലോകനം ചെയ്യുക. ഈ ലോകത്തിൽ നന്മക്കും തിന്മക്കും സീമയുണ്ട്. ആ സീമയെ കടന്നു യാതൊന്നും മെച്ചമായൊ വഷളായൊ തീരുന്നില്ല. അരസമ്മിശ്രവും കേവലവുമായ നന്മ പ്രപഞ്ചകത്താവിലല്ലാതെ പ്രപഞ്ചത്തിൽ ഒരിടത്തും ഇല്ലന്നല്ലെ തത്വവേദികൾ പറയുന്നത്.? എന്നു മാത്രമല്ല, നിശ്ചിതമായ സീമയ്ക്കുള്ളിൽ ഗുണദോഷങ്ങൾ കലന്നാണു ചരാചരങ്ങളിലും വ്യക്തിജാതികളിലും സ്ഥാപനങ്ങളിലും സംഭവങ്ങളിലും എല്ലായിടത്തും നാം കാണുന്നത്. അലംഘ്യമായ ഈ നീതിയെ അനുസരിച്ചാണ് സീതാദേവിയുടെ പിൻകാലത്തിൽ വിദേഹനഗരം പിങ്ഗളയുടെ ജന്മഭൂമിയായിത്തീന്നതെന്ന് നമ്മുടെ കവിതിലകൻ ഇപ്രകാരം സരസമായി ഉൽപ്രേക്ഷിക്കുന്നു.

"അതുയ്ക്കുസീതയാൽ വിണ്ണോളംപൊങ്ങിന
പൃഥ്വിയെപ്പിന്നെയും സ്വസ്ഥിതിയിൽ
നിത്തുവാൻലോകേശൻ വച്ചതുമാവാംത-
ന്മസ്തകത്തിങ്കലീവേശ്യാഭാരം."
ഖേയത്തിൻസാന്നിദ്ധ്യം കോട്ടയ്ക്കുചുററുംതാൻ
ച്ഛായയോടൊത്തുതാൻ വസ്തുനിൽപ്പൂ;
ചാലവേ രാപകലൊന്നിടവിട്ടുതാൻ
കാലപ്പൂമാലയിൽ കോർപ്പൂദൈവം.

അനന്തരം പിങ്ഗളയുടെ കാന്തിവിശേഷത്തെ സമഷ്ടിയായി വർണ്ണിച്ചിട്ടുള്ളതിന്റെ ആശയഗതിയും ആഖ്യാനരീതിയും ചെറുശ്ശേരിയെ നല്ലവണ്ണം അനുസ്മരിപ്പിക്കുന്നതാണ്.

"ആനങ്ഗബാണങ്ങൾക്കുള്ളിലേമാനുഷ
മാനസകമ്മണചൂർണ്ണയോഗം
പീയൂഷയൂഷത്തിൽ ചാലിച്ചൊനാന്മുഖ-
നായൊഷാരത്തിൻ മൂർത്തിതീർത്തു?.

അപ്പുതുവല്ലരി താരുണ്യചൈത്രത്തിൻ
വിഭ്രമപുഷ്പങ്ങളെന്നണിഞ്ഞു;
അന്നപാന്ഥങ്ങളെത്തികാലദേശാഭിജ്ഞൻ
കന്ദർപ്പൻദിഗ്ജയബദ്ധദീക്ഷൻ.

വൈദേഹസാമ്രാജ്യംവാഴേണ്ടോൻതന്നെയാ
ണാദേഹശൂന്യനാമാത്മയോനി;
ത്ര്യംബകകാർമ്മുകംപൊയ്പ്പോകെമറെറാന്നും
തൻപ്രതിബന്ധത്തിന്നില്ലതാനും."

പൂർവ്വകവിസങ്കേതങ്ങളെ മിക്കവാറും അനുകരിച്ചുതന്നെ 24-ാംപാട്ടിൽ പിങ്ഗളയുടെ പ്രത്യംഗവർണ്ണനം ചെയ്തതിന്റെ ശേഷം അന്യത്ര ആ അവയവങ്ങളെ ജുഗുപ്സാപൂർവ്വം ഉൽപ്രേക്ഷണം ചെയ്തിരിക്കുന്നതിന്റെ സ്വാരസ്യം എത്രയോ ഹൃദയംഗമമായിരിക്കുന്നു.!

"ആധമ്മപ്പുങ്കാവിൻഭാവാഗ്നിധൂമമാം
മൂർദ്ധജപാശത്തിൻകാളിമയും;
അപ്പാപവ്യാളത്തിൻ നിർമ്മോകഖണ്ഡമാ-
മല്പാല്പഹാസത്തിൻ പാണ്ഡിമയും;
ആമഷിനഞ്ഞണികൺകടക്കൂരമ്പിൻ
ധീമർമ്മഭേദികളുംതീക്ഷ്ണതയും;
ആവിശപാവെന്നുവെന്നാനന്ദിച്ചാടിടും
ഭ്രൂവല്ലിച്ചോർവില്ലിൻവക്രതയും;
ആദുഷ്ടചേതസ്സിന്നാദർശമായിടും
മാർത്തടപ്പൊൽക്കുന്നിൻകാഠിന്യവും;
ആമന്നിൻ പാതാളനിശ്രേണിയായിടും
രോമാളിതൻ കരിമ്പാമ്പൊളിയും;
കണ്ടിട്ടുംകൊണ്ടിട്ടുമങ്ങുതാൻപോയ്ക്കിണാർ
പണ്ഡിതശ്രേഷ്ഠരും മേഷമൂഢർ"

ആദ്യത്തെ വർണ്ണനയിൽ കമനീയമായി തോന്നിയ ആ രൂപവിശേഷം ഇ

പ്പോൾ എത്ര കരാളമായിരിക്കുന്നു എന്നു നോക്കുക. ഇതാണ് സാക്ഷാൽ കവികൾക്കു മാത്രം വശംവദമായ ഭാവനാശക്തിയുടേയും വാഗ്വിലാസത്തിന്റെയും വൈഭവം. അധർമ്മചാരികൾക്ക് അമൃതോപമവും ധർമ്മതല്പരന്മാർക്ക് കാകോളദാരുണവുമായ ആകൃതിസൗന്ദര്യത്തെ മാത്രമല്ല, ആ ശരീരത്തെ അധിവസിക്കുന്ന ഉഗ്രമൂർത്തിയേയും കവി നമുക്ക് കാണിച്ചുതരുന്നു.

"ആഹ! മഹാർഹമാമത്തങ്കക്കൂട്ടിലൊ-
രീഹാമൃഗാങ്ഗനയല്ലീവാഴ്‌വൂ?
ഏതെല്ലാം ബ്രഹ്മാണ്ഡംതിന്നാലും മേല്ക്കുമേൽ
സ്വാദരം ക്ഷുൽക്ഷാമം ശൂന്യാൽശൂന്യം;
അത്തരമുള്ളൊരു തൃഷ്ണയാണൊരുക് മ-
ചൈത്യത്തിൻ ചാമുണ്ഡി, സംഹർത്രി".

പിങ്ഗളയുടെ രൂപസമ്പത്തിയും വേഷഭൂഷാദികളും വർണ്ണിച്ചിരിക്കുന്നതു് വായിക്കുമ്പോൾ കവിക്കുതന്നെ തൃതീയപുരുഷാർത്ഥത്തിൽ ഏകാന്തപക്ഷപാതിത്വമുണ്ടെന്നു് ശങ്കിച്ചുപോകുമെന്നു പറഞ്ഞാൽ അതു് എന്നിൽ ഒരു മഹാപരാധമായി ആരും ഗണിക്കരുതേ. ഈ വർണ്ണനകളുടെ പ്രസാദമാധുര്യങ്ങളും തന്മയത്വവും അത്ര ഹൃദയാവർജ്ജകമായിരിക്കുന്നു എന്നു മാത്രമേ വിവക്ഷയുള്ളു. എന്നാൽ ഇതിനോടെല്ലാം ചേർന്നുതന്നെ കവിയുടെ ഹൃദയാന്തരത്തിൽനിന്നു പുറപ്പെടുന്ന വേശ്യോപാലംഭവും വിടോപാലംഭവും വായിച്ചാൽ അദ്ദേഹം വിഷയവിമുഖനായ ഒരു മുമുക്ഷുവാണെന്നുതന്നെ തോന്നിപ്പോകും. ഊർജ്ജസ്വലമായ കാവ്യഭാഷയിൽ ഗ്രഥിതവും അതികർക്കശവുമായ ഈ ഭർത്സനം വായനക്കാർക്ക് അനർഘമായ സന്മാർഗ്ഗോപദേശത്തെ നല്കുന്നതാണ്. വിവിധവിഷയങ്ങളും കവിയുടെ ഭാവനാദർപ്പണത്തിൽ അപ്രതിഹതമായി പ്രതിഫലിക്കുന്നതാണല്ലോ. വിസ്തരശങ്കയാൽ ആ പാട്ടുകളെ ഇവിടെ ഉദ്ധരിക്കുന്നില്ല.

അനന്തരം ചിത്രാപൗർണ്ണമിജ്യോത്സ്നിയുടെ കാമനീയകത്തെ സാക്ഷാൽകരിക്കുന്നതായ ഒരു വർണ്ണനയോടുകൂടി കവി കഥാഭാഗത്തിൽ പ്രവേശിക്കുന്നു.

"അത്തരമന്നിശമർത്ത്യരെമേൽക്കുമേൽ
തദ്രതിക്കുന്മുഖരാക്കിടവെ;
മാനുഷചിത്തമാമുന്മത്തദന്തിയെ-
ച്ചേണുററമൈരേയമൂട്ടീടവേ;"

"പഞ്ചേന്ദ്രിയാമൃതപാനപാത്ര"മായ ആ ഗണിക അലങ്കാരമോടികളാൽ തന്റെ നൈസർഗ്ഗികലാവണ്യത്തെ തഴപ്പിച്ചു്, വാസകസജ്ജികയായി "തൻദർപ്പതുല്യമാം സൌധത്തിങ്കൽ" വസിക്കുന്നു. എന്നാൽ പിങ്ഗളയുടെ പൂർവ്വജന്മസുകൃതം ഫലോന്മുഖമായിത്തീർന്നിരിക്കുന്ന ആ വിശിഷ്ടരജനി

യി കാമുകന്മാർ ആരുംതന്നെ അവളുടെ പടിക്കകത്തു കടക്കുന്നില്ല. പക്ഷെ ഈ ദൈവരഹസ്യത്തെ അറിഞ്ഞിട്ടില്ലാത്ത പിങ്ഗള ഇതിനെ ഒരു യദൃച്ഛാസംഭവമായി ഗണിക്കുന്നതേ ഉള്ളു.

"കാലമൊ ചൈത്രത്തു; രാത്രിയോ പൌർണ്ണിമ;
കാമനോ കർണ്ണാന്തകൃഷ്ടചാപൻ;
ചേണെഴും താരകത്തുമലർ ചിന്തിന
വാനമാം നീലക്കൽമഞ്ചത്തിൻമേൽ,
യാമിനി–സൗഭാഗ്യശാലിനി–പീയൂഷ–
ധാമാവാം പ്രിയനോടൊത്തുവാഴ്‌വൂ!"

തത്താദൃശമായ മന്മഥസ്വാമിയുടെ പള്ളിവേട്ട സമയത്തു്, തന്നെ അഭയം പ്രാപിക്കേണ്ട പുച്ഛവിഷാണശൂന്യരായ ആ പശുക്കളെല്ലാം എങ്ങോട്ടുപോയി എന്നു് അവൾ ആശ്ചര്യപ്പെടുന്നു. തൻെറ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിച്ചു് മടിശ്ശീലക്കാരായ പാമരന്മാരെ ആകർഷിക്കുന്നതിനാവാം, അഥവാ കാമുകന്മാരാരെങ്കിലും പ്രത്യക്ഷപ്പെടുന്നതുവരെ തൻെറ ചിത്തവിക്ഷോഭത്തെ നിയമനം ചെയ്യുന്നതിനാവാം, പിങ്ഗള വീണാതന്ത്രികളിൽനിന്നു വിശദമോഹനമായ സംഗീതത്തെ പ്രസരിപ്പിച്ചുകൊണ്ടു് തൻെറ മഞ്ചത്തിൽ ഇരിപ്പായി.

"തേന്മാവിൻചെന്തളിർതിന്നുതിന്നാരാവി-
ലാമ്മാറും പഞ്ചമം പാടിപ്പാടി,
ഉമ്മറപ്പൂങ്കാവിൽ മേവിടുമാൺകുയിൽ
തൻമനമശ്ലാനമാർദ്രമാക്കി!"

എങ്കിലും തൃഷ്ണാമൂർത്തിയുടെ പിണിയാളായ ആ വേശ്യക്കു് അപ്രകാരമുള്ള ഗാനത്തിൽ ലയിച്ചു് എത്രനേരം ഇരിക്കാൻ കഴിയും.? വീണയെ ഉപേക്ഷിച്ചിട്ടു് ക്ഷമാഹീനയായ അവൾ മഞ്ചത്തിൽ നിന്നെഴുന്നേററു്, താഴെ പോയി ആരെയെങ്കിലും അകത്തേക്കു ക്ഷണിച്ചാലൊ എന്നു് വിചാരിച്ചുപോയി. കോണിപ്പടിയിൽ ഒന്നുരണ്ടു പടിയിറങ്ങിയപ്പോൾ അയശസ്യമെന്നു തോന്നിയ ആ പ്രവൃത്തിയാൽ ലജ്ജിച്ചു് അവൾ വീണ്ടും മാളികയിലേക്കു കയറി. നിഷ്ഫലമായ ആശാഭംഗം നിമിത്തം വിവിധവികാരങ്ങൾക്കു് ദാസീഭൂതയായ പിങ്ഗളയെ കവി എങ്ങനെ ചിത്രീകരിക്കുന്നു എന്നു നോക്കുക.

"വാങ്ങിനാൾ പിന്നോട്ടുവാതായനം വിട്ടു;
താങ്ങിനാൾ പൂങ്കവിൾ കൈത്തലത്താൽ;
തന്നളകാഭ്രകപാദത്തിലാടിച്ചാ–
ളുന്നമ്രഭ്രൂകുടിവീചികളെ;

കൺതുറിച്ചീടിനാൾ; കൈതിരുമ്മീടിനാൾ
ദന്തങ്ങളാപ്പിച്ചാൾ ചെഞ്ചൊടിയിൽ;
താഴെയാട്ടുനോക്കിനാൾ ധാത്രിതന്നുൾത്തട്ടിൽ
നൂഴുവാൻ താൻ തയാറെന്നപോലെ;
മേലോട്ടുനോക്കിനാൾ ഏതൊരു ദൈവത്തിൻ
മാലതെന്നാരായ്വാനെന്നപോലെ;
വീർപ്പിട്ടാൾ മേല്ക്കുമേൽ ദീർഘമായുഷ്ണമായ്;
വേപ്പുമത്തൊപ്പിനാൾ പട്ടുലേസായ്."

അനന്തരം അന്നത്തെ അനിഷ്ടസംഭവത്തെപ്പററി സഖിയുമായുള്ള സംഭാഷണത്തിൽ പിങ്ഗളയ്ക്കു ഒരു ശുഭശകുനമെന്നവണ്ണം "ദൈവത്തെയോക്കണെ" എന്ന് സഖി പറയുന്നു. "ദൈവവും നീയും! ഫോ! വായാടീ! ഫോ. ദൂരെ." എന്നു ശാസിച്ചു പിങ്ഗള തൻെറ സഖിയെ വെളിയിലാക്കിയെങ്കിലും അവളുടെ ആ ഉപദേശം സൽഫലോന്മുഖമായി പിങ്ഗളയുടെ ഹൃദയക്ഷേത്രത്തിൽ പതിച്ചിട്ടുണ്ട്. വാക്കു കാററാണെന്ന് അജ്ഞന്മാർ പറയുന്നു. നാം ഉച്ചരിക്കുന്ന യാതൊരു വാക്കും വ്യത്ഥമായിപ്പോകുന്നില്ല; കാലമാകുന്ന വയലിൽ കിടന്നു മുളച്ചു കാലാന്തരത്തിൽ അതു നല്ലതോ ചീത്തയൊ ആയ ഫലങ്ങളെ ജനിപ്പിക്കുന്നു എന്നത്രെ ചിന്താവിശാരദനായ കാർലൈൽ പറയുന്നതു്. ഇതല്ലെ പരമാത്ഥം.? പാണ്ഡവസഭയിലെ നീരാഴിയിൽ പതിച്ച സുയോധനനെ കണ്ടു ഭീമൻ പറഞ്ഞ ആക്ഷേപവാക്കുകൾ ഭാരതയുദ്ധത്തിനു് ബീജാവാപം ചെയ്തു എന്ന് കവി പറയുന്നു. അച്ഛൻെറ മടിയിൽ ഇരുന്ന ധ്രുവകുമാരനെ കണ്ട് ചിററമ്മയായ സുരുചി പറഞ്ഞ വാക്കുകൾ നിഷ്ഫലങ്ങളായിരുന്നോ.? ഇതുപോലെ ചേടിയുടെ വാക്കുകൾ പിങ്ഗളയുടെ കൈവല്യപദാരോഹണത്തിന് ഒരു നിശ്രേണിയായിത്തീൻ.

ചേടി വെളിയിൽ കടന്നതിൻെറ ശേഷം

"ചോന്നതൻ ചിന്തകൾ വീത്തിനാൾ ശേഷിച്ച
ശൂന്യതയാം സഖി തൻ ചെവിയിൽ,"

എന്നിങ്ങനെ സരസമായ കാവ്യഭാഷയിൽ പിങ്ഗളയുടെ ആത്മഗതങ്ങളെ കവി വിവരണം ചെയ്വാൻ തുടങ്ങുന്നു. കോപതാപാകുലയായി അവൾ ഇപ്രകാരം ചിന്തിക്കുന്നു.

"ഓലക്കമൊന്നുള്ള പൂന്തിങ്കളുഴിയെ-
പ്പാലമൃതിങ്ങനെയുട്ടീടവെ;
നെഞ്ഞാക്മാടിപ്പാൻ തയ്യാറായ് വേശ്യയാ-
മിഞ്ഞാൻ ചമഞ്ഞിങ്ങുനിന്നീടവേ;

നോക്കുന്നദിക്കെല്ലാ,മെൻദൈവംമന്മഥൻ
പോക്കുന്നമാരിയാൽ മൂടിടവേ.—
കഷ്ടമിപ്പത്തനമേതൊരുദാന്തൻെറ
പൊട്ടപ്പുൽച്ചെററയായ് മാറിപ്പോയി!
എന്നനംഗാഗമപാഠത്തിന്നാല്യമാ-
ണിന്നനധ്യായരാ, വെന്തുചെയ്യാം!."

ഈ പാട്ടിൻെറ സൗന്ദര്യത്തെ ശ്ലാഘിക്കതന്നെ വേണം. ഇതിൽ കാണിച്ചിരിക്കുന്ന ഭാവവിപര്യയം ചേതോഹരമായിരിക്കുന്നു.

"മണിമയസദനേമോഹനശയനേ
മണമിയലുംനവകുസുമാസ്തരണെ
മദനരസേനരമിച്ചീടുംനീ
മധുമൊഴിവാഴുന്നൊങ്ങനെവിപിനെ."

എന്നിങ്ങനെ കോട്ടയത്തുരാജാവിൻെറ കൃമ്മീരവധത്തിൽ ഇപ്രകാരമുള്ള ഒരു ഭാവവിപര്യയം പ്രകടിപ്പിച്ചിരിക്കുന്നതു നോക്കുക. കാമുകന്മാരുടെ അഭാവത്തിൽ—ധനാഗമമാൎഗ്ഗം അടഞ്ഞിരിക്കുന്ന ഈ വേളയിൽ—വിഭവസമൃദ്ധമായ തൻെറ പ്രാസാദം ഭിക്ഷുവിൻെറ പുല്ലുമാടം പോലെയാണ് പിങ്ഗളക്കു തോന്നുന്നത്. മനസ്സു ഹർഷോന്മുഖമല്ലാതിരിക്കുമ്പോൾ കുബേരപുരിയിലെ ഐശ്വര്യസമ്പത്തിനുപോലും നമ്മെ ആനന്ദിപ്പിക്കാൻ ശേഷിയുണ്ടാകയില്ലെന്നുള്ളതു് എത്ര പരമാൎത്ഥമാണ്. താൻതന്നെ അഭിസാരികയായി പുറപ്പെടുകയൊ കാമുകരെ അന്വേഷിച്ചു ദൂതിയെ അയക്കയൊ ചെയ്യാമെന്നുള്ള വിചാരം പിന്നേയും അവളുടെ മനസ്സിൽ ഉദിക്കാതിരിക്കുന്നില്ല. എങ്കിലും

"ഏതൊരുപിച്ചിതു?മൎത്ത്യലോകത്തിൽ
പ്രാതിലോമ്യത്തിന്നുമൊട്ടുവേണ്ടേ?
ഞാനതു ചെയ്യില; വേശ്യയ്ക്കുമേതാണ്ടു
മാനവുംനാണവും വേണമല്ലോ."

എന്നിങ്ങനെ അവൾ ആ ആലോചനയെ നിരസിക്കുന്നു. ഇതു കേട്ടാൽ നേരംപോക്കായി തോന്നുമെങ്കിലും പരമാൎത്ഥമാണ്. ആത്മാഭിമാനമില്ലാത്തവർ ആരുംതന്നെ ഇല്ല. ആത്മാഭിമാനമില്ലാത്തവൻ യാചകനാണെന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. യാചകക്കും ആത്മാഭിമാനമുണ്ടെന്നു അവർ ചിലപ്പോൾ സംസാരിക്കുന്നതു കേട്ടാൽ നമുക്കു തോന്നുന്നുണ്ടല്ലൊ. ആ സ്ഥിതിക്ക് വാരസ്ത്രീയെങ്കിലും രൂപയൗവനസമ്പന്നയും ധനാഢ്യയുമായ പിങ്ഗളക്ക് എങ്ങനെ അഭിമാനം തോന്നാതിരിക്കും.? എങ്കിലും വേ

ശ്യാവൃത്തിയിൽ താൻ അപകൃഷ്ടയാണെന്ന പിങ്ഗളയുടെ മനസ്സിൽ ഇപ്പോൾ ജനിച്ചിരിക്കുന്ന ബോധത്തെയല്ലേ "വേശ്യയ്ക്കും" എന്നുള്ള പ്രയോഗംകൊണ്ടു് കവി ദ്യോതിപ്പിക്കുന്നതു്.? അതെ, അവളുടെ മനസ്സിൽ നിർവ്വേദത്തിന്റെ സ്ഫുരണം ഉണ്ടാകുന്നതു് ഈ ഘട്ടത്തിലാണു്. "ഉള്ളാക്കമാടിപ്പാൻ തയ്യാറായ്‌വേശ്യയാമിഞ്ഞാൻ ചമഞ്ഞിങ്ങു നിന്നീടവേ" എന്നു് അല്പം മുമ്പു വിചാരിച്ചപ്പോൾ അവൾക്കു് എത്ര ധാർഷ്ട്യവും വേശ്യാപദത്തെക്കുറിച്ചു് എന്തഭിമാനവുമാണുണ്ടായിരുന്നതു്.! ഇപ്പോൾ അവൾ അതെല്ലാം വിചാരിച്ചു ലജ്ജിക്കയും വ്യസനിക്കയും ചെയ്യുന്നു.

(തുടരും)

# മതാഭ്യസനം.

(എം. രാമവർമ്മതമ്പാൻ ബി. എ., എൽ, ടി.)

ബോംബെ സർവ്വകലാശാലയുടെ ഒരു സിനെററ്മീററിങ്ങിൽ ഈയിടെ ഒരു രസകരമായ വാദപ്രതിവാദവും, സ്വാതന്ത്ര്യാർഹവും ബുദ്ധിപൂർവ്വവുമായ ഒരു തീരുമാനവുമുണ്ടായി. ഇതു വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിട്ടുള്ള ഏവരും ശ്രദ്ധിച്ചു ധരിക്കേണ്ട ഒന്നാണു്. കോളേജുകളിൽ ദൈവശാസ്ത്രം പഠിപ്പിക്കണമൊ എന്നായിരുന്നു വാദവിഷയം. വേണമെന്നു വാദിച്ചവരുടെ യുക്തികൾ ഇവയത്രെ:-

ആത്മീയമായ അടിസ്ഥാനമില്ലാതെ ഭൌതികമായ അഭിവൃദ്ധി സാദ്ധ്യമല്ല. ഒരു നൂററാണ്ടായിട്ടു് കുട്ടികൾ മതം പഠിക്കായ്കയാൽ അവൎക്കു് ഇന്നു് അതു പഠിക്കാൻ താല്പൎയ്യമില്ല. അതിനാലാണു് ഇന്നത്തെ മതവഴക്കുകൾ ഉണ്ടാകുന്നതു്.

എതിർത്തവരുടെ യുക്തികൾ:-

1. ഇതു നടപ്പാക്കാൻ സാധിക്കയില്ല. പ്രസംഗിച്ചും വാദിച്ചും ചൊല്ലിയും മതം പഠിപ്പിക്കാൻ സാധിക്കയില്ല. പ്രൊഫസർമാരുടെ സ്വഭാവംകൊണ്ടല്ലാതെ കുട്ടികളുടെ മേൽ മതപ്രസംഗംകൊണ്ടു പ്രേരണ ചെലുത്താൻ സാധിക്കയില്ല.

2. ആസ്തിക്യബുദ്ധി എപ്പോഴും അന്യമതദ്വേഷം ഉണ്ടാക്കും. ആദരവുബുദ്ധിയാണാവശ്യം. അതില്ലാതെ ഒരുത്തൻ സംസ്കൃതമാനസനാകയില്ല. സാധാരണക്കാർ മതം പഠിപ്പിച്ചാൽ മതം നിന്ദ്യമായിത്തീരും. ഇപ്പോഴത്തെ യുവാക്കളെപ്പററി ഭയപ്പെട്ടിട്ടാവശ്യമില്ല. അവർക്കു രാജ്യത്തേയും ലോകത്തേയും പററി ചുമതലാബോധം ഉണ്ടു്. സംഗതികൾ ശരിക്കാണു പോകുന്നതു്. അവരെ വെറുതെ വിടുകയാണു വേണ്ടതു്.

3. ഈ നിശ്ചയം നടപ്പിലാക്കിയാൽ വർഗ്ഗീയവൈരങ്ങൾ കൂടും. സർവ്വകലാശാലയിൽ പഠിപ്പിക്കാൻ ഒരു മതമേയുള്ളു. അതു മനുഷ്യസ്നേഹം മാത്രം. അതു് ഇന്നു പഠിപ്പിക്കുന്നുമുണ്ടു്. പ്രത്യക്ഷമായും പരോക്ഷമായും അതു പഠിപ്പിക്കുന്നുണ്ടു്.

4. നിശ്ചയം നടപ്പാക്കിയാൽ രാജ്യത്തു് ഒരു മതംകൂടി കൂടും. മതങ്ങൾ അധികമായതുകൊണ്ടാണു് നമ്മുടെ ദേശീയ ഐക്യം താറുമാറായി കിടക്കുന്നതു്. ഈ നിശ്ചയങ്ങൾകൊണ്ടു് ഉദ്ദേശിക്കുന്നതു മതകർമ്മങ്ങളേയും പുരോഹിതന്മാരേയും ഏർപ്പെടുത്താനാണു്. ശസ്ത്രക്രിയ നടത്തുമ്പോൾ മന്ത്രം ചൊല്ലാനും ഇനി ഇടവന്നേക്കും.

ഇരുകൂട്ടരുടേയും വാദങ്ങൾ കേട്ടു് വിഷയം തള്ളിക്കളയുകയാണു ബുദ്ധിമാന്മാരായ ബോംബെ സർവ്വകലാശാലാപ്രതിനിധികൾ ചെയ്തതു്. ഇൻഡ്യ അവരോടു നന്ദിയുള്ളതായിരിക്കേണ്ടതാണു്.

പ്രസ്തുതവാദം കാളേജുകളിൽ മതം പഠിപ്പിക്കണോ വേണ്ടയോ എന്നതിനെപ്പററിയായിരുന്നു. അവിടെ എത്തുന്ന കുട്ടികൾ തങ്ങൾ വായിക്കുന്നതിൽനിന്നും കേൾക്കുന്നതിൽനിന്നും വിവേചനാശക്തി ഉപയോഗിച്ചു് തങ്ങൾക്കു യോജിച്ചതു സ്വീകരിക്കാനും യോജിക്കാത്തതു തള്ളിക്കളയാനും പ്രാപ്തി സമ്പാദിച്ചിട്ടുള്ളവരാണു്. അവരെ പഠിപ്പിച്ചാൽതന്നെ മേൽവിവരിച്ച ദോഷങ്ങൾ ഉണ്ടാവുമെങ്കിൽ വാദ്ധ്യാർ പറയുന്നതെല്ലാം അപ്പടി വിഴുങ്ങുന്ന സ്കൂൾകുട്ടികളെ മതം പഠിപ്പിച്ചാലത്തെ കഥ പറയാനുണ്ടോ. ഒരു ഭിന്നസംഖ്യയെ മറെറാരു ഭിന്നസംഖ്യകൊണ്ടു ഹരിക്കാൻ ഹാരകത്തെ മറിച്ചിട്ടു രണ്ടിനേയും ഗുണിച്ചാൽ മതി എന്നു പഠിപ്പിക്കാറുണ്ടു്. കാരണം അപ്പോൾ പറഞ്ഞുകൊടുക്കാറില്ല. ഭൂപടത്തിന്റെ മേൽഭാഗം വടക്കായി വിചാരിക്കുന്നതു് എന്തിനാണെന്നു അവരോടു പറയാറില്ല. സമുദ്രം കരയെ ലംഘിക്കാതെ ഇരിക്കുന്നതു് എന്തുകൊണ്ടെന്നു ചോദിച്ചതിനു് ഈശ്വരാജ്ഞകൊണ്ടെന്ന ഉത്തരം പറയാതെ കര കടലിൽനിന്നു പൊങ്ങിക്കിടന്നിട്ടാണെന്നു് ഉത്തരം പറഞ്ഞ കുട്ടിക്കു് ഒരടികൂടിയാണു് അഭിനന്ദനം. കുട്ടികളുടെ യുക്തിയുടെ കണ്ണു് ഏതെല്ലാം വിധത്തിൽ സ്കൂളുകളിൽ കെട്ടുന്നുണ്ടെന്നുള്ളതിനു് കയ്യുംകണക്കുമില്ല. ഗവമ്മെണ്ടിനെപ്പററി ചിന്തിക്കയോ പറകയോ പാടില്ല. ഈശ്വരനെപ്പററി പാടില്ല. നമ്മു

ടെ അനവധി ദുരാചാരങ്ങളെപ്പററി മിണ്ടിപ്പോകരുതു്. ഇത്യാദി എത്ര കൂട്ടം. ഇതു പോരാഞ്ഞിട്ട് മതമയക്കംകൂടി പഠിപ്പിച്ചാൽ ഉത്തമമായി. ഒരു മതം പറയുന്നു ദൈവം ആദ്യം വെള്ളം സൃഷ്ടിച്ചു: ദൈവം അതിൽ ഒരു പാമ്പിന്മേൽ കിടന്ന് അദ്ദേഹത്തിന്റെ പൊക്കിളിൽനിന്ന് ഒരു താമര മുളച്ചു; അതിൽ സകല ചരാചരങ്ങളുടേയും സ്രഷ്ടാവായ ബ്രഹ്മാവുണ്ടായി. ആദിപിതാവിനു രണ്ടു ഭാര്യമാരേയും തനിക്ക് ഒരു ഭാര്യയേയും സൃഷ്ടിച്ചു. എന്നിത്യാദിയാണ് ലോകോത്ഭവതത്വം എന്നു പഠിപ്പിക്കും. മററൊന്ന് ഇതൊക്കെ തെററാണ് സ്വർഗ്ഗത്തിൽ ദൈവവും ഏകദേശം ദൈവതുല്യനായ ചെയ്ത്താനും അനവധി ദൈവദൂതന്മാരും ഉണ്ടായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ദൈവത്തിന് ദേഹമില്ലാതെ ഒരു മകനുണ്ടായി. അദ്ദേഹത്തെ യുവദൈവമായി അഭിഷേകം ചെയ്യാൻ നിശ്ചയിച്ചു. ചെയ്ത്താൻ ദൈവത്തിന്റെ കാലശേഷം താനാണു ദൈവമായിരിക്കേണ്ടതു്, അതിനാൽ യുവദൈവാഭിഷേകം തന്നെ ചെയ്യിക്കണമെന്നായി. ഇരുവരും കോപിച്ചു. ദൈവദൂതന്മാർ രണ്ടു കക്ഷികളായി പിരിഞ്ഞു. ഘോരമായ യുദ്ധം നടന്നു. യുക്തികൊണ്ടുള്ള പോരാട്ടത്തിൽ ദൈവം തോല്ക്കുമെന്നായി. അദ്ദേഹം ഉടനെ ശക്തിയുണ്ടയെടുത്തു. ചെയ്ത്താനേയും അനുചരന്മാരേയും സ്വർഗ്ഗത്തിന്റെ വാതൽ തുറന്ന് നരകത്തിലേക്കു തള്ളി. അവരെ കൊല്ലാൻ ദൈവത്തിനു ശക്തിയില്ല. അവർ നരകത്തിൽ കിടന്ന് ഈ ദൈവത്തെ നേരിട്ടല്ല എങ്കിൽ ഒളിച്ചെങ്കിലും തോല്പിക്കാൻ ഉറച്ചു. ദൈവം ഒന്നുമില്ലാത്തതിൽനിന്നു കുറച്ച് എടുത്തിട്ടു ഭൂമിയെ സൃഷ്ടിച്ചു. സ്വർഗ്ഗത്തിന്റെ അടിത്തട്ടോടുകൂടി തൂക്കി. അതിൽ പക്ഷിമൃഗാദികളേയും മനുഷ്യനേയും സൃഷ്ടിച്ചു. അപ്പൊഴത്തേക്കും ഒന്നുമില്ലായ്മ അവസാനിച്ചു. കുറേകഴിഞ്ഞപ്പോൾ ആദിമനുഷ്യനു ഒരു ക്ലോറൊഫാറം കൊടുത്തു. ഒരു ശസ്ത്രക്രിയകൊണ്ട് ഒരു വാരിയെല്ലു മുറിച്ചെടുത്തു് അതുകൊണ്ടു സ്ത്രീയേയും ഉണ്ടാക്കി. ഇവരോട് എല്ലാ പഴങ്ങളും തിന്നുകൊള്ളാനും വിജ്ഞാനവൃക്ഷഫലം മാത്രം തൊട്ടുപോകരുതെന്നും അതുതിന്നാൽ മരണം വരുമെന്നും കല്പിച്ചിരുന്നു. ചെയ്ത്താൻ സർപ്പജാതിയിൽ ആദിമാതാവിനെ വശീകരിച്ചു പഴം തീററി. ആദിപിതാവും തിന്നു. രണ്ടുപേരേയും ആ സ്വർഗ്ഗോപമോദ്യാനത്തിൽ നിന്ന് ബഹിഷ്ക്കരിച്ചു അവരുടെ പാപഫലമായ മരണമാണു ഇന്നും നാമനുഭവിക്കുന്നതു്.

ഇതുപോലെ ഓരോ മതത്തിലും ലോകോല്പത്തിയെപ്പററി കെട്ടുകഥകൾ ഉണ്ടു്. അവയെ ചെറുപ്പത്തിൽതന്നെ പഠിപ്പിച്ചാൽ പേടി എന്നതു് കുട്ടികളുടെ മനസ്സിൽ സ്ഥിരതാമസം ഉറപ്പിക്കും. പിന്നീട് ഒരു വിദ്യാഭ്യാസപദ്ധതികൊണ്ടും അതു് ഇല്ലാതാക്കാൻ കഴികയില്ല. ഇന്നത്തെ വിദ്യാഭ്യാസം കുട്ടികളിൽ പേടി എന്നു് ഒന്നില്ലാതാക്കിയാൽ പിന്നെ

യുള്ള വിജയമെല്ലാം സുലഭവും കരസ്ഥവുമാണ്. മതകഥകൾ പഠിപ്പിക്കുന്നിടത്തോളം കാലം നരകഭീതി തുടങ്ങിയ പേടികൾ ഇല്ലാതാകയില്ല. എന്നുതന്നെയല്ല, അതു് മനസ്സിൽ ഉറയ്ക്കുകയും ചെയ്യും.

ഇന്നു പ്രായം ചെന്നവർകൂടി പേടിക്കധീനനാണ്. ജനങ്ങളുടെ പ്രാർത്ഥനകളിൽനിന്ന് പേടിയെ ദ്യോതിപ്പിക്കുന്നവയെ മാററിയാൽ വളരെ കുറച്ചേ കാണുകയുള്ളു.

ചില ഹോസ്റ്റലുകളിലെ പ്രാർത്ഥനകളും ഭജനങ്ങളും കേൾക്കാൻ എനിക്കു അവസരം കിട്ടിയിട്ടുണ്ട്. അതിലൊന്നുംതന്നെ കുട്ടികളുടെ ഈ ബുദ്ധിയുടെ വളർച്ചക്ക് പററിയവയായി തോന്നുകയുണ്ടായിട്ടില്ല.

ഒരു ക്രസ്ത്യൻഹോസ്റ്റലിൽ കുട്ടികൾ ഉച്ചയ്ക്കു ഭക്ഷണം കഴിക്കയായിരുന്നു. ഒരു കുട്ടി ഉണ്ണാതെ ബൈബിൾ വായിച്ചുകൊണ്ടിരുന്നു. മററു കുട്ടികൾ നിശ്ശബ്ദമായി വായിക്കുന്നതു കേൾക്കുകയും ഉണ്ണുകയും ചെയ്തുകൊണ്ടിരുന്നു. മാനേജരോട് ഇതെന്താണിങ്ങനെ എന്നു ചോദിച്ചതിന് ആത്മീയവും ശാരീരവുമായ പോഷണം ഒരുമിച്ചു വേണമെന്നുവച്ചാണ് എന്നായിരുന്നു മറുപടി. കഷ്ടം.! ഈ മാനേജർക്ക് കുട്ടികളുടെ മനശ്ശാസ്ത്രം എത്രയുണ്ട്.

വേറെ ഒരു ഹോസ്റ്റലിൽ 'ഇഹസംസാരെ ജനനീജഠരെ ജനനംമരണം പുനരപിജനനം പുനരപിമരണം' എന്നിത്യാദി താളമൊപ്പിച്ചു തട്ടിമൂളിക്കുന്നുണ്ട്. മാനേജർ എൻെറ അഭിപ്രായം ചോദിച്ചു. സംസ്കൃതത്തിലായതു ഭാഗ്യം. കുട്ടികൾക്കു മനസ്സിലാകയില്ലല്ലൊ. മരണവും ജനനവും മററുമുള്ള ഇഹസംസാരവും, കുട്ടികളുടെ മനസ്സും തങ്ങളിൽ എന്തന്തരം.

ശങ്കരാചാര്യരൊ അതുപോലെയുള്ളവരൊ തങ്ങളുടെ വിവിധവും പരിപൂർണ്ണവുമായ അനുഭവത്തിൻെറയും അഗാധചിന്തയുടേയും ഫലമായി ഉച്ചരിച്ച പ്രാർത്ഥനകൾ ലോകരംഗത്തിൽ പ്രവേശിക്കാൻ ഭാവിക്കുന്ന കുട്ടികൾ തത്തമ്മയെപ്പോലെ ചിലയ്ക്കുന്നതിലധികം പാഴായ വേലയെന്താണുള്ളതു്.

അഭ്യസ്തവിദ്യരായ ചില മഹാന്മാർ തങ്ങളുടെ സകല മേന്മയ്ക്കും കാരണം തങ്ങൾക്കു ആദ്യം ലഭിച്ച മതപഠനം ആണെന്നു ഘോഷിക്കാറുണ്ട്. ഇതു് അവരുടെ ആലോചനാഫലമാണെന്നു തോന്നുന്നില്ല.

അഭിമാനം ജീവിതധർമ്മമാണെന്നു ഉച്ചൈസ്തരം പ്രസംഗിക്കുന്ന പല യോഗ്യരും പുരോഹിതൻെറയും നിരക്ഷരകുക്ഷിയായ ശാന്തിക്കാരൻെറയും മുൻപിൽ കാണിക്കുന്ന ഭക്തി എന്നു വിളിച്ചുവരുന്ന അടിമത്തം ദയനീയമെന്നേ പറയേണ്ടു. തിരുവിതാംകൂറിൽ വിദ്യാഭ്യാസഡയറക്ടരായിരുന്ന ഒരു ബ്രാഹ്മണൻ തൻെറ പുത്രനേയും അവൻെറ സഹപാഠികളേയും വിളിച്ചു് സന്ധ്യാവന്ദനമന്ത്രം ചൊല്ലാൻ പറഞ്ഞു. അവർക്കു നിശ്ചയമില്ല.

ഗായത്രി എങ്കിലും ചൊല്ലാൻ നിർബന്ധിച്ചു. അതിൽ ഒരു കുട്ടി പറഞ്ഞു, 'ഗായത്രിഗീയത്രിയെല്ലാം ബി. എ. പാസാകറതോതുന്നൂട്ടം. ഇല്ലാം ഹിസ്റ്ററി ജ്യാഗ്രഫി ജ്യോമററ്റി ആൽജിബ്രാ ഇവയാക്കം വാശിക്ക വേണ്ടിയതു്. ഇന്ത മാതിരി ഗായത്രിഗീയത്രി എല്ലാം ശൊല്ലച്ചൊന്നാൽ നാങ്കൾ ഇങ്കെ വരമാട്ടേം.' ഇതുകേട്ടു് അദ്ദേഹത്തിന്റെ മകൻ പറഞ്ഞു 'അപ്പാ, നീർ ഇതൊന്നും കേൾക്കപ്പെടാതു്. അവാൾ ഇങ്കെ വരാവടിക്കപോനാൽ എന്നുടയ പടിത്തം പോകും.' എത്ര കാര്യം.*

മതങ്ങളോടു നിത്യം ചേർന്നുമാറുന്ന പുരോഹിതാദികളിൽ കാണുന്ന കാപട്യവും കളവും വഞ്ചനയും നോക്കുക. മതം പ്രവൃദ്ധമാനമായിരുന്ന കാലത്തെക്കാൾ മതം നശിക്കുന്നു എന്നു പറയുന്ന ഇന്നാണു് സ്വഭാവസ്ഥിരതയും സത്യസന്ധതയും കൂടിക്കാണുന്നതു് എന്നു് അഭ്യസ്തവിദ്യരായ കാര്യാന്വേഷികൾ അഭിപ്രായപ്പെടുന്നു.

ഇന്നു പഠിപ്പിക്കുന്ന സാഹിത്യങ്ങളിലും മതം പലവിധത്തിലും കലർന്നുകിടപ്പുണ്ടു്. അദ്ധ്യാപകന്മാർ അവ കുത്തിപ്പൊക്കി കുട്ടികളിൽ പേടി വളർപ്പിക്കാതിരുന്നാൽ നന്നു്. ജപ്പാൻ, ഫ്രാൻസ്, ചൈന, റഷ്യ, അമേരിക്കയിൽ പല സംസ്ഥാനങ്ങൾ ഇവിടങ്ങളിൽ മതം പഠിപ്പിക്കാറില്ല. ഇന്ത്യയിൽ മതം പഠിപ്പിച്ചിരുന്ന കാലത്തെ അപേക്ഷിച്ചു് എഴുതാനും വായിക്കാനും അറിയാവുന്നവരുടെ ഇടയിൽ കുററം ചെയ്യുന്നവർ വളരെ കുറവായിട്ടാണു കണ്ടുവരുന്നതു്. അതിനാൽ മതം പഠിപ്പിക്കണോ എന്ന ചോദ്യത്തിനു്, വിവാഹം ചെയ്യണോ എന്ന ചോദ്യത്തിനു പഞ്ചു് എന്ന മാസിക പറഞ്ഞ മറുപടിയാണു് യുക്തം. അതു് 'അരുതു്' എന്നായിരുന്നു.

പാഠപദ്ധതി നിർമ്മിക്കുന്നവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണു്. സൽസ്വഭാവിയായി, മനുഷ്യസ്നേഹിയായി, ശിഷ്യസ്നേഹിയായി, ജ്ഞാനാന്വേഷിയായി, അഭിമാനിയായി, പേടിയില്ലാത്തവനായി ധീരനായ ഒരദ്ധ്യാപകനോടുള്ള സമ്പർക്കംകൊണ്ടു് കുട്ടികൾക്കു ലോകജീവിതത്തിനു് അത്യാവശ്യമായ സ്വഭാവസംസ്കരണം പൂർത്തിയായി കിട്ടിക്കൊള്ളും. ദൈവമേ കുട്ടികളെ അങ്ങയെപ്പററിയുള്ള വൃഥാ പേടിയിൽ നിന്നും ഒഴിവാക്കണേ. വന്ദ്യഗുരോ, താങ്കളുടെ ശിഷ്യരെ ആരേയും പേടിക്കാനാവശ്യമില്ലാതാക്കുന്ന വിദ്യ അഭ്യസിച്ചു അവരിൽ ലയിച്ചുകിടക്കുന്ന പൗരുഷം ഉദ്ദീപിപ്പിച്ചു് ഉജ്ജ്വലിപ്പിക്കണേ. മാതാപിതാക്കന്മാരേ, നിങ്ങളുടെ അന്ധതയും അജ്ഞാനവും അന്ധവിശ്വാസവും പേടിയും നിരപരാധികളായ കുട്ടികളിൽ ചെലുത്തി അവരുടെ ജീവിതം ക്ലേശപൂരിതമാക്കാതെ അവരെ അവരുടെ വാസനപോലെ വളരാനും അവർക്കുള്ളിലുള്ളതു് തുറന്നു പറയാനും അവരെ പ്രാപ്തരാക്കണേ. ഇത്രമാത്രമേ ഇന്നു പ്രാർത്ഥിക്കേണ്ടതായിട്ടുള്ളു.


* ഈ വിദ്യാഭ്യാസഡയറക്ടർ തന്നെയായിരിക്കാം ആടിനെ വെട്ടി യാഗം കഴിച്ചതു്.
(ഗു: പത്രാധിപർ)

# വിഹായസ്സവിഹാരം.

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

## പതിനൊന്നാം അദ്ധ്യായം.

ഏതാനുംകൊല്ലങ്ങൾക്കുമുമ്പ് ഡാൾട്ടൺ(Dalton) എന്ന ശാസ്ത്രജ്ഞൻ വാതകസമ്മിശ്രനിയമങ്ങളെ വെളിപ്പെടുത്തി. വാതകങ്ങൾക്ക് ഭേദം കൂടുന്തോറും, എന്നുവച്ചാൽ ഘനം കുറയുന്തോറും, സമീപമുള്ള വാതകങ്ങളുമായി കൂടിക്കലരാനുള്ള പ്രവണത അധികമാകുന്നു. എന്നു മാത്രമല്ല, ഇതരവാതകസാന്നിദ്ധ്യം അറിയാൻ പാടില്ലാത്തവിധം വ്യാപിക്കുന്നു. തന്നിമിത്തം അന്തരീക്ഷത്തിന്റെ ഓരോ പതനത്തിലുള്ള വായു ഭിന്നമാണെന്നുതന്നെ തോന്നിപ്പോകും. പരമാവധി എത്ര പൊക്കം വരെ ഓരോ വാതകങ്ങൾ അന്തരീക്ഷത്തിൽ മുതിർന്നു നില്ക്കുന്നുണ്ടെന്ന് അടിയിൽ വരച്ചിട്ടുള്ള പടത്തിൽ കുറിച്ചിട്ടുണ്ട് :-



നീരാവി മുപ്പത്തിഏഴ് മൈൽ പൊക്കത്തിലെത്തുന്നതിന് എത്രയോ മുമ്പുതന്നെ ഘനീഭവിച്ചു മഴയായിപ്പോകുന്നുണ്ട്. അതുകൊണ്ട് അന്യഥാ ഉണ്ടാകാമായിരുന്നതിൽ മുപ്പതിലൊരംശം നീരാവി മാത്രമെ അപ്പൊക്കത്തിൽ അന്തരിക്ഷത്തിൽ കാണുന്നുള്ളു. അതുപോലെ ലഘുക്കളായ ജലജനകം മുതലായ വാതകങ്ങൾ വ്യാപനശക്തിയാൽ മേലോട്ടുമേലോട്ടു കടന്ന്, ഭൂമിയുടെ ആകർഷണത്തിനു വശപ്പെടാത്ത ഉൽപ്രദേശത്തെ പ്രാപിച്ചുപോകാതിരിക്കുന്നില്ല.

സൂൎയ്യകിരണങ്ങൾ അന്തരിക്ഷത്തിൽകൂടി കടക്കുന്ന രീതികൊണ്ട് പല വിശേഷങ്ങളുളവാകുന്നുണ്ട്. ഈതർ (Ether) എന്നുള്ള നാമംപെററ സൎവ്വവ്യാപിയായി സങ്കല്പിച്ചിട്ടുള്ള പദാൎത്ഥത്തിലൂടെ, വീചികളായി (Waves) ചൂടും വെളിച്ചവും സഞ്ചരിക്കുന്നുവെന്ന് ശാസ്ത്രജ്ഞന്മാർ നിൎണ്ണയിച്ചിട്ടു കാലം കുറെയായി. ചൂടുപിടിച്ച മണൽഭൂമികളിൽ വെയിലുള്ള സമയം തറയ്ക്കുമീതെ ഓളംതള്ളുന്ന മാതിരി ചൂടു സഞ്ചരിക്കുന്നതു കാണാം. മൃഗതൃഷ്ണ എന്നും കാനൽജലമെന്നും മററും പറയുന്നതു ഇതാണ്. അതുപോലെ വട്ടമുള്ള സ്ഫടികത്തിനുള്ളിൽ കൂടി കടക്കുമ്പോൾ നാനാവൎണ്ണങ്ങളോടുകൂടി സൂൎയ്യരശ്മി പ്രതിഫലിക്കുമെന്ന് പ്രത്യക്ഷമാണല്ലൊ. നീൎത്തുള്ളികലൎന്ന മേഘങ്ങളിൽ സൂൎയ്യകിരണങ്ങൾ തട്ടി മഴവില്ലായി ആകാശത്തെ അലങ്കരിക്കുന്നതു കണ്ടും, കുററാലം മുതലായ അരുവിച്ചാട്ടങ്ങളിൽ പ്രതിഫലിച്ചുള്ള ഇന്ദ്രചാപമീക്ഷിച്ചും നാം ആനന്ദപ്പെടാറുണ്ടല്ലൊ. എന്തിനിത്ര ദൂരെ പോകുന്നു? പുലരുമ്പോൾ തൃണങ്ങളിൽ കാണുന്ന സ്വേദബിന്ദുക്കളെ സൂൎയ്യകിരണം ശീമക്കമലങ്ങളാക്കി ഉജ്ജ്വലിപ്പിക്കുന്ന ഭംഗി കാണാത്തവരുണ്ടോ? പ്രധാനമായി സപ്തനിറങ്ങൾ കൂടാതെ അനവധി അപ്രത്യക്ഷരേഖകൾ സൂൎയ്യകിരണങ്ങൾക്കുണ്ടെന്നു (1nvisible rays) ഫോട്ടൊ (ഛായ) എടുക്കുന്നതിൽനിന്നു വ്യക്തപ്പെടുന്നുണ്ട്. പ്രത്യക്ഷനിറങ്ങളിൽ ഊതാരശ്മികളുടെ (Violet rays) വീചികളാണ് അല്പിഷ്ഠങ്ങൾ. അവയ്ക്കു ലക്ഷത്തിലൊരു ഭാഗം ഇഞ്ചു നീളമേയുള്ളു. ചെങ്കതിരുകൾക്കാകട്ടെ,(Red rays) അതിൽ മൂന്നിരട്ടിയുണ്ട് നീളം. സൂൎയ്യകിരണങ്ങളുടെ ആദൎശബിംബത്തിൽ (Spectrum) നിറങ്ങൾക്കു ഒരു ക്രമമുണ്ട്. ഒററത്ത് ഊതയും മറേറ അററത്ത് കടുംചുകപ്പും കാണാം. ചുകപ്പുവാക്കിനുള്ള നിറങ്ങൾ വെളിച്ചത്തേക്കാൾ ചൂടും, ഊതാവാക്കിനുള്ളവ ചൂടിനേക്കാൾ വെളിച്ചവും വിതരണം ചെയ്യുന്നു. ചെങ്കനലിനു വെളിച്ചമല്ല ചൂടാണു കൂടുതലെന്നും, കത്തുന്ന ദീപത്തിനു ചൂടിനേക്കാൾ വെളിച്ചമാണധികമെന്നും നമുക്കു നിത്യാനുഭവമില്ലെ.?

അന്തരിക്ഷത്തിലൂടെ സൂൎയ്യകിരണങ്ങൾ സംക്രമിക്കുമ്പോൾ, ഏതാനും ആചാന്തങ്ങളും (Absorbed) ഏതാനും പ്രസൃതങ്ങളു (Scattered)മാകു

ന്നു. നീലവും ഊതാവും രശ്മികൾക്കാണ് ഈ അകപ്പാട്ട് ഏറെപ്പറരുന്നതു്; ചുകപ്പുരശ്മികൾക്ക് കുറവാണ്. നമ്മുടെ അന്തരിക്ഷപരിധിക്കപ്പുറത്തുനിന്ന് സൂര്യനെ നോക്കിയാൽ ബിംബം ചുകന്നും വെളുത്തുമല്ല, നീലമായി കാണുമായിരുന്നു എന്ന് പ്രൊഫസർ ലാംഗ്ലി (Prof. Langley) പറയുന്നു.

സൂര്യകിരണങ്ങളുടെ ഉഷ്ണം അന്തരിക്ഷത്തിൽ ലയിക്കുന്നതു് നീരാവിയുടെ സാന്നിധ്യംകൊണ്ടാകുന്നു; ഉറഞ്ഞ ആവിയുടെയും(Frozen vapour) പൊടിയുടേയും സാന്നിധ്യംകൊണ്ടാണ് ചൂടു പ്രസരിക്കുന്നതു്. അസ്തമയകാലത്തും ഉദയകാലത്തും സൂര്യബിംബം ചെങ്കനൽക്കട്ടപോലെ കാണുന്നതിനുള്ള കാരണം, രശ്മികൾ തൊള്ളായിരം നാഴിക സഞ്ചരിക്കുന്നതുകൊണ്ടും (മധ്യാഹ്നത്തിൽ അമ്പതു മതി), തന്നിമിത്തം നീലരശ്മികളെല്ലാം ഉറുഞ്ചി (Absorbed)പോയി ചുകന്ന രശ്മികൾ മാത്രമവശേഷിക്കകൊണ്ടുമാകുന്നു. മൂടൽമഞ്ഞിനുള്ളിൽക്കൂടിയൊ പുകക്കണ്ണാടിയിൽ കൂടിയൊ കാണുന്ന സൂര്യബിംബം ചുകന്നിരിക്കുന്നതും അതുകൊണ്ടുതന്നെ. സൂര്യൻ ഉച്ചസ്ഥനാകുമ്പോൾ ആകാശം നീലമായിരിക്കുന്നതു്, നീലരശ്മികൾ ആകാശത്തിൽ ലയിക്കകൊണ്ടാണ്. അല്ലെങ്കിൽ രാത്രിയിലെന്നപോലെ ഇരുണ്ടിരിക്കുമായിരുന്നു.

പ്രകാശമാനങ്ങളായ സൂര്യകിരണങ്ങൾ വായുവിൽക്കൂടി കടക്കുമ്പോൾ, വരണ്ട (Dry) അന്തരിക്ഷഭാഗത്തെയല്ല നീരാവി കലന്ന ഭാഗത്തെയാണ് ഉഷ്ണമാക്കുന്നതു്. ഇങ്ങനെ അന്തരിക്ഷത്തെ ഉഷ്ണിപ്പിച്ചു കഴിഞ്ഞു് ശേഷിക്കുന്ന രശ്മികൾ ഭൂമിയെ പ്രാപിച്ചു് അപ്രത്യക്ഷമായ അന്ധോഷ്ണ (Dark-heat)മായി പരിണമിക്കുന്നു; അതായതു് രശ്മികളുടെ പ്രകാശം പോയി ചൂടായിത്തീരുന്നു. പിന്നെ അവയ്ക്കു് തേജോമയങ്ങളായ രശ്മികളെപ്പോലെ അന്തരിക്ഷത്തെ കടക്കാൻ വഹിയാതാകുന്നു. അപ്പോൾ അവ കൂട്ടിലടച്ച കിളിയെപ്പോലെ അവിടെ അകപ്പെടുന്നു. സൂര്യരശ്മികൾ കണ്ണാടിക്കൂടിനുള്ളിൽ കടന്നാലും ഇതാണ് ഫലം. അവ ചൂടായി പരിണമിച്ചു് പുറത്തു കടക്കാൻമേലാതെ ഉള്ളിൽ തങ്ങുന്നു. അതുകൊണ്ടാണ് ഉഷ്ണഭൂമികളിലുണ്ടാകുന്ന ചെടികളെ ശീതപ്രദേശങ്ങളിൽ കണ്ണാടിക്കൂട്ടിനുള്ളിലാക്കി വളർത്തുന്നതു്. ഭൂമിയിൽ പറരുന്ന സൂര്യകിരണങ്ങൾ തിരികെ അന്തരിക്ഷത്തിലേക്കു കയറാത്തതുകൊണ്ട് മേലാകാശം ക്രമേണ ശീതതരമായി വരുമെന്നുവേണം ഊഹിക്കാൻ. പക്ഷെ, നീരാവിയുടെ സാന്നിധ്യം ഈ ഊരവസ്ഥയെ നീക്കുന്നു. നീരാവിയിൽക്കൂടി ചൂടു് അന്തരിക്ഷത്തിൽ കിളരുന്നു. അതുകൊണ്ടു് മേലാകാശത്തിനുള്ള തണുപ്പു് അസഹ്യമാകുന്നില്ല. ഇങ്ങനെ അന്തരിക്ഷത്തിൻെറ കീഴ്ത്തട്ടിൽ നിന്നു മേല്പോട്ടു് ചൂടു പകരുന്നതിന് 'ഉഷ്ണപ്രാപണം' (Convection of heat) എന്നാണ് ശാസ്ത്രീയസം

ളത. ഒരു പദാർത്ഥത്തിന്റെ ഒരിടം ചൂടുപിടിച്ചാൽ ആ ചൂട് അതിന്റെ എല്ലാ ഭാഗത്തും പരക്കുന്നു. ഇങ്ങനെ പരക്കുന്നതിന് 'ഉഷ്ണാവഹനം' [Conduction] എന്നാണ് ശാസ്ത്രീയഭാഷ. ഉഷ്ണത്തിന്റെ പ്രാപണധർമ്മം നിമിത്തം അന്തരിക്ഷകാര്യനിർവഹണത്തിൽ പലതും നടക്കുന്നുണ്ട്. അതുകൊണ്ട് അതിനെപ്പററി അല്പം നിഷ്കർഷിച്ചു മനസ്സിലാക്കാം.

സാധാരണ 183 അടി പൊക്കത്തിന് ഒരു ഡിഗ്രി വീതം വായു തണുക്കുന്നു. ഈ കണക്കിനൊ അല്പം കുറവായൊ ഇരുന്നാൽ അന്തരിക്ഷത്തിന് ലംബസമാവസ്ഥ (Vertical eqilibrium) യുണ്ടായിരിക്കുന്നു. അതിന്റെ താല്പര്യമെന്തെന്നാൽ, ആകാശത്തിൽ മേൽകീഴായുള്ള വായുചലനം പെട്ടെന്നുണ്ടാകയില്ലെന്നാകുന്നു. മുൻഅദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള വിധം വ്യാപനംകൊണ്ടൊ (Expansion) തുളുമ്പൽകൊണ്ടൊ [Overflow] ഭൂമദ്ധ്യരേഖയും ധ്രുവങ്ങളും തമ്മിലുള്ള വായുസഞ്ചാരംകൊണ്ടു മാത്രമെ അപ്പോൾ അന്തരിക്ഷത്തിൽ പോക്കുവരുത്തുളവാകയുള്ളു. അങ്ങനെയല്ല, ഭൂതലസമീപവർത്തിയായ വായു സൂര്യകിരണോഷ്ണംകൊണ്ട് ചൂടുപിടിക്കയും ആവിയേററിരിക്കയും ചെയ്യുമ്പോൾ, അപ്പോൾ അന്തരിക്ഷോഷ്ണം ശരാശരി 62 ഡിഗ്രിയുള്ള യൂറോപ്യൻനാട്ടുകളിൽ നാനൂറു അടിയും, ശരാശരി 92 ഡിഗ്രിയുള്ള നമ്മുടെ ദേശങ്ങളിൽ അഞ്ഞൂറു അടിയും പൊക്കത്തിന് ഒരു ഡിഗ്രി വീതം തണുക്കുന്നു. അതിനാൽ കീഴിലുള്ള ചൂടുവായു ഘനക്കുറവു നിമിത്തം മേലോട്ടുയരുകയും, മേലുള്ള തണുത്ത ഘനമേറിയ വായു കീഴോട്ടടിയുകയും ചെയ്യുന്നു. ഒരു പാത്രത്തിൽ വെള്ളം തിളപ്പിക്കുമ്പോൾ അടിയിൽ ചൂടേററ ഭാഗം മേലോട്ടു തിളച്ചുപൊങ്ങുന്നതു കണ്ടിട്ടില്ലെ.? അതുപോലെ തന്നെയാണ് കീഴുള്ള ചൂടു മേലാകാശത്തേക്കു പായുന്നതും. ഹൃദയകോശത്തിൽനിന്നു വിനിർഗ്ഗമിക്കുന്ന ഉഷ്ണമായ രക്തം പാദംവരെ സർവ്വനാഡികളിലും ആ ഉഷ്ണത്തെ സംക്രമിപ്പിച്ച് ജീവശ്ശക്തിയെ വളർത്തുന്നതിനൊപ്പമത്രെ, ഉഷ്ണവായു അന്തരിക്ഷത്തിന്റെ ജീവനെ സംരക്ഷിക്കുന്നതു. ഉഷ്ണം ഇങ്ങനെ മേലോട്ടു പോയിരുന്നില്ലെങ്കിൽ ജീവാധാനം ഉഷ്ണമേഖലയിൽ അസാദ്ധ്യമാകുമായിരുന്നു. എപ്പോഴാണോ നൂറടി പൊക്കത്തിന് ഒരു ഡിഗ്രിയൊ അതിൽ കവിഞ്ഞൊ ഉഷ്ണം കുറയുന്നു, അപ്പോൾ ആകാശത്തിൽ മേഘങ്ങളും മഴയും കൊള്ളിയാനുമുണ്ടാകുന്നു. ഇങ്ങനെ കുറയുന്നതു ഉഷ്ണമേഖലയിൽ ഒരു പ്രദേശമാസകലമായി വരാം. അപ്പോൾ അവിടെ മഹാവാത്യകൾ (Cyclones) ഉണ്ടാകുന്നു ഏകദേശത്തിലാണെങ്കിൽ ചുഴലിക്കാററ് (Whild wind) അടിക്കുന്നു. ഉഷ്ണപ്രാപണധർമ്മത്തിന്റെ (Convection) ഭ്രാന്താവസ്ഥയാണിതെന്നു വേണം പറയാൻ.

ഉഷ്ണപ്രാപണം 30,000 അടി പൊക്കംവരെയുണ്ടാകുമെന്ന് വിമാനസഞ്ചാരംകൊണ്ട് നമുക്കറിയാം. അതിനുമേൽ അന്തരിക്ഷം, എളുപ്പ

ത്തിൽ തണുക്കുന്നു. പത്തു മൈൽ പൊക്കത്തിൽ ശൂന്യസ്ഥാനത്തുനിന്ന് 104 ഡിഗ്രി തണുപ്പായിരിക്കും. ഇക്കണക്കിന് 30 മൈൽ പൊക്കത്തിൽ അന്തരിക്ഷോഷ്ണം സാക്ഷാൽ ശൂന്യസ്ഥാനത്ത്, (പനിക്കുഴലിൽ കാണിച്ചിട്ടുള്ള ശൂന്യത്തിൽനിന്ന് 461 ഡിഗ്രി താണ്) എത്തുമെന്നു ഊഹിക്കാം. സാധാരണ ആദ്യം ന്തൂറടി പൊക്കത്തിനു മേൽ പോയാൽ 320 അടിക്ക് ഒരു ഡിഗ്രി വീതം ചൂടു കുറയുമെന്ന് കണക്കാക്കുന്നതിൽ വലിയ തെററ് പററുകയില്ല. ആവി കലൎന്ന വായുവിന് മേലോട്ടു പോയാലും തണുപ്പ് അത്ര വരികയില്ല. തറ നല്ലപോലെ ചൂടുപിടിച്ചിരിക്കുമ്പോൾ ആവി കലൎന്ന വായു മേലോട്ടുയൎന്ന് തണുത്താൽ മഴയുണ്ടാകും. അതാണ് ഉഷ്ണഭൂമികളിൽ പകൽസമയത്തു മേഘാവരണവും മഴയും രാത്രിയിലുള്ളതിനേക്കാൾ അധികമുണ്ടാകാറുള്ളതു്.

വായുവിൽ ചേൎന്നിരിക്കുന്ന നീരാവി ഘനീഭവിച്ചുണ്ടാകുന്ന ഒരവസ്ഥയാണ് മേഘങ്ങൾ; മററൊരവസ്ഥയാണ് ഇലകളിലും പുഷ്പങ്ങളിലും പുലരിയിൽ കാണുന്ന പനിനീൎത്തുള്ളികൾ; വേറെയൊരവസ്ഥയാണ് ധാരയായിച്ചൊരിയുന്ന മാരി; ഇനിയുമൊരവസ്ഥയാണ് ഷട്ഫലങ്ങളായ ഹിമഖണ്ഡങ്ങൾ, അവസ്ഥാന്തരമാണ് പീരങ്കിയുണ്ടകൾപോലെ പുറപ്പുറത്തു വീഴുന്ന ആലിപ്പഴങ്ങൾ (കരകങ്ങൾ.) ആവിയുടെ ഈ വക വേഷപ്പകൎച്ചകളെപ്പററി അടുത്ത അദ്ധ്യായത്തിൽ പറയാം.

---

# പരദ്രവ്യാനിലോഷ്ടവൽ.

(സീതാദേവി)

'ലക്ഷ്മിയുമസ്ഥിരയല്ലൊ' എന്ന ലോകോക്തിയെ സാധുവാക്കത്തക്കവണ്ണം 'ഗൃഹ' തറവാട്ടിലും ചില ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ആ കാലത്തു് അവിടെ അനന്തഗൃഹൻ എന്ന ഒരു സന്താനം ഭൂജാതനായി. സാമ്പത്തികനിലയിലും വംശമാഹാത്മ്യത്തിലും പൌരാണികപ്രശസ്തിയിലും ഒരു കാലത്തു് ഈ തറവാട്ട് അദ്വിതീയമായിരുന്നു. അനന്തന്റെ പിതാമഹൻ സപൂൎവ്വരിൽനിന്നും അല്പമായ ചില മാററം സ്വീകരിച്ചു് ലോകരംഗത്തിൽ ഇറങ്ങി പലവിധതൊഴിലുകളിലും ഏൎപ്പെട്ടു. കഷ്ടം! അവിടത്തെ ധനത്തിന്റെ ഒരു ഭൂരിഭാഗവും അന്ന് നശിച്ചുപോയി. ഇദ്ദേഹത്തിന്

ആദിനാഥൻ എന്നൊരു പുത്രനുണ്ടായി. ഇദ്ദേഹം അത്യന്തബലാമഷ്ടിയായിത്തന്നെ കഴിച്ചുകൂട്ടി. ഒരു രൂപ ചിലവു വേണ്ടിവരുന്നിടത്തു് അരരൂപ കൊണ്ടു് ഇദ്ദേഹം അതു സാധിച്ചിരുന്നു. ഇതുകൊണ്ടൊന്നും കുടുംബസ്ഥിതിക്കു് പറയത്തക്ക ഉയൎച്ച് ഉണ്ടായില്ല. അനന്തൻ വളൎന്നുവന്ന കാലത്തു് ഇടിഞ്ഞുപൊളിഞ്ഞ ഒരു വീടും ഏതാണ്ടനുഭവശൂന്യമായ കുറച്ചു് ഭൂസ്വത്തും, ആഭിജാത്യം പറഞ്ഞു് പൂൎവകഥാപ്രസംഗത്തിനുള്ള വിഷയങ്ങളുടെ വിപുലതയും മാത്രം ശേഷിച്ചു കാണുന്നുണ്ടു്.

ഈ ദുരവസ്ഥയിൽ അനന്തന്റെ അമ്മ അപാരമനക്ഷീണം അനുഭവിച്ചിരുന്നു. പരിചാരകന്മാരാലും ഭൃത്യഗണങ്ങളാലും നിഃശേഷിതമായിരുന്നു അവിടം. ഇന്നു് ഗൃഹജോലികളും പുറമെ ശിശുസംരക്ഷണംകൂടി നായികയുടെ ഭാരത്തിൽ പെട്ടിരുന്നു. സമാധാനം അവളെ തീരെ ഉപേക്ഷിച്ചുകഴിഞ്ഞു. ഈ ദുരന്തസ്ഥിതിയിൽ പങ്കുകൊള്ളുന്നതിന് ഭൎത്താവിനെ പലപ്പോഴും പ്രേരിപ്പിച്ചിട്ടുണ്ടെങ്കിലും ആദിനാഥന്റെ മനസ്സ് ഈവക വിഷയങ്ങളിൽ പ്രവൎത്തിക്കാത്തതായിരുന്നു. സ്വപ്രണയിനിയുടെ ആവലാധികൾക്കു് ചിരിച്ചുംകൊണ്ടു് അദ്ദേഹം ഇങ്ങിനെ പറക പതിവായിരുന്നു. "പ്രിയേ! ഈ ശിശുവിന്റെ ശുശ്രൂഷ തല്ക്കാലത്തേക്കു് അസ്വാസ്ഥ്യമുള്ളതായി തോന്നിയേക്കാം. അധികതാമസം കൂടാതെ ഇതു് സന്തോഷകാരണമായേക്കും. നമ്മുടെ തറവാട്ടിന്റെ മേന്മയുണ്ടാക്കിവന്ന സകല ഇടിവും ഈ ശിശു തീൎക്കും. ഇവന്റെ ജാതകം നീ കണ്ടിട്ടില്ലെ. ഇവനെ ഉചിതമാംവണ്ണം സംരക്ഷിച്ചു വളൎത്തിയാൽ നമ്മുടെ സകലദുരിതങ്ങളും അസ്തമിച്ചുപോകും."

അനന്തന്റെ സംരക്ഷണം അവരുടെ ശക്തിക്കു തക്കവണ്ണം നടത്തി. അവശേഷിച്ചിരുന്ന ആഭരണങ്ങളെ മാതാവു് വിററു; വസ്തുവകകൾ പിതാവു് ഒററി കൊടുക്കുകയും ചെയ്തു. അങ്ങിനെ സിദ്ധിച്ച പണംകൊണ്ടു് അനന്തനെ വിദ്യാഭ്യാസത്തിനയച്ചു. പ്രാരംഭംമുതല്ക്കുതന്നെ അവനിൽനിന്നു് മാതാക്കൾ ആശിക്കുന്നതെന്തെന്നു് അനന്തനു നല്ലപോലെ അറിയാം. നഷ്ടശിഷ്ടമായ ഗൃഹത്തെ പുത്തനായി പണിചെയ്യിക്കയും അമ്മക്കു് എടുക്കാവുന്നിടത്തോളം ആഭരണം പണിചെയ്യിച്ചു് അമ്മയെ അണിയിക്കയും ചെയ്യുന്നതത്രെ അനന്തന്റെ പ്രഥമകൃത്യം. ധനസമ്പാദനം ഒന്നിനെ മാത്രം ലക്ഷ്യമാക്കി ആ യുവാവ് വളൎന്നുവന്നു. ഒരു മുഹൂൎത്തംപോലും അവൻ വ്യൎത്ഥമായി വ്യയംചെയ്യുകയില്ല. ഒഴിവുകാലങ്ങളിൽ വീട്ടിൽ വന്നാൽ മാതാവിന്റെയും പുത്രന്റെയും പ്രധാനജോലി ഭാവികാൎയ്യപരിപാടി എഴുതുകതന്നെയായിരുന്നു.

അമ്മ "മകനെ, നിയ്യ് ബി. എ. പരീക്ഷയിൽ ജയിച്ചിവിടെ വന്നാൽ ഉടനെ ഞാൻ ഒരു കല്യാണം ഏൎപ്പാടുചെയ്യും. ഞാൻ എങ്ങിനെ

യുള്ള ഒരു കുട്ടിയെയാണ് തിരഞ്ഞെടുക്കുന്നതെന്ന് നിനക്കറിയണോ.? പറയാം; ഒരു വീട്ടിൽ പെരുമാറുന്നതിനു വേണ്ട സകല സാമാനങ്ങൾ, ഒരു പെട്ടി നിറയെ ആഭരണം, ഒരു വാളിയ നിറയെ രൂപ ഇവ ആരു തരുമോ അവന്റെ മകളെ നീ കല്യാണം കഴിക്കണം. മറ്റൊന്നുംകൊണ്ട് ഞാൻ തൃപ്തിപ്പെടുകയില്ല.

മകൻ അല്പം വിനയത്തോടെ—"പറഞ്ഞുകൊള്ളൂ അമ്മെ, പറഞ്ഞുകൊള്ളൂ. നിങ്ങളുടെ മകനെ ഇത്രവളരെ മുതൽതന്ന് ആരു വാങ്ങും. ഇക്കാലത്തു ബി. എ കാർക്ക് ഒരു വിഷമവുമില്ല. ഓരോ കോണിലും ഡസൻകണക്കിനു ബി. എ. ക്കാരു് ഇക്കാലത്തുണ്ട്."

അമ്മ—"ഉണ്ടായേക്കാം, പക്ഷെ നിന്റെ തറവാട്ടുമഹിമ ആർക്കുണ്ട്. ഇവിടെ ഒരു മകൻ ജനിച്ചാൽ പതിനായിരം രൂപ വിലയാണ്. ഇതിൽകുറഞ്ഞ ഒരു സ്ത്രീധനവുംകൊണ്ട് ഒരു പെണ്ണും ഇതിനകത്തു കയറീട്ടില്ല. എന്റെ അച്ഛൻ മുടിഞ്ഞതു് എങ്ങിനെയെന്നു നിനക്കറിയാമൊ.? എന്റെ ഒററ വിവാഹമാണതിനു കാരണം. അദ്ദേഹത്തെ ആരും അതിനു കുറാപ്പെടുത്തീട്ടില്ല. വലിയ മാനമായിത്തന്നെയാണ് അദ്ദേഹത്തെ ഇന്നും ആളുകൾ വെച്ചിരിക്കുന്നതു്.!

അനന്തന് അമ്മയുടെ വാക്കുകൾ വേദപ്രമാണങ്ങളാണ്. അതിനാൽ ക്രമേണ താനൊരു നിധിതന്നെയാണെന്ന് ആ യുവാവിനു തോന്നിത്തുടങ്ങി.

നല്ലഒരു കാലത്തു് അവൻ ബി. എ. ജയിച്ചു. ഉടനെതന്നെ അമ്മ വിവാഹദൂതന്മാരെ വരുത്തി തന്റെ പുത്രന് ഉചിതമായ ഒരു വധുവിനെ അന്വേഷിക്കാൻ ഏർപ്പാടുചെയ്തു. ആദ്യമായ് വധു ഒരു പണക്കാരന്റെ മകളാണൊ. മററുള്ളതൊക്കെ പിന്നെ. ഇതത്രെ വിവാഹനിർദ്ദേശങ്ങൾ.

ഇവിടെ പെൺകുട്ടികൾക്കത്ര ദാരിദ്ര്യമില്ല. നാമന്വേഷിക്കുന്നതെല്ലാം ഇന്നല്ലെങ്കിൽ നാളെ ഉണ്ടാകും. ധനവാന്മാരായ പിതാക്കന്മാരും ധാരാളമുണ്ട്.

പ്രത്യേകം ചില ദിക്കുകളിൽ വിവാഹദൗത്യം പ്രവൃത്തിരൂപത്തിൽ ആരംഭിച്ചു. കുട്ടിയെ കണ്ടാൽ വൈരൂപ്യമില്ല. പതിനാലു വയസ്സായിട്ടുമുണ്ട്.

അനന്തന്റെ അമ്മ മഹാലക്ഷ്മി—"അവർ പതിനാലെന്നു സമ്മതിച്ചോ? എന്നാൽ പതിനാറൊ പതിനേഴൊ നിശ്ചയംതന്നെ. അപ്പോൾ അവൾ ഒരു പ്രായമേറിയ സ്ത്രീ തന്നെയായി. അവൾക്ക് അനുസരണമുണ്ടായിരിക്കുമോ ആവോ? നമ്മളേയും അനന്തനേയും ഭിന്നിപ്പിക്കുമോ."

ആദിനാഥൻ—"ഏയ് അതൊന്നും പേടിക്കേണ്ട. ഒരു പെണ്ണിന്റെ വാക്കുകേട്ടു നടക്കുന്നവൻ ഈ തറവാട്ടിൽ ഉണ്ടായിട്ടില്ല. നാം പറഞ്ഞ

തെല്ലാം അവർ സമ്മതിച്ചാൽ പിന്നെ അവളുടെ വയസ്സ് എത്രയെങ്കിലുമാകട്ടെ."

വധുവിൻെറ അച്ഛൻ എല്ലാം സമ്മതിച്ചു. മഹാലക്ഷ്മി സന്തോഷംകൊണ്ട് ഉന്മാദവതിയായിരിക്കുന്നു. വേളിക്കുള്ള മുഹൂർത്തം അല്പം നീണ്ടുപോയി എന്ന് മഹാലക്ഷ്മിക്കു തോന്നി. അത് ഒന്നടുപ്പിക്കാൻ സകല ശക്തിയും പ്രയോഗിച്ചുനോക്കി. പക്ഷേ സാധിച്ചില്ല. ചാരിതാർത്ഥ്യത്തിനുവേണ്ടി അവൾ ദിവാസ്വപ്നം കണ്ടുതുടങ്ങി. സ്ത്രീധനം കയ്യിൽ കിട്ടിയാൽ ഉടനെ വരുത്തേണ്ട ആഭരണങ്ങളുടെ ഒരു പട്ടിക അവൾ തയാറാക്കി. അനന്തൻെറ അച്ഛൻ പറഞ്ഞതു് എത്ര ശരിയായി. അവൻ നമ്മുടെ തറവാട്ട് ഉയർത്തും; നിശ്ചയം. വധൂബന്ധു അയ്യായിരം രൂപ രൊക്കമായും, പണ്ടങ്ങളും മററു സാമാനങ്ങളും കൂടി അയ്യായിരത്തിനു വിലപിടിക്കുന്നതു് വേറെയും തരും. അവളുടെ അച്ഛന് ഒരു സന്തതിയെ ഉള്ളു. മുഹൂർത്തസമയം പ്രത്യേകം ചില സൗജന്യം അയാൾ ചെയ്യാതിരിക്കയില്ല. കൊല്ലംതോറും പിന്നേയും അവൾക്ക് വല്ലതുമൊക്കെ കൊടുക്കും.

'അന്യഥാചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയെൽ' മഹാലക്ഷ്മിയുടെ മനോരാജ്യം അത്രതന്നെ സഫലമായില്ല. മകനോട്ടും, ബന്ധുജനങ്ങളോടും സ്നേഹിതന്മാരോടും ഒത്തൊരുമിച്ച് ആദിനാഥൻ അതിഘോഷമായി വധൂഗൃഹത്തിലേക്കു പുറപ്പെട്ടു. അയൽവാസികളായ സ്ത്രീകളോട് വധുവിൻെറ ശ്രേഷ്ഠത, കുബേരത്വം ഇവ മഹാലക്ഷ്മി പ്രസംഗിച്ചുതുടങ്ങി. വധുവിനേയും ബന്ധുക്കളേയും സല്ക്കരിക്കേണ്ടതെങ്ങനെയെന്നും ആലോചന തുടങ്ങി. തങ്ങളുടെ കുടുംബാഭിമാനത്തിനു തക്കവണ്ണം ബന്ധുക്കളെ സല്ക്കരിക്കമെന്നും ആ ഗ്രാമത്തിലുള്ള ചില അസൂയക്കാരത്തികളെ അതു് കാണിക്കണമെന്നും മഹാലക്ഷ്മി ഉറച്ചു.

ഇന്നു അനന്തൻ സ്വഭാര്യയോടൊത്തു് ഇവിടെ എത്തും. വീട്ടിൽ ബന്ധുക്കളും വിരുന്നുകാരുമായി നിറഞ്ഞു. എല്ലാ വ്യവസ്ഥകളേയും മഹാലക്ഷ്മി സശ്രദ്ധം പര്യവേക്ഷണം ചെയ്തു. അവളുടെ സ്വരം ക്രമേണ ഉയർന്നുയർന്ന് അതിൻെറ പരമസീമയിൽ എത്തി. അവളുടെ സന്തോഷപ്രവാഹം സീമാവിഹീനമായിരുന്നു. പ്രധാനപടിവാതുക്കൽ ഒരു ഗായകസംഘം സന്നദ്ധമായിരുന്നു. അവരുടെ യാന്ത്രികകലകൾ ഇടയിടെ മുഴക്കിയും, അനന്തരം മൗനഭഞ്ജനം ചെയ്തും കഴിഞ്ഞുകൂടി. ബന്ധുജനങ്ങളുടെ ആഗമനത്തോടുകൂടി തങ്ങളുടെ പാണ്ഡിത്യം മുഴുവനും കാണിക്കണമെന്നുറച്ച് അവർ കാത്തുനിന്നു.

മഹാലക്ഷ്മിയുടെ സ്വന്തമാളുകളിൽനിന്നും സഹോദരഭാര്യയും, ഒരു കുട്ടിയും മാത്രമെ വന്നിരുന്നുള്ളു. അവളെ അത്യന്തം ഹാർദ്ദമായി സ്വ

ല്ക്കരിച്ച് രണ്ടു നാത്തൂന്മാരും ഇരുന്നു വത്തമാനം തുടങ്ങി. സഹോദരഭാര്യ—"നാത്തൂന്നേ, പെണ്ണു കണ്ടാൽ ചീത്തയാണെന്നു പറയുന്നതു കേട്ടല്ലോ?"

മഹാലക്ഷ്മി കോപത്തോടെ—"ഈ നുണ നിങ്ങളോട് ആരു പറഞ്ഞു. നിങ്ങളും ആ കുട്ടിയെ കണ്ടിട്ടുണ്ടോ?"

നാത്തൂൻ—"ഞാൻ അങ്ങനെ ഒരു വത്തമാനം കേട്ടു എന്നേ ഉള്ളൂ. നിങ്ങളും അതിനു കോപിക്കേണ്ട. അനന്തനു സ്ത്രീധനമായി ഒരു വലിയ തുക കിട്ടുന്നുണ്ട്. അതുകൊണ്ട് പെണ്ണു കണ്ടാൽ മോശമായിരിക്കുമെന്നു ജനങ്ങളും ഊഹിച്ചതാണ്."

ഇതു കേട്ടപ്പോൾ മഹാലക്ഷ്മി ഒന്നുകൂടി ചൊടിച്ചിങ്ങനെ പറഞ്ഞു: "അവർ എങ്ങിനെയാണാവൊ ഇങ്ങനെ ഊഹിച്ചത്.? എന്റെ മകൻ അയ്യായിരം രൂപയ്ക്കു വിലപിടിക്കാത്തവനാണോ.? ഈ നാട്ടിൽ ഇത്ര പ്രഭുത്വമുള്ള ഒരു വീട് വേറെ പറയാമൊ.? ദേവകന്യകകളെപ്പോലെ അത്ര സൗന്ദര്യമുള്ള കുട്ടികളും ഇവിടെ വന്നിട്ടുണ്ട്. അവർ രാജകുമാരികൾക്ക യോഗ്യമാംവണ്ണം സ്ത്രീധനവുംകൊണ്ടു വന്നിട്ടുണ്ട്. അന്നീക്കുത്തുമ്പു എവിടെ പോയിരുന്നു. അസൂയയിൽ മുഴുകി മരിക്കയാണവർ."

ഈ അവസരത്തിൽ വാദ്യഘോഷമായ് തകത്തു. ഇങ്ങനെ സംഭാഷണം അവസാനിപ്പിച്ചു. എല്ലാവരും വധുവിനെ കാണ്മാനായി പടിക്കലേക്ക് ഓടി.

തറവാടിന്റെ പരമ്പാനിക ചടങ്ങുകളെ വിടാതെ വധുവിനെ വേണ്ട വിധത്തിൽ സ്വീകരിക്കുന്നതിനുള്ള ബദ്ധപ്പാടിൽ മഹാലക്ഷ്മി ഭർത്താവിനോട് യാതൊന്നുംതന്നെ പറകയോ ചോദിക്കയൊ ചെയ്തില്ല. വധു ഒരു സുന്ദരിയെന്ന് പറവാനില്ലെങ്കിലും അവളിൽ അശേഷവും വൈരൂപ്യം കാണുന്നില്ല. അനന്തന്റെ മുഖം അല്പം മ്ലാനമായിരുന്നു. വധുവിന്റെ ആകാരമോടിയിൽ മകൻ സംതൃപ്തനല്ലായിരുന്നേക്കാമെന്ന് അവർ ശങ്കിച്ചു. അവർ തന്നത്താൻ ഒന്നു ചിരിച്ചു. എത്ര നാളത്തേക്കാണാവോ ഈ തൊലിയുടെ ഗുണം നിലനില്ക്കുന്നതു്. എന്നാണാവൊ ഒന്നു പ്രസവിക്കുന്നതു്; അന്നു സൗന്ദര്യം വെറും സ്വപ്നംതന്നെ. എന്റെ കഥതന്നെ ഒന്നു ആലോചിക്കരുതെ എന്നിങ്ങനെ മഹാലക്ഷ്മി വിചാരിച്ചു.

സമീപവാസികളും ബന്ധുജനങ്ങളുമെല്ലാം പിരിഞ്ഞു. മഹാലക്ഷ്മിക്ക് വിശ്രമത്തിനുള്ള അവസരവും സിദ്ധിച്ചു. അവർ സ്വശയ്യാമുറിയിലേക്ക് കടന്നു; സ്വഭർത്താവ് എന്തോ അശുഭശങ്കയോടെ ദുർമ്മുഖനായി അവിടെ കിടക്കുന്നതു കണ്ടു. അവളുടെ ഹൃദയം അല്പം അസ്വസ്ഥതയോടെ ത്രുടനം ചെയ്തു. എന്തോ അശുഭം സമാഹിതമെന്നും അവർ ഉറച്ചു. അവർ ഭർത്താവിന്റെ സമീപത്തെത്തി ഇങ്ങിനെ ചോദിച്ചുതുടങ്ങി. "ഇതെന്തു കഥ, എന്താണിങ്ങനെ കിടക്കുന്നതു്."

ആദിനാഥൻ— നീ നിരാശപ്പെടുകയൊ കോപിക്കയൊ ചെയ്യരുതു്. ഒരുവനു പററിയ അമളി മററുള്ളവരെ അറിയിച്ചിട്ടാവശ്യമെന്തു്?. ഇരുട്ടത്തു കൊണ്ടടി കൊടുക്കുകിട്ടത്തുതന്നെ.

മഹാലക്ഷ്മിയുടെ ഉല്ക്കണ്ഠ സീമാവിഹീനമായി. "എന്തു പററി എന്നു് ആദ്യംതന്നെ പറയൂ."

ആദിനാഥൻ—"സ്ത്രീധനം കിട്ടിയില്ല."

മഹാലക്ഷ്മിയുടെ സർവ്വാവയവവും ദഹിച്ചുതുടങ്ങി. അവൾ:— പിന്നെ എന്തിനാണു് നല്ല പെൺകുട്ടികൾക്കു നോക്കുകുത്താൻ കൊള്ളാവുന്ന ഇവളെ കൂട്ടിക്കൊണ്ടു പോന്നതു്. മകനെ മാത്രം ഇങ്ങോട്ടു കൊണ്ടുപോന്നാൽ പോരായിരുന്നോ.?

ആദിനാഥൻ—ഏയി, അങ്ങനെ പാടില്ല. ആയാൾക്കു പെട്ടെന്നു് ഒരു ദീനം പിടിപെട്ടു. അയാൾ എന്നെ അടുക്കൽ വിളിച്ചിരുത്തി മൂന്നു മാസത്തിനകം ഈ സംഖ്യ ബോധ്യപ്പെടുത്തിക്കൊള്ളാമെന്നു് കേണിരന്നു. അങ്ങിനെ സാധിച്ചില്ലെങ്കിൽ അയാൾ പെൺകുട്ടിയെ തിരിയെ കൊണ്ടുപൊയ്ക്കൊള്ളും. നമുക്കു് നമ്മുടെ മകനെക്കൊണ്ടു വേറെ വേൾപ്പിക്കാം. ഇങ്ങിനെ പറഞ്ഞാൽ ഞാനെന്തുചെയ്യും.

വേളികഴിക്കാതെ പോരുന്നതു് ശുദ്ധനീചവും ഹൃദയശൂന്യവുമായ ഒരു പ്രവൃത്തിയല്ലെ. ഒന്നുമില്ലെങ്കിലും നമ്മുടെ തറവാട്ടു നോക്കണ്ടെ. ആഭരണവും സാമാനവുമെല്ലാം ശരിപ്പെടുത്തീട്ടുണ്ടായിരുന്നു.

ഇതൊന്നുംകൊണ്ടു് മഹാലക്ഷ്മി ശാന്തയായില്ല. "അതെല്ലാംകൊണ്ടു എനിക്കെന്താണു്. ആഭരണം അണിഞ്ഞു് അവൾ ശോഭിക്കുന്നതുകൊണ്ടു് എനിക്കെന്തു ഫലമാണു്. എൻെറ സകല ആഭരണങ്ങളും അവൻെറ വിദ്യാഭ്യാസത്തിനു് ചിലവഴിച്ചിരിക്കുന്നു. പകരം എനിക്കു വേണ്ട ആഭരണം കിട്ടുമെന്നല്ലെ ഞാൻ വിചാരിച്ചിരുന്നതു്. നിങ്ങളെന്തു ആലോചനക്കുറവാണു ചെയ്തതു്. കെട്ടിഞാന്നു മരിക്കുന്ന വേദന ഞാൻ അനുഭവിക്കുന്നു. നാളെ നേരം വെളുക്കണമെങ്കിൽ ആ എമ്പോക്കിരിയുടെ മകളെ ഇറക്കിവിട്ടി വെളിയിൽ കളഞ്ഞേക്കാം."

ആദിനാഥനും ഭാര്യയുടെ കോപത്തിൽ ഭാഗഭാക്കായി എങ്കിലും ഇങ്ങിനെ ഒരു സാന്ത്വനം പറഞ്ഞു. "എന്തിനാണിങ്ങനെ ലഹള കൂട്ടുന്നതു്. മൂന്നു മാസം കാക്കുക. എന്നിട്ടും അവർ തന്നില്ലെങ്കിൽ നിൻെറ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ഞാൻ അങ്ങനെ ഒരു വാക്കു് കൊടുത്തു."

"അവരുടെ വാക്കിനു വ്യവസ്ഥയുണ്ടോ?" "സകലരും മര്യാദ പഠിക്കുന്നതു് ഈ തറവാടിനെ കണ്ടാണു്. നാം ആരേയും അനുഗമിക്കാറില്ല."

മഹാലക്ഷ്മി വേണ്ടതിലധികം കലശൽ കൂട്ടിത്തുടങ്ങി. പക്ഷെ ഭർത്തൃഹിതത്തിന്ന വിരോധമായി ഒന്നും ചെയ്വാൻ അവൾക്ക ശക്തിയുണ്ടായില്ല. സാധു, ആ പെൺകുട്ടിക്ക് തൻെറ നില എന്തെന്ന നല്ലപോലെ മനസ്സിലായി. വിധിമതത്തെ അനുസരിക്കതന്നെ എന്നവൾ ഉറച്ചു. പിതൃഗൃഹത്തിലേക്ക് ഈ ദുരന്തസ്ഥിതികളെക്കുറിച്ച് അത്യന്ത സങ്കടത്തോടെ അവൾ എഴുതി അയച്ചു. അവർ വാഗ്ദാനം നിറവേററാത്തപക്ഷം അവൾ അനുഭവിക്കേണ്ട കഷ്ടപ്പാടുകളെ വിശദീകരിച്ചിരുന്നു.

ദുരന്തസങ്കടങ്ങൾ ബംഗാളിയുവതികൾക്കുള്ള ജന്മാവകാശമാണ്. ലളിതയും ഇതിന്ന വ്യത്യസ്തയല്ല.

അനന്തൻ അവളോട് അതിപ്രേമത്തോടെ പെരുമാറിയിരുന്നില്ലെങ്കിലും അശേഷവും ക്രൂരത കാണിച്ചിരുന്നില്ല. ചില അവസരങ്ങളിൽ അവളുടെ ചിന്താഗതി അത്യന്തം കലുഷമായിരിക്കുമ്പോൾ അനന്തൻ സാന്ത്വനം കൊണ്ട് അവളെ ആശ്വസിപ്പിക്കാറുണ്ട്. അതിനാൽ സ്വഭർത്താവിനെക്കുറിച്ച് ലളിതയ്ക്കു കുററം പറവാൻ തരമില്ല. പക്ഷെ, അമ്മയുടെ പോരു് അവൾക്ക സഹിപ്പാൻ വഹിയാത്തതായി. അമ്മയുടെ നിശിതവും കക്ക്ശവുമായ വാക്കുകൾ അവളുടെ ഹൃദയത്തെ വിദാരണം ചെയ്തു. രോദനം ഒന്ന മാത്രം അവൾക്ക ശരണമായിത്തീർന്നിരുന്നു. ലളിത ഇതുവരെ അനന്തൻെറ അച്ഛനെ കണ്ടിട്ടില്ല; ഇദ്ദേഹം അവളോടു രസമില്ലാതെയാണ പെരുമാറിയിരുന്നതു്. വഞ്ചനയെ അടിസ്ഥാനമാക്കിയാണ് ഇവൾ തൻെറ ഗൃഹത്തിൽ പ്രവേശിച്ചതു്. തൻെറ സ്നുഷ എന്ന ഭാവം അദ്ദേഹം നടിച്ചതുതന്നെയില്ല. അതിനാൽ ഈ കുട്ടിയുടെ കാൎയ്യത്തിൽ തീരെ അശ്രദ്ധനായി തന്നെ കഴിച്ചുകൂട്ടി.

കാൎയ്യങ്ങൾ ഇവിടേയും അവസാനിച്ചില്ല. മാസം മൂന്ന കഴിഞ്ഞു. പണം വരുന്ന മട്ടു് കാണ്മാനില്ല. ലളിതയുടെ അച്ഛൻ മരണശയ്യയിൽ അകപ്പെട്ടു. ദീനം മാറുന്നപക്ഷം ഒരു കൊല്ലത്തിനകം പണം മുഴുവനും കൊടുക്കാമെന്ന് അദ്ദേഹം അറിയിച്ചു. തൻെറ അരുമസന്തതിയെ ഒന്ന കാണ്മാൻ അപ്പോൾ ആവശ്യപ്പെട്ടുകയും ചെയ്തു.

ഈ പ്രഭുകുടുംബത്തിനും ഈ ദുഃഖവൎത്തമാന അശേഷവും ക്ഷോഭജനകമായിരുന്നില്ല.

മഹാലക്ഷ്മി—"കള്ളൻ, പതിയൻ, ആയാളുടെ മകളെ എന്നെന്നേക്കുമായി കൊണ്ടുപൊയ്ക്കൊള്ളട്ടെ."

സ്നുഷയെ മാൎജ്ജനി കൊണ്ടുതന്നെ ബഹിഷ്കരിപ്പാൻ മാതാവു് സന്നദ്ധയായിരുന്നു. പക്ഷെ ഭൎത്താവിൻെറ ആഭിജാത്യം അവളെ അതു ചെയ്യിച്ചില്ല. അനന്തൻ അനുകൂലമായൊ പ്രതികൂലമായൊ ഒന്നുംതന്നെ പറഞ്ഞില്ല. ഇയ്യാൾ ഒരു നല്ല യുവാവാണ്. മാതാക്കളുടെ ഹിതത്തി

ന്ന വിരോധമായി ഒരക്ഷരം അയാൾ പറക പതിവില്ല.

ഹൃദയവേദനയോടെ വീട്ടുവിട്ട അവസരത്തിൽ ലളിതയുടെ കണ്ണ് അശ്രുപൂർണ്ണമായിരുന്നു. ഇത് അനന്തനെ അല്പം ദുഃഖിപ്പിച്ചു. പക്ഷെ ലളിതയുടെ അച്ഛൻറെ ചതിയോർത്ത് ആശ്വസിക്കയും ചെയ്തു.

അനന്തൻ വളരെ നാൾ ഈ വിരഹദുഃഖം അനുഭവിക്കേണ്ടി വന്നില്ല. രണ്ടാമത് ഒരു യുവതിയെ വിവാഹം ചെയ്തു കൊണ്ടുവന്നു. അവൾ ആളുകളെയും വശീകരണത്തിനും യോജിപ്പുള്ളവളാണ്. അവളുടെ പേര് മേഘമാല എന്നായിരുന്നു. ലളിതയെക്കാൾ ഇവൾ സുന്ദരിയുമാണ്. വിവാഹവിക്രയത്തിൽ അനന്തൻറെ വില നന്നെ ഇടിഞ്ഞു. അദ്ദേഹം ഒരു വിവാഹം കഴിച്ചുപോയതാണ് ഇതിനു കാരണം. എങ്കിലും അവരുടെ കുടുംബമഹിമകൊണ്ട് സാമാന്യം നല്ല ഒരു തുക സ്ത്രീധനമായി കിട്ടി. കന്യാപിതാവ് സമ്പത്തിൽ ഒട്ടും കുറഞ്ഞ ആളല്ലായിരുന്നു. അതുകൊണ്ട് വാഗ്ദത്തമനുസരിച്ച സംഖ്യ മുഴുവനും ഉടനെ കൊടുത്തു തീർത്തു. മഹാലക്ഷ്മി അവളുടെ ഹിതമനുസരിച്ച് ആഭരണങ്ങൾ വരുത്തി. ആദ്യം മുതല്ക്കുതന്നെ മേഘമാലയെക്കുറിച്ച് അവർക്കു വാത്സല്യം തുടങ്ങി. മേഘമാല ഒരു സാധാരണകുടുംബത്തിൽനിന്നു വന്നവളെങ്കിലും അവളുടെ സംസ്കാരം ഉത്തമരീതിയിലായിരുന്നു. അമ്മായിയെ ഒരു ദേവിയെന്നപോലെ ആരാധിച്ചുവന്നു. അതുകൊണ്ട് യാതൊരു അസ്വാരസ്യവും കൂടാതെ കഴിഞ്ഞുകൂടി. ഇതിനിടയിൽ നടന്ന അച്ഛൻറെ ശുപാർശ വഴിക്ക് അനന്തന് അവിടെയുള്ള ഒരു ബാങ്കിൽ ഉദ്യോഗം കിട്ടി. അനന്തൻ ചിലവുചെയ്യുന്നതിൽ വളരെ സൂക്ഷ്മമുള്ളവനാണ്. അതിനാൽ ക്രമേണ സമ്പാദ്യമുണ്ടായിത്തുടങ്ങി. മാതാപിതാക്കൾ ജീവിച്ചിരിക്കുന്നതുകൊണ്ട് ജോലിസ്ഥലത്തേയ്ക്കു ഭാര്യയെ കൊണ്ടുപോരുവാൻ അനന്തനു സാധിച്ചില്ല. അതിനാൽ ആഴ്ചയിൽ ഒരിക്കൽ മാത്രം വീട്ടിൽ വരും. പിന്നെയുള്ള ദിവസങ്ങളിലൊക്കെ ഒരു ഹോട്ടലിൽ കഴിച്ചുകൂട്ടി.

ലളിതയെക്കുറിച്ച് ആരുംതന്നെ അന്വേഷണവുമില്ല. അവളും മൌനംതന്നെ ദീക്ഷിച്ചു. ലളിതയുടെ അച്ഛൻ മരിച്ചുപോയ വിവരം അനന്തൻറെ കുടുംബക്കാർ ആരോ പറഞ്ഞു മനസ്സിലാക്കി. ശാന്തമായ ഒരു മുഖം, അവിടെ ശോഭിക്കുന്ന രണ്ടു കണ്ണുകൾ, വിശേഷിച്ച് അവ അശ്രുപൂർണ്ണമായ ഒരു കാഴ്ച എന്നിവയോരോന്നും അനന്തനെ ഇടക്കിടെ പീഡിപ്പിച്ചിരുന്നു എങ്കിലും അവയൊന്നും ചിരസ്ഥായിയായിരുന്നില്ല.

രണ്ടാമത്തെ ഭാര്യയായ മേഘമാലയുടെ ആഗമനം ആ തറവാട്ടിലേക്ക് ശുഭോദർക്കമായിരുന്നു. വീടു സമ്പൽസമൃദ്ധമായി. മഹാലക്ഷ്മിയുടെ ആഭരണപ്പെട്ടകം നിറഞ്ഞുകഴിഞ്ഞു. പഴയ വീട് അററകുററങ്ങൾ തീർത്ത് ഒരു നവീനരൂപം വരുത്തിയിരിക്കുന്നു. ഭൃത്യവർഗ്ഗങ്ങളുടെ എണ്ണം ക്ര

മാതീതമായിട്ടുണ്ട്. മഹാലക്ഷ്മിക്ക് സമീപവാസികളുടെ കുററവും കുററവും പറഞ്ഞു ആക്ഷേപിക്കയെന്നല്ലാതെ മററൊന്നും ചെയ്യുണ്ടതായിട്ടില്ലായിരുന്നു. ആ ദേശത്തുള്ള സകലരും മഹാലക്ഷ്മിയുടെ നിശിതജിഹ്വയേയും, ദീർഘവിക്രമസമയത്തേയും ഭയപ്പെട്ടുകൊണ്ടിരുന്നു.

അനന്തൻ വീട്ടിൽവരുന്ന അവസരങ്ങളിൽ എല്ലാം സാമുദായികകേസ്സുകളുടെ വിചാരണക്ക സ്വഗൃഹത്തിൽ ഒരു കച്ചേരിയും സ്വമാതാവു ന്യായാധിപയായും കണ്ടിരുന്നു. കുററക്കാരെല്ലാം ഹാജരാകാത്തവരായിരുന്നതുകൊണ്ടു വിധി പ്രസ്ഥാവിക്കുന്നതിൽ ഒരു കുഴപ്പവും നേരിട്ടിരുന്നില്ല. ഇടവും വലവും മുമ്പും പിമ്പും എല്ലാപ്രദേശങ്ങളുടേയും വിധികല്പിച്ച് അവർ ചാരിതാൎത്ഥ്യമടഞ്ഞിരുന്നു.

അനന്തന്റെ സമയത്തേയും പണത്തേയും ദുർവ്യയം ചെയ്യുന്നതു് ഒരുപോലെ സങ്കടാവഹമായിരുന്നു. അമ്മയ്ക്കു് അഹിതംവരുത്തുന്ന ഒരു കാൎയ്യവും പറവാൻ ഇയ്യാൾക്ക സമ്മതവുമില്ല.

ഇങ്ങനെ കുറെക്കഴിഞ്ഞു. ഒടുവിൽ അയാളുടെ ക്ഷമ തീരെ നശിച്ചു. അനന്തൻ—അമ്മേ, ഈ വൃദ്ധകൾക്ക വേലയൊന്നുമില്ലേ. അവർ ഇവിടെ വന്ന് അമ്മയുടെ എത്ര നേരമാണ് കൊള്ളരുതാത്ത വൎത്തമാനംകൊണ്ടു നശിപ്പിക്കുന്നതു്. ഞാൻ വരുമ്പോഴെല്ലാം ഇവരെ കാണാറുണ്ടു്.

ഇതുകേട്ടു് മഹാലക്ഷ്മി അല്പം ക്ഷീണഭാവം നടിച്ച് ഒരു കോട്ടുവായുമിട്ടു് ഇങ്ങിനെ പറഞ്ഞുതുടങ്ങി. "ഒരു ജോലിയും ചെയ്യാനില്ല. നിനക്ക് ഒരു കുഞ്ഞുണ്ടായിരുന്നു എങ്കിൽ അതിനെ ലാളിച്ചെങ്കിലും നേരം പോക്കാമായിരുന്നു. കൊല്ലം ഒന്നു കഴിഞ്ഞു. ഇതുവരെ ഒരു കുട്ടിയുണ്ടായില്ലല്ലൊ."

ഈ ഒരു സംഗതിയിൽ അനന്തനും മനഃക്ലേശമനുഭവിച്ചുവരികയാണ്. അമ്മയുടെ ഈ വാക്കുകൾ അനന്തന്റെ സങ്കടത്തെ പൂൎവ്വാധികം വൎദ്ധിപ്പിച്ചു. മേഘമാലയുടെ സാന്ത്വനങ്ങളും അനന്തന്റെ മനോദുഃഖത്തെ ശാന്തപ്പെടുത്തുവാൻ കഴിഞ്ഞില്ല.

അനന്തൻ ജോലിസ്ഥലത്തേക്ക മടങ്ങി. അമ്മയുടെ അന്നത്തെ വാക്ക മറക്കുവാൻ അനന്തനെക്കൊണ്ടു സാധിച്ചില്ല. അമ്മയുടെ വാക്കുകൾ പരമാൎത്ഥവുമാണല്ലൊ. അയാൾക്ക് പുത്രലാഭത്തിനു യോഗമില്ലായിരിക്കുമോ.? അങ്ങിനെയെങ്കിൽ അതു് ഒരു ദുരിതംതന്നെ. ഈ ഉൽകൃഷ്ടകുടുംബം ഈയാളോടുകൂടി സന്തതിവിഹീനമാകുമല്ലൊ. നിഷ്കളങ്കയും പ്രാണപ്രേയസിയുമായ ലളിതയെ തിരസ്കരിച്ച മഹാപാപമായിരിക്കുമോ ഈ ദുരദൃഷ്ടത്തിനു കാരണം.

മേഘമാല വന്ധ്യയെങ്കിൽ അനന്തൻ വീണ്ടും വിവാഹം ചെയ്യേ

ണ്ടിവരും. സാധു മേഘമാല, കഷ്ടം പെണ്ണുങ്ങളുടെ കഥ ഇത്ര ശോചനീയമാണല്ലോ. എന്നാൽ അതിനുള്ള കാരണം അവരുടേതല്ലതാനും.

മേഘമാല പ്രായം കവിഞ്ഞ ഒരു യുവതിയല്ല. കുറച്ചുകാലംകൂടി ഇനിയും ക്ഷമിക്കാം. അച്ഛന്റേയും അമ്മയുടേയും സമ്മതം കിട്ടുന്നപക്ഷം വല്ല ഡാക്ടർമാരേയും കൊണ്ടു് ഒന്നു പരിശോധിപ്പിക്കാമായിരുന്നു. വേണ്ട ചികിത്സയും ചെയ്യാമെന്നുണ്ടു്. ലളിതയെ ഇദ്ദേഹം തിരിയെ വരുത്തുകയില്ലേ? രണ്ടാമത്തെ ഭാര്യ ഇതനുവദിക്കുമോ? ഇവൾ അനുവദിച്ചില്ലെങ്കിലും മററവൾക്കു അവകാശമുണ്ടു്. അനന്തൻ ലളിതയെ അന്വേഷിച്ചേക്കാം.

മേഘമാല ബുദ്ധിമതിയായ ഒരു യുവതിയാണ്. ഭർത്താവിന്റെ ഹൃദയാന്തർഭാഗത്തു് എന്തോ ചിലതു പ്രവർത്തിക്കുന്നുണ്ടെന്ന് അവൾക്കു മനസ്സിലായി. അതു മനസ്സിലാക്കുവാൻ അത്ര വിഷമമില്ലായിരുന്നു. അനന്തൻ ഈ കാര്യങ്ങളിൽ മൗനിയായിരുന്നെങ്കിലും അമ്മയുടെ സ്വഭാവം അതിനു നേരെ വിപരീതമാണ്. അമ്മയുടെ നിരാശ ക്രമേണ വർദ്ധിച്ചുതുടങ്ങി. അവർ അറിഞ്ഞിട്ടുള്ള ദേവന്മാർക്കു വഴിപാടും മരുന്നും മന്ത്രവുമൊക്കെ പ്രയോഗിച്ചു. അവരെക്കൊണ്ടു് ഫലമൊന്നുമുണ്ടായില്ല. മഹാലക്ഷ്മിയുടെ നിരാശാസൂചകമായ മുഖം കുറച്ചുകുറച്ചായി മേഘമാലയെ വേദനപ്പെടുത്തി.

ഇക്കാലത്തു് ആദിനാഥൻ ഒരു രോഗിയായിത്തീർന്നു. അപ്പോൾ കുറച്ചുദിവസത്തേക്കു മേഘമാലയ്ക്കു് ഒരു സൈ്വരം കിട്ടി. മാന്ത്രികന്മാർ അവളെ ഉപദ്രവിക്കാതെ ആയി. അനന്തൻ ഒരു മാസത്തെ അവധി എടുത്തു വീട്ടിലേക്കു് അച്ഛന്റെ ശുശ്രൂഷയ്ക്കു പോന്നു.

ഇവരുടെ വീട്ടു് ഒരു ഗ്രാമപ്രദേശത്തെങ്കിലും അതു് വിസ്തൃതവും അല്പം പരിഷ്കാരമുള്ളതുമാണ്. അവിടെ ഒരു പാഠശാലയും ഒരു ആശുപത്രിയും ഉണ്ടു്. അവിടെ നല്ല ഒരു ഡാക്ടറുമുണ്ടു്. ഇദ്ദേഹത്തെ ക്ഷണിച്ചുവരുത്തി ആദിനാഥനെ ചികിത്സിപ്പിച്ചു. ആദ്യം രോഗത്തിനു വലിയ ആശ്വാസം കിട്ടി. രണ്ടാമതും അധിവത്തിച്ചു; പിന്നേയും അല്പസുഖം ലഭിച്ചു. ഇങ്ങിനെ ഒരാഴ്ച കഴിഞ്ഞു.

ഒരു പ്രഭാതത്തിൽ അനന്തനെ ഡാക്ടർ വിളിച്ചു് ഇങ്ങിനെ പറഞ്ഞു. "ഞാൻ ചിലതു് പറയണമെന്നു വിചാരിക്കുന്നു. നിങ്ങളുടെ അച്ഛനു വയസ്സായി. അദ്ദേഹം ക്രമേണ ക്ഷീണിക്കുന്നു. ഇവിടെ താമസിച്ചാൽ ദീനം ഭേദമാകയില്ലെന്നു ഞാൻ പറയുന്നില്ല. വൃദ്ധന്മാരെ പ്രത്യേകം സൂക്ഷിക്കണം. പ്രത്യേകം വല്ലവരേയും കാണിക്കണമെന്നുണ്ടെങ്കിൽ അതും ചെയ്യാം. നിങ്ങളുടെ ജോലിസ്ഥലത്തു് വലിയ ആശുപത്രിയും ഡാക്ടർ

മാത്രമുണ്ടല്ലൊ. വേണമെങ്കിൽ ഉടനെ കൊണ്ടുപോകണം; കുറെ കഴിഞ്ഞാൽ ക്ഷീണം വൎദ്ധിക്കും."

അനന്തന്റെ മനസ്സിന് ഇതു വലിയ ഇടിവായി. ഡാക്ടർ പരമാൎത്ഥം തുറന്നു പറഞ്ഞില്ലെങ്കിലും അതിന്റെ സൂക്ഷ്മത്തോളം ധരിക്കുന്നതിന് അനന്തൻ ശക്തനായിരുന്നു.

ഡാക്ടൎക്ക് ദീനസ്ഥിതി പറവാൻ തക്കവണ്ണം അതു് അത്ര കലശലായിരുന്നില്ല. അനന്തൻ ഉടനെ തന്റെ ജോലിസ്ഥലത്തുള്ള ഒരു സ്നേഹിതന് ഒരുസ്ഥലം ഏൎപ്പാടുചെയ്യുവാൻ കമ്പികൊടുത്തു. തീവണ്ടിസ്റ്റേഷനിലേക്കു മുമ്പേകൂട്ടി പോയി ഒരു മുറിപ്രത്യേകമായി ഏൎപ്പാടുചെയ്തു. മഹാലക്ഷ്മി കൂടെ പോകുമെന്നതു നിശ്ചയം. രോഗിയുടെ ശുശ്രൂഷയും, ഒററയ്ക്കു വീട്ടിൽ താമസിക്ക എന്ന വൈഷമ്യവും മേഘമാലയെ യാത്രയ്ക്കൊരുക്കി.

അനന്തന്റെ ഇഛപോലെ ഒരു കംപാർട്ടുമെൻറും, താമസത്തിന് ഒരു വീടും വിഷമംകൂടാതെ സിദ്ധിച്ചു. രോഗിയെ ഒരു പല്ലക്കിലും, സ്ത്രീകളെ ഒരു വണ്ടിയിലും കയററി സ്റ്റേഷനിലേക്കു തിരിച്ചു. സാമാനങ്ങൾ ഒരു ചക്കടവണ്ടിയിലും കയററി. ഇതെല്ലാംതന്നെ അധികച്ചിലവിനു കാരണമെന്ന് അനന്തനു തോന്നാതിരുന്നില്ല.

അവരെല്ലാവരും കല്ലിക്കോട്ടയിൽ സുഖമായി എത്തിച്ചേൎന്നു. അവിടെ യോഗ്യനായ ഒരു ഭിഷക്കിനെക്കൊണ്ടു് അച്ഛനെ പരിശോധിപ്പിച്ചു. പക്ഷെ ആദിനാഥന്റെ കാലം അന്ത്യദശയോടേററവും അടുത്തു. ബന്ധുജനങ്ങളേയും സകല പദവികളേയും ഉപേക്ഷിച്ചു് ആദിനാഥൻ ദീൎഘവിശ്രമം അടഞ്ഞു. മരണത്തിനു അല്പസമയം മുമ്പു് ആദിനാഥൻ സ്വകുടുംബത്തിന്റെ നിലനില്പിനു സന്തതിവിഹീനമായ നില ഹാനികരമാണല്ലൊ എന്നു പറഞ്ഞു് പരിതപിച്ചു. ഇതു മേഘമാലയെ അത്യന്തദുഃഖിതയാക്കി.

മഹാലക്ഷ്മിയുടെ സങ്കടം അതിദാരുണംതന്നെ. ഈ വേർപാടിൽനിന്നുണ്ടായ ദുഃഖത്തിന് അവൾക്കു ലോകത്തിൽ ഒന്നുകൊണ്ടും നിവാരണമില്ല.

അനന്തൻ—"അമ്മെ നമുക്ക് നമ്മുടെ സ്വദേശത്തുപോയി വീട്ടിൽ താമസിക്കയല്ലെ വേണ്ടതു് ഇവിടെ നാം എന്തിനിനി താമസിക്കുന്നു."

മഹാലക്ഷ്മി ശക്തിയായി എതിൎത്തു പറഞ്ഞു. "ഞാൻ ഒരിക്കലും അങ്ങോട്ടില്ല. ചില ദുഷ്ടഭൃത്യന്മാർ എന്റെ കണ്ണുനീരു കാണ്മാൻ അവിടെ ഇഛിക്കുന്നുണ്ടു്. ഞാൻ അണിഞ്ഞിരിക്കുന്ന ആഭരണങ്ങൾ കണ്ടു് അവിടെയുള്ള പല പെണ്ണുങ്ങൾക്കും കണ്ണുകടി സഹിപ്പാൻ വയ്യാതിരുന്നു. ഇപ്പോൾ ഞാനൊരു വിധവയായിത്തീൎന്നതു് അവൎക്കു വലിയ സന്തുഷ്ടിക്കു

കാരണമാണ്. അങ്ങിനെ അവരുടെ തൃപ്തിക്കു ഞാൻ ഇടകൊടുക്കയില്ല"
അനന്തൻ—"നമ്മുടെ വീടു മുഴുവൻ നശിച്ചുപോകുമല്ലൊ. ഇത്ര ആലോചിക്കാതെ ഒന്നു ചെയ്യാമൊ. നമ്മളുടെ ഭാഗ്യദോഷംകൊണ്ട് അച്ഛൻ മരിച്ചു. എന്നാലും നാം കഴിഞ്ഞുകൂടേണ്ടവരല്ലെ? മററുള്ളവരെ ഭയപ്പെട്ടു നമുക്കുള്ളതു് ഉപേക്ഷിക്കുന്നതു് ബുദ്ധിമോശമല്ലെ.?
മഹാലക്ഷ്മി ശാന്തതയോടെ—"മകനെ എൻെറ സ്വത്തു മുഴുവനും നിയ്യു മാത്രം. എനിക്കല്ലാതൊന്നും വേണ്ട. നിൻെറ ജീവിതംമാത്രമെ ഞാൻ ആഗ്രഹിക്കുന്നുള്ളു. ആൎക്കാണീസ്വത്തെല്ലാം കാത്തു രക്ഷിക്കുന്നതു്. എൻെറ മകനു മക്കളില്ല. നാം എല്ലാം ഇല്ലാതെവരുന്ന കാലത്തു് ദുഷ്ടവകക്കാരായ ശേഷക്കാൎക്കു കിട്ടും. അവൎക്കു കിട്ടുന്നതു് എനിക്കിഷ്ടമല്ല. അതുകൊണ്ടു എല്ലാം നശിച്ചുപോകട്ടെ.

ഈ വാക്കുകൾ അനന്തൻെറ ഹൃദയവേദിയെ തകൎത്തു. അയാളുടെ അമ്മ പറഞ്ഞതു് അക്ഷരംപ്രതി എല്ലാം സത്യമാണ്. ആൎക്കുവേണ്ടി ഈ സ്വത്തു സ്വരൂപിക്കുന്നു. സന്തതി ശൂന്യമായ അവരുടെ തറവാട്ട് അനന്തരകാലത്തു് ഒരു വനമായിത്തീരുന്നതാണ്.

രാത്രിയായപ്പോൾ മേഘമാല—"എന്തു നിശ്ചയിച്ചു. നാം അങ്ങോട്ടു പോവുകയൊ ഇവിടെത്തന്നെ താമസിക്കുകയൊ വേണ്ടതു്?"
അനന്തൻ—"ഞാനൊന്നുമുറച്ചില്ല. അങ്ങോട്ടു പോകുന്ന കാൎയ്യത്തിൽ അമ്മയ്ക്കു തീരെ സമ്മതമില്ല. നാം പോയെ തീരു. അച്ഛൻെറ ശ്രാദ്ധത്തിനെങ്കിലും അവിടെ ചെല്ലേണ്ടതല്ലെ. അപ്പോഴും അമ്മ നിൎബന്ധിക്കുകയാണെങ്കിൽ തിരിയെ പോരാം. ഒരു പ്രകാരത്തിൽ അതു നല്ലതാണ്. ചില വൈദ്യവിദഗ്ദ്ധന്മാരെക്കൊണ്ടു നിന്നെ ഒന്നു പരിശോധിപ്പിക്കണമെന്നുണ്ട്."

"എനിക്കു മക്കളുണ്ടാകാത്തതുകൊണ്ടാണൊ" എന്നു മേഘമാല അല്പം ഗ്ലാനിയോടും പുഞ്ചിരിയോടുംകൂടി ചോദിച്ചു.
അനന്തൻ—"ഇതു നേരംപോക്കല്ല. ഞാൻ എൻെറ കുടുംബത്തിൽ ഏകസന്തതിയാണ്. എനിക്കു ഒരു കുട്ടിയുണ്ടാനില്ലെങ്കിൽ എന്നോടുകൂടി ഈ കുടുംബവും അസ്തമിക്കും. അതു് ഒരു കഷ്ടമല്ലെ. നമ്മുടെ നാട്ടിൽ ഇത്ര പ്രശസ്തിയും, ഭൂതകാലചരിത്രവുമുള്ള കുടുംബം വേറെയുണ്ടൊ.?
മേഘമാല—"വൈദ്യൻ വിചാരിച്ചാൽ എന്തു സാദ്ധ്യമാണ്. ഞാൻ ഒരിക്കലും ഒരു മാതാവാകുമെന്നു തോന്നുന്നില്ല. നിങ്ങൾ വേറെ ഒരു വിവാഹം ചെയ്യു."

ഇത്രയും അവൾ പറഞ്ഞതു് അല്പം നേരംപോക്കായിട്ടുംകൂടിയാണ്. അനന്തൻെറ ചിത്തവൃത്തിയെക്കൂടി അറിയണമെന്നു് അവൾക്കു ആശയുണ്ടായിരുന്നു. പറഞ്ഞുകഴിഞ്ഞപ്പോൾ അങ്ങിനെ വേണ്ടായിരുന്നുവെന്നും

തോന്നി. അനന്തന്റെ മുഖഭാവം അവൾക്ക് അനുകൂലമല്ലായിരുന്നു.
"ദൈവം അനുകൂലിക്കുന്നില്ലെങ്കിൽ ഞാൻ അങ്ങിനെ ചെയ്യുകയും" എന്ന്
അനന്തൻ പറഞ്ഞു. മേഘമാല ഒന്നും മറുപടി പറഞ്ഞില്ല.

(തുടരും)

# നമ്മുടെ വിദ്യാഭ്യാസാദർശം എന്തായിരിക്കണം?

(സി. ജി. അനന്തൻപിള്ള ബി. എ.)

ഇൻഡ്യാമഹാരാജ്യം ഇന്ന് അതിപ്രധാനമായ ഒരു പരിവൎത്തന
ദശയെ തരണം ചെയ്തു തുടങ്ങിയിരിക്കയാണ്. അനന്യസാധാരണവും അ
ത്യത്ഭുതകരവുമായ വിധത്തിൽ രാഷ്ട്രീയപ്രബുദ്ധത ഈ നാടിന്റെ നാനാ
ഭാഗങ്ങളിലും വിളയാടിക്കാണുന്നു. ഇതുവരെ മറക്കുടയ്ക്കകത്തും അടുക്കള
യിലും മറഞ്ഞിരുന്ന ഭാരതീയവനിതകൾ പുരുഷന്മാരെ ലജ്ജിപ്പിക്കുമാറു
ആശ്ചൎയ്യമാംവണ്ണം പൊതുസേവനം ചെയ്തു തുടങ്ങിയിരിക്കയാണ്. ഇൻ
ഡ്യയിലെ യുവജനങ്ങൾ സൎവ്വവിധമായ സുഖങ്ങളേയും പരിത്യജിച്ചു് പ
രിപാവനമായ രാജ്യസേവനത്തിനായി അരയും തലയും മുറുക്കി പടക്കള
ത്തിലിറങ്ങിയിരിക്കുന്നു. ഇവയെല്ലാം ഭാരതദേശത്തിന്റെ ഭാസുരമായ ഭാവി
യുടെ സൂചനങ്ങളാണ്. ഈ ദേശീയബോധം ഹ്രസ്വമായ ഒരു കാലത്തിനി
ടയിൽ എത്രയും വേഗത്തിൽ ഉണ്ടായിട്ടുള്ളതാണ്. അതിനെ ഒരിക്കലും
നശിപ്പിച്ചു കളഞ്ഞുകൂട. നശിപ്പിച്ചുകളഞ്ഞാൽ നമ്മുടെ മാതൃഭൂമിയുടെ
ഭാവിചരിത്രം അന്ധകാരമയമായിരിക്കും. ഇന്നത്തെ യുവജനങ്ങളിൽ കാ
ണുന്ന പ്രബുദ്ധതയെ ഉന്മൂലനാശം ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായം
ചിലൎക്കുണ്ടു്. ഇതു് എത്രയും ആപൽഹേതുകവും അന്തസ്സാരവിഹീനവു
മായ ഒന്നാണ്. ഏതു രാജ്യചരിത്രം പരിശോധിച്ചുനോക്കുകയാണെങ്കി
ലും, രാഷ്ട്രീയമൊ, സാമുദായികമൊ ആയ സകല പ്രക്ഷോഭണങ്ങളിലും,
അവിടത്തെ യുവജനങ്ങൾ ഭാവിഫലങ്ങളെ ഗണിക്കാതെ പങ്കുകൊണ്ടിട്ടു
ള്ളതായും പങ്കുകൊള്ളുന്നതായും കാണാവുന്നതാണ്. അവരുടെ നേതാ
ക്കന്മാരുടെ അഭ്യൎത്ഥനയെ അനുസരിക്കുന്നതിനൊ, ത്യാഗം സഹിക്കുന്ന
തിനൊ അവർ സന്നദ്ധരായിരിക്കും. ഈ താല്പൎയ്യത്തെ ഹനിക്കുന്നതിനു
പകരം, ശരിയായ വിധത്തിൽ നിയന്ത്രിക്കുകയാണ് പ്രമാണികളുടെ ചുമ

തല. അതുകൊണ്ടു ദേശത്തിന്റെ സർവ്വവിധമായ അഭ്യുദയങ്ങളേയും ലക്ഷ്യമാക്കി യുവജനങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ അത്യധികം ശ്രദ്ധിക്കേണ്ടതു് ഏതു ദേശാഭിമാനിയുടേയും ധർമ്മമാകുന്നു. അവരുടെ വിദ്യാഭ്യാസകാലത്തു് ഉത്തമങ്ങളായ വാസനകളും ഉൽകൃഷ്ടമായ ചിന്താശീലവും ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണു്. ഈ വാസനകളും ചിന്താശീലവും പൊതുജനനന്മക്കായി അനന്തരകാലത്തു് ഉപയോഗിക്കേണ്ടവയാണു്. ഈ വാസനകളും ചിന്താശീലവും ഉണ്ടായിരുന്നാൽ സാമുദായികവും രാഷ്ട്രീയവുമായ പല കുഴപ്പങ്ങൾക്കും പരിഹാരം നേടാവുന്നതാണു്. ഇവ അവരുടെ പരിശീലനരംഗമാകുന്ന പാഠശാലയിൽ വച്ചാണുണ്ടാകേണ്ടതു്. അവിടത്തെ പരിശീലനത്തെ ആശ്രയിച്ചാണു് രാജ്യത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടാണു് നമ്മുടെ യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനായി എത്ര വലിയ ത്യാഗം ചെയ്താലും അതധികമായിപ്പോകയില്ല എന്നു പലരും പറയുന്നതു്.

ഒരു രാജ്യത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ദേശീയജീവിതത്തിനു് അത്യന്താപേക്ഷിതങ്ങളായ വിവിധ ആവശ്യങ്ങൾ നിറവേറേണ്ടതായിട്ടുണ്ടു്. അവയുടെ നടത്തിപ്പിനുവേണ്ടി ഒരു ക്ലിപ്തമായ പണത്തുകയും ചിലവാക്കേണ്ടിവരും. എന്നാൽ നമ്മുടെ രാജ്യത്തിൽ വിദ്യാഭ്യാസവിഷയത്തിനായി ഒരു ക്ലിപ്തമായ തുക ചിലവാക്കുന്നില്ലെന്നു മാത്രമല്ല, വേണ്ടിടത്തോളം ചിലവാക്കുന്നുണ്ടോ എന്നുകൂടി സംശയിക്കേണ്ടിരിക്കുന്നു. അതുകൊണ്ടാണു് പലപ്പോഴും പൊതുജനസഹായം ആവശ്യപ്പെടേണ്ടിവന്നിരിക്കുന്നതു്. അഭിവൃദ്ധിയുള്ള ദേശക്കാരുടെ മുന്നണിയിൽ നമുക്കും ഒരു സ്ഥാനം വേണമെന്നു വരികിൽ, ഇതിനുള്ള കാരണങ്ങൾ അന്വേഷിച്ചു പരിഹാരം നേടേണ്ടതാകുന്നു. സംസ്കൃതരായ സ്ത്രീപുരുഷന്മാർ ഏതു രാജ്യത്തിന്റേയും ഭൂഷണങ്ങളാകുന്നു. ഈ ഭൂഷണങ്ങൾ നിർമ്മിക്കുന്നതു് നമ്മുടെ വിദ്യാലയങ്ങളാകുന്ന വ്യവസായശാലകളിലാകുന്നു. ഭാവിപൗരന്മാരായ യുവജനങ്ങൾക്കു് പരിശീലനം നൽകുന്ന ഈ വിദ്യാമന്ദിരങ്ങൾ എത്രയും ആശാസ്യമായ വിധത്തിൽ നടത്തിക്കൊണ്ടുപോകേണ്ടതാണെന്നു് പറയേണ്ട ആവശ്യമില്ലല്ലോ. ഒരു ദേശത്തിന്റെ അഭിവൃദ്ധിയെ അവിടത്തെ സാമാന്യപൗരന്റെ സാമ്പത്തികസുഭിക്ഷതകൊണ്ടല്ല അളന്നുനോക്കേണ്ടതു്. സാംസ്കാരികനിലയാണു് എത്രയും പ്രധാനമായി പരിഗണിക്കേണ്ടതു്. സാമ്പത്തികാവസ്ഥ എത്ര പ്രശംസാർഹമായിരുന്നാലും ജനങ്ങൾക്കു് യഥാർത്ഥമായ സംസ്കാരം സിദ്ധിച്ചില്ലെങ്കിൽ അതുകൊണ്ടു് എന്തു പ്രയോജനമാണുണ്ടാകുന്നതു്.? ഒരു ദേശത്തിന്റെ പ്രഥമവും പ്രധാനവുമായ ആവശ്യം അവിടത്തെ പൗരന്മാർക്കു് ആവശ്യമുള്ള വിദ്യാഭ്യാസം നൽകുകയാകുന്നു. അതു് ആ ദേശക്കാരാണു നിർവ്വഹിക്കേണ്ടതു്. അന്യദേശക്കാർ ആ ജോ

ലി നിർവഹിച്ചാൽ ഒരിക്കലും അതു പ്രയോജനകരമൊ, വിജയപ്രദമൊ ആയിത്തീരുകയില്ല. യഥാർത്ഥമായ വിദ്യാഭ്യാസം, യഥാർത്ഥമായ ഉദ്ദേശത്തോടുകൂടി, യഥാർത്ഥരീതിയിൽ നടക്കുകയാണെങ്കിൽ അന്യദേശീയർക്ക് ആ നാട്ടിൽ എന്തു സ്ഥാനമായിരിക്കും ഉണ്ടായിരിക്കുന്നതു്.? അതറിഞ്ഞല്ലാതെ അവർ പ്രവർത്തിക്കുമോ.? ഈ ഉത്തരവാദിത്വം അന്യദേശക്കാരിൽ തന്നെ വച്ചുകൊണ്ടിരിക്കുന്നതു് ആപൽഹേതുകമാകുന്നു.

സമുദായം നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചു വരികയാണെങ്കിലും അതിൻെറ ആവശ്യങ്ങളും വിഷമതകളും കൂടിക്കൂടിത്തന്നെ വരുന്നു. ആവശ്യങ്ങൾ അതിവേഗത്തിലും സാമ്പത്തികാവസ്ഥ മന്ദഗതിയിലുമാണു വർദ്ധിക്കുന്നതു്. വ്യക്തികൾ സമുദായത്തിലെ പുരാതനാചാരങ്ങളെ ലംഘിച്ചു്, കാലാനുസൃതങ്ങളായവയെ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. ഇതിനുള്ള കാരണം വ്യക്തിസ്വാതന്ത്ര്യമാകുന്നു. അഭിവൃദ്ധിയുള്ള ഏതു ദേശക്കാരും, സാഹിത്യം, കല ശാസ്ത്രം എന്നിവയെ ആഗ്രഹിക്കുന്നു. പരിഷ്കാരം വർദ്ധിക്കുന്നതോടുകൂടി സംസ്കാരാഭിവൃദ്ധിക്ക് പ്രോത്സാഹനവും ലഭിച്ചുവരുന്നു. അഭിവൃദ്ധിപഥത്തിലൂടെ പ്രായാണം ചെയ്യുന്ന ഒരു സമുദായജീവിതം സഹകരണത്തേയും ചിന്താസ്വാതന്ത്ര്യത്തേയും, പ്രവൃത്തിസ്വാതന്ത്ര്യത്തേയും ആഗ്രഹിക്കുന്നു. അതോടുകൂടി പൗരന്മാർക്ക് ജീവിതസംതൃപ്തിയും ഉണ്ടാകുന്നു. അങ്ങിനെയുള്ള സമുദായത്തിൽ നിയമവും സമാധാനവും ഉണ്ടായിരിക്കുന്നതാണ്. മഹത്തായ ജീവിതാദർശങ്ങളോടും ഉൽകൃഷ്ടമായ മനുഷ്യാദർശങ്ങളോടുംകൂടിയ ഒരു സാംസ്കാരികാന്തരീക്ഷത്തെ അവർ സൃഷ്ടിക്കുന്നു. സമുദായഘടനകൊണ്ട് മഹത്തായ സംസ്കാരവും ഉൽകൃഷ്ടമായ പരിഷ്കാരവും ലബ്ധമാകുന്നു.

ഏതു സമുദായത്തിൻെറയും ശോഭനമായ ഭാവി അതിലെ അംഗങ്ങളുടെ സാംസ്കാരികനിലയെ ആശ്രയിച്ചിരിക്കുന്നതാണ്. അവർ നിരക്ഷരകുക്ഷികളും, അന്ധവിശ്വാസികളും, അസൂയാകലുഷിതരും ആയിരുന്നാൽ അതു ദേശാഭിവൃദ്ധിക്ക് ഒരു പ്രതിബന്ധമായിത്തീരുന്നതാണ്. സാമുദായികമായ ഏതു ഭയങ്കരരോഗത്തേയും മാററുന്നതിനുള്ള ദിവ്യൌഷധം സംസ്കാരമാണ്. സംസ്കാരക്ഷേത്രം വിദ്യാഭ്യാസസ്ഥാപനമാകുന്നു. വിദ്യാഭ്യാസത്തിലുള്ള ഏതു ന്യൂനതയും ദേശത്തിൻെറ നാശത്തിനു കാരണമായിത്തീരുന്നതാണ്. ഇതുകൊണ്ടാണ് വിദ്യാഭ്യാസം ഒരു ദേശത്തിൻെറ പരിപാവനവും അതിപ്രധാനവുമായ ഒരു ചുമതലയാണെന്നു പറയുന്നതു്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏററവും ആശാസ്യമായ വിധത്തിൽ നടത്തേണ്ടതാണ്. അവയുടെ പ്രഭാകിരണങ്ങൾ ദേശീയാഭിവൃദ്ധിമാർഗ്ഗത്തെ പ്രശോഭിപ്പിക്കേണ്ടതാകുന്നു. വിദ്യാഭ്യാസവിഷയത്തിലുള്ള ഏതു ത്യാഗവും ഒരിക്കലും അധികമായിപ്പോയെന്നു വരുന്നതല്ല. ഇതായിരിക്കണം നമ്മുടെ

വിദ്യാഭ്യാസാദർശം. നമ്മുടെ വിദ്യാഭ്യാസപ്രവത്തകന്മാരുടെ ശ്രദ്ധക്ക് ഈ വക സംഗതികൾ വിഷയീഭവിച്ചാൽ അതു ദേശത്തിന് അമൂല്യമായ ഒര നുഗ്രഹമായിത്തീരുന്നതാണ്.

# അദ്ധ്യാപകസംഘങ്ങൾ

(ഡി. ഗോവിന്ദൻകത്താവ്)

മിഡ്ഡ്ൽ വി. എം. സ്കൂളുകളിലും അപൂവ്വം ചില പ്രൈമറിസ്കൂളുകളിലും ഈ ലേഖനത്തിന്റെ വിഷയമായ അദ്ധ്യാപകസംഘങ്ങൾ ആണ്ടിൽ എട്ടുവീതം കൂടിവരുന്നുണ്ട്. ഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിന് അധീനമായി ഇപ്രകാരം അദ്ധ്യാപകയോഗം കൂടുന്ന-കൂട്ടുന്ന-ഏർപ്പാട്ട തുടങ്ങിയിട്ട് ഏകദേശം ഇരുപതോളം വർഷങ്ങളായെന്നു തോന്നുന്നു. ഈ ദീഘകാലത്തിനിടക്ക് "നട്ടപ്പോഴും പറിച്ചപ്പോഴും തുല്യ"മെന്ന മട്ടിൽ തന്നെ യാതൊരു രൂപവികാസവും കൂടാതെ അദ്ധ്യാപകന്മാരുടെ യോഗം ഇന്നും കൂടിപ്പോരുന്നുണ്ട്. ഇതിൻെറ പ്രാരംഭകാലത്തു് അഭിവൃദ്ധിയിൽ ഔത്സുക്യപൂവ്വം വേലചെയ്തിരുന്നവർ ഇന്ന് മന്ദോൽക്കണ്ഠിതരായും തീന്നിരിക്കുന്നു. കാലാനുക്രമമായ പരിവത്തനം ലോകഗതിയിൽ വന്നുകൊണ്ടിരിക്കുമെങ്കിലും അദ്ധ്യാപകസംഘങ്ങൾ കേവലം അലൌകികമായി തുടങ്ങിയ പടിയിൽ നിവരാതെ നിന്നുപോരുന്നതിൽ ആശ്ചയ്യപ്പെട്ടുകതന്നെ വേണം. വിദ്യാത്ഥികളുടേയും അദ്ധ്യാപകന്മാരുടെയും സ്ഥിതിക്കും മാററം വന്നിട്ടില്ലെന്നല്ല ഇതുകൊണ്ടു ഊഹിക്കേണ്ടതു്. അങ്ങിനെയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസം അഭിവൃദ്ധ്യുന്മുഖമാണെന്നു പറയാമൊ.? പാഠശാലകളുടെ എണ്ണവും വിദ്യാത്ഥികളുടേയും അദ്ധ്യാപകന്മാരുടേയും സംഖ്യയും വളരെ വദ്ധിച്ചിട്ടുണ്ടായിരിക്കും. എന്നാൽ വിദ്യാഭ്യാസത്തിൻെറ പരമപ്രയോജനം ക്രമാഗതമായ അഭിവൃദ്ധിയിൽ എത്തിയിട്ടില്ല. ഈ ന്യൂനത പരിഹരിക്കത്തക്കവിധം അദ്ധ്യാപകസംഘങ്ങളെ പരിഷ്കരിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു.

സംഘങ്ങളുടെ ഉദ്ദേശം എന്തായിരിക്കണമെന്ന് ആദ്യം ചിന്തിച്ചിട്ടു പരിഷ്കാരം നിദ്ദേശിക്കുന്നതു് അനുചിതമാകയില്ലല്ലൊ. അദ്ധ്യാപകന്മാരെ കമ്മകുശലന്മാരാക്കുകയായിരിക്കണം സംഘോദ്ദേശ്യം. തദ്ദുദ്ദേ

ശ്യനിർവ്വഹണത്തിന് അവക്കു രണ്ടു തരത്തിലുള്ള ജ്ഞാനം ആവശ്യമാകുന്നു. ഒന്നാമതു പാഠ്യവിഷയങ്ങളുടെ സമ്പൂർണ്ണജ്ഞാനവും രണ്ടാമതു് അവയെ പ്രയോഗിച്ചു ഫലിപ്പിക്കാനുള്ള അറിവും. ഇതിൽ മുഖ്യത്തേതിനെ വിസ്മരിച്ചു് രണ്ടാമത്തേതിനെ മുറുകെപ്പിടിക്കുന്ന ശീലം ഇന്നത്തെ അദ്ധ്യാപകസംഘങ്ങൾമൂലമുണ്ടാവുന്നുണ്ടു്. ഒരു മാതൃകാപാഠം, ഒന്നോ രണ്ടോ നിരൂപണപാഠങ്ങൾ, ഒരുപന്യാസം ഇത്രയുമാണ് ഒരു യോഗത്തിലെ പ്രവൃത്തിപദ്ധതി. ഏതുതരം പാഠമായാലും എല്ലാ പാഠങ്ങളിലും കൂടുതൽ ശ്രദ്ധേയമാവുന്നതു് മെത്തേഡാണ്. ഉപന്യാസങ്ങളും മിക്കവാറും അദ്ധ്യാപനസമ്പ്രദായങ്ങളെ പരാമർശിച്ചായിരിക്കും. തന്മൂലം അദ്ധ്യാപകന്മാർക്കു് പാഠ്യവിഷയങ്ങളെപ്പററിയുള്ള കൂലംകഷമായ അറിവ് നൽകുന്നതിനു സംഘങ്ങൾ പര്യാപ്തങ്ങളാവുന്നില്ല.

പ്രത്യേകവിഷയങ്ങളെപ്പററി വിദഗ്ദ്ധാഭിപ്രായം അറിയത്തക്ക സൌകര്യവും ഈ സംഘങ്ങൾക്കില്ല. "കുരുടൻെറ രാജ്യത്തു് കൊങ്കണ്ണൻ രാജാവെ"ന്ന മട്ടിൽ ജ്ഞാനലവദുർവിദഗ്ദ്ധന്മാരായ ഏതാനും അദ്ധ്യാപകന്മാർ ഒന്നിച്ചുകൂടി അന്യോന്യം കുററവും കുറവും കണ്ടുപിടിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നേ പറയാനുള്ളൂ. അതുപോരാ. അദ്ധ്യാപകന്മാരെ സ്വകൃത്യനിർവ്വഹണത്തിൽ ശേഷിമാന്മാരാക്കത്തക്ക നിജ്ഞാനം സംഘംമുഖേന ലഭിക്കണം. അതിനു തക്കവണ്ണം അദ്ധ്യാപകസംഘങ്ങളെ പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങളിൽ ചിലതു് എൻെറ എളിയബുദ്ധിയിൽ തോന്നുന്നതു് ചുവടെ പ്രസ്താവിക്കാം. അദ്ധ്യാപകസംഘം "സങ്കട"മായി കരുതുന്നവരും ഇതേപ്പററി ചിന്തിക്കണമെന്നു് അപേക്ഷിക്കുന്നു.

സംഘങ്ങൾ ഇപ്പോഴത്തെപ്പോലെ ആണ്ടിൽ എട്ടുവീതം കൂടിവരുന്നതിൽ ഓരോന്നിലും ലോകചരിത്രം, പ്രകൃതിശാസ്ത്രം, രസതന്ത്രം, കണക്കു്, ധനതത്വശാസ്ത്രം, ഭൂമിശാസ്ത്രം, ആരോഗ്യരക്ഷ മുതലായ വിഷയങ്ങളെപ്പററി വിദഗ്ദ്ധന്മാരെക്കൊണ്ടു് ഓരോ പ്രസംഗം നടത്തിക്കണം. അവക പ്രസംഗങ്ങളെ സശ്രദ്ധം കേട്ടു് സംഘാംഗങ്ങൾ നോട്ടെടുത്തു പഠിക്കാൻ ഏർപ്പാടുണ്ടാകണം. മിഡ്സമ്മർവെക്കേഷൻകാലത്തു് ഓരോ താലൂക്കിൻെറയും തലസ്ഥാനത്തു് ആ താലൂക്കിലുള്ള അദ്ധ്യാപകസംഘങ്ങളുടെ ഏകോപിച്ച ഒരു സമ്മേളനം നടത്തുകയും ഓരോ അംഗസംഘങ്ങളിലുംനിന്നു് ലഭിച്ച വിജ്ഞാനത്തെ അവിടെ പ്രദർശിപ്പിക്കുന്നതിനു സൌകര്യമുണ്ടാക്കുകയും സമർത്ഥന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. മൂന്നുകൊല്ലത്തിലൊരിക്കൽ അഖിലതിരുവിതാംകൂർ അദ്ധ്യാപകമഹായോഗംകൂടി വിദഗ്ദ്ധോപദേശം നൽകുകയും സാമാന്യന്മാരായ അദ്ധ്യാപകന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു് ഏററവും പ്രയോജനകരമാകുന്നു. അദ്ധ്യാപകജിജ്ഞാസ കേവലം സാഹിത്യപരമായി മാത്രം പ്ര

വൎത്തിക്കാതെ നൂൽനൂല്പ്, ചിത്രമെഴുത്ത്, കരകൌശലപ്പണികൾ, ഉപയോഗപ്രദമായ കുടിൽവ്യവസായങ്ങൾ ഇവയിൽക്കൂടി വ്യാപരിക്കത്തക്കവിധം അതാതുവിഷയങ്ങളുടെ പരിശീലനത്തിനുംകൂടി സൌകൎയ്യമുണ്ടാക്കിക്കൊടുക്കണം. വി. എം. സ്കൂളുകളിലെ ഡ്രായിംഗ്മാസ്റ്ററന്മാരും മാനുവൽട്രീച്ചറന്മാരും മുഖാന്തിരം ഇതു മിക്കവാറും സാധ്യമാണ്. അധ്യാപകന്മാൎക്കു പൊതുജ്ഞാനം വൎദ്ധിക്കുന്നതിന് തക്കവണ്ണം ഉചിതമായ ഗ്രന്ഥപരിശ്രമം ചെയ്യുന്നതിനു സൌകൎയ്യമായ ഒരു ലൈബ്രറി ഓരോ അധ്യാപകസംഘംവകയായും സ്വരൂപിച്ച് അതിൽ സംഘാംഗങ്ങൾ വരിക്കാരായിച്ചേരുകയും പുസ്തകങ്ങൾ മാസികകൾ മുതലായവ വരുത്തി അംഗങ്ങൾക്കു പാരായണത്തിനായി വിതരണംചെയ്തു തിരിച്ചുവരുത്തി സൂക്ഷിക്കയും ചെയ്യുന്നതു് ഏററവും പ്രയോജനകരമാകുന്നു. ഇതുകൊണ്ടുംമററും ലഭ്യമാകുന്ന ജ്ഞാനത്തെ ഇടക്കിടക്കു ലഘുപരീക്ഷകൾ നടത്തി അഭിവൃദ്ധി രേഖപ്പെടുത്തിവയ്ക്കുകയും വേണം. അതിനുപുറമെ അധ്യാപകന്മാരുടെ ശമ്പളക്കൂട്ടലിനും പ്രമോഷനും ആധാരമായി മൂന്നു കൊല്ലത്തിലൊരിക്കൽ ഒരു ഡിപ്പാർട്ടുമെൻറിൽ പരീക്ഷ ഏൎപ്പെടുത്തി അതിൽ വിജയികളെമാത്രം പ്രോത്സാഹിപ്പിക്കുന്നതും കൊള്ളാമെന്ന് തോന്നുന്നു. ഇപ്പോൾ ട്രെയിനിംഗ് പരീക്ഷ ജയിച്ചവർ സൎവ്വജ്ഞന്മാരെന്നും അല്ലാത്തവർ മോശക്കാരെന്നുമാണല്ലൊ വയ്പ്. പണ്ടെങ്ങാനും ട്രെയിനിംഗ് കഴിഞ്ഞതിൽ പിന്നെ യാതൊരു ശ്രമവും ചെയ്യാതെ കേവലം കൂപമണ്ഡൂകന്യായേന വൎത്തിക്കുന്ന അധ്യാപകന്മാൎക്ക് സൎവീസും ട്രെയനിംഗ് സർട്ടിഫിക്കേററും ഉണ്ടെന്നുള്ളതിനെമാത്രം ആധാരമാക്കി കൊടുത്തുവരുന്ന കയററങ്ങൾ ഇതുമൂലം അലഭ്യമായേക്കാം. അതുകൊണ്ടാരും കണ്ഠിതപ്പെടേണ്ട. സൎവീസ് കൂടുന്തോറും സാമൎത്ഥ്യം ഏറുവാനുള്ള മാൎഗ്ഗാന്വേഷണം സ്വാഭിമാനികളുടെ കൎത്തവ്യമാണല്ലോ. അധ്യാപകന്മാൎക്കു അനുഭവജ്ഞാനം സിദ്ധിക്കുന്നതിനു ചരിത്രപ്രസിദ്ധങ്ങളും പുരാണപ്രസിദ്ധങ്ങളുമായ സ്ഥലങ്ങളേയും കാഴ്ചബംഗ്ലാവുകളേയുംമററും സന്ദൎശിക്കുന്നതിനു തക്ക സൌകൎയ്യം ഉണ്ടാക്കിക്കൊടുക്കണം. ആണ്ടിലൊരിക്കൽ ഓരോ സംഘത്തിനും ഒരു സഞ്ചാരപ്പടി അനുവദിച്ചുകൊടുക്കുന്നതു നന്നായിരിക്കും. മലയും കടലും കണ്ടിട്ടില്ലാത്ത അധ്യാപകന്മാരുണ്ടെങ്കിൽ അവർ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതു് എത്രത്തോളം പ്രയോജനകരമായിരിക്കുമെന്നു ആലോചിക്കേണ്ടതാണല്ലോ.

ഇപ്രകാരമെല്ലാം സംഘങ്ങളെ പ്രയോജനപ്രദമാക്കുന്നതിന് പ്രത്യേകം കുറെ ചെലവു വേണ്ടിവരുമെന്നുള്ളതു് ഇവിടെ വിസ്മരിക്കുന്നില്ല. ഒരു ചില്ലറഫീസ് അധ്യാപകന്മാൎക്കു നിശ്ചയിക്കുകയും ഫീസ് പിരിയുന്നിടത്തോളം വരുന്ന തുക ഗവൎമ്മെൻറു ഗ്രാൻറായി ഓരോ സംഘത്തിനും അനുവദിക്കയും ചെയ്താൽ ഈ മഹൽകാൎയ്യങ്ങൾ സാധിക്കാൻ ഞെരുക്കം നേ

രിട്ടമെന്നു തോന്നുന്നില്ല. കേവലം നാമമാത്രമായുള്ള സംഘങ്ങളെ നിറുത്തുകയും സൗകര്യപ്രദമായ സെൻററുകൾ നിശ്ചയിച്ച് സംഘങ്ങളുടെ അതിർത്തി നിർണ്ണയിച്ചു കാര്യക്ഷമമായിത്തീരുംവിധം അംഗപാഠശാലകളെ കേന്ദ്രീപ്പിക്കേണ്ടതും അത്യാവശ്യമാകുന്നു. അദ്ധ്യാപകസംഘങ്ങളുടെ ഏതാദൃശമായ പരിഷ്കാരംകൊണ്ട് ഇന്നുള്ള ട്രെയിനിംഗ് സ്കൂളുകൾക്കുവേണ്ടി ചെയ്തുവരുന്ന ചെലവു ലാഭിക്കാവുന്നതും അവമൂലമുണ്ടാകുന്നതിൽ കൂടുതൽ പ്രയോജനം വരുത്താവുന്നതുമാകുന്നു. ഈ സംഗതികൾ 'ഗുരുനാഥൻ'മുഖേന എല്ലാ അദ്ധ്യാപകന്മാരുടേയും അവരോടും നാടിനോടും അനുഭാവമുള്ള മഹാജനങ്ങളുടേയും ചിന്തക്ക് വിഷയമാകുമാറാകട്ടെ. മലയാളംസ്കൂൾ അദ്ധ്യാപകന്മാർ പത്തുരൂപാപട്ടാളമെന്ന പേരിനാൽ അറിയപ്പെടുന്നവരെന്ന അപഹാസത്തിനും പരിഹാരമുണ്ടാകട്ടെ.

# ഉദ്ധാരണങ്ങൾ.

## വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ.

മിക്ക വിദ്യാലയങ്ങളിലും ശരിയായ ഗ്രന്ഥശാലകൾ കാണുന്നില്ല. പേരുപറയുവാൻ മാത്രം ഒരു ഗ്രന്ഥശാല ഉള്ള പാഠശാലകളിലെല്ലാം നല്ല പുസ്തകങ്ങൾ കാണുവാൻ പ്രയാസമാണെന്നു മാത്രമല്ല, അവ കുട്ടികൾക്കു നൽകുന്നതിൽ അദ്ധ്യാപകന്മാർ ശ്രദ്ധിക്കുന്നുമില്ല. ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കുവാനുള്ളതല്ലെന്നും, അദ്ധ്യാപകന്മാർക്കു മാത്രമുള്ളതാണെന്നും വിചാരിക്കുന്ന അദ്ധ്യാപകന്മാരും ഇന്നു അപൂർവ്വമല്ല. എന്നാൽ മി. വി. കെ. കൃഷ്ണമേനോൻ എം. ഏ. എൽ. ടി. ഈ വിഷയത്തെപ്പററി 'സ്കാളർ' എന്ന മാസികയിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിലെ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നതു് വായനക്കാർക്ക് കൌതുകകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"പാഠശാലയിൽ ഗ്രന്ഥശാലക്കുള്ള യഥാർത്ഥസ്ഥാനം നൽകിക്കാണുന്നില്ലെന്നും അതിൻെറ വിവിധഉപയോഗങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നും വ്യസനസമേതം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. സയൻസിൻെറ അഭിവൃദ്ധിക്കുവേണ്ടി ചെയ്യുന്ന സജ്ജീകരണങ്ങൾ കാണുമ്പോൾ, ഗ്രന്ഥശാലാവിഷയത്തിലും താദൃശമായ ശുഷ്കാന്തി പ്രത്യക്ഷപ്പെടുന്നില്ലെന്നുള്ളതിൽ അ

ത്തുതപ്പെടേണ്ടിയിരിക്കുന്നു. മുമ്പ് ഒരു വിദ്യാലയത്തിൽ സയൻസു പഠിക്കുന്നതിനുവേണ്ട ഉപകരണങ്ങളെല്ലാം ഒരു അലമാരിയിലാണ് സൂക്ഷിച്ചിരുന്നത്. ഇപ്പോഴത്തെ സ്ഥിതി എന്താണ്? നാം ഏതെങ്കിലും ഒരു വിദ്യാലയം സന്ദർശിക്കുമ്പോൾ, ഗ്രന്ഥശാല കാണണമെന്ന് ആവശ്യപ്പെട്ടാൽ പലപ്പോഴും വിസമ്മതമാണ് കാണിക്കുന്നത്. ഗ്രന്ഥശാലയുടെ കാര്യത്തിൽ ഉപേക്ഷ വിചാരിച്ചതിന് ഒരു ക്ഷമായാചനവും, ഉടനടി പരിഹാരം നേടാമെന്നുള്ള ഒരു സമാധാനവും ലഭിക്കാതെ വരികയില്ല. അതു മാത്രവുമല്ല, വലിയ പാഠശാലകളിൽതന്നെ അത്യാവശ്യം വേണ്ട നല്ല നിഘണ്ടുക്കളോ, പ്രധാനപ്പെട്ട 'റെഫറൻസ്' പുസ്തകങ്ങളോ കാണുന്നില്ലെന്നുള്ളതും നമുക്ക് അനുഭവപ്പെടാറുള്ളതാണ്. എന്നാൽ ഈ സ്ഥിതികളെല്ലാം മാറി, ഗ്രന്ഥശാലകളുടെ വിഷയത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുമെന്ന് നമുക്ക് വിശ്വസിക്കാം. നല്ല പുസ്തകങ്ങൾ അടങ്ങിയിട്ടുള്ള ഒരു ഗ്രന്ഥശാലയുടെ കാഴ്ചതന്നെ പഠിക്കുവാൻ പ്രേരിപ്പിക്കുന്നതാണ്. പുസ്തകങ്ങൾ വായിക്കുന്നതിന് യുവജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതും, ഇങ്ങനെ വായനയിൽ അഭിരുചി ജനിപ്പിക്കേണ്ടതും അത്യാവശ്യംതന്നെ. ക്ലാസ്സിൽ ചൊല്ലിക്കൊടുക്കുന്ന നോട്ടുകൾ കാണാതെ പഠിക്കുന്നതിനും, പുസ്തകങ്ങളിൽനിന്നും ഒന്നും ഗ്രഹിക്കാതിരിക്കുന്നതിനും ഉള്ള ഒരു ദുശ്ശീലം ഇന്നത്തെ വിദ്യാർത്ഥികളിൽ കാണുന്നുണ്ട്. നോട്ടുമാത്രം വായിച്ചാൽ നമ്മുടെ ചിന്താശക്തി നശിക്കുമെന്നും, ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ വായിച്ചാൽ വിവേചനാശക്തിയും വിമർശനശീലവും ഉണ്ടാകുമെന്നും എളുപ്പം മനസ്സിലാകുന്നതാണ്. അതുകൊണ്ട് തിരഞ്ഞെടുക്കുന്നതിന് ധാരാളം പുസ്തകങ്ങൾ ശേഖരിച്ചിരിക്കണം. ധാരാളം കുട്ടികളുടെ ഇടയിൽ കഴിച്ചുകൂട്ടുന്ന വിദ്യാലയജീവിതത്തിൽ, ശാന്തമായ ചിന്തനത്തിൽ അല്പംസമയം ചിലവഴിക്കുന്നതിന് കുട്ടികൾക്ക് സൌകര്യം ലഭിക്കുന്നില്ല. ഒരു നല്ല ഗ്രന്ഥശാലയിലെ ശാന്തമായ അന്തരീക്ഷം അതിനുള്ള സന്ദർഭം നൽകുന്നതാണ്. എന്നു മാത്രമല്ല, കാലാനുസൃതമായ അറിവു സമ്പാദിക്കുന്നതിനു വേണ്ട പുസ്തകങ്ങളെല്ലാം വിലക്കു വാങ്ങിക്കുന്നതിന് ചെറുപ്പക്കാരായ അദ്ധ്യാപകന്മാർക്ക് സാധിക്കാത്തതുകൊണ്ട്, ഒരു നല്ല ഗ്രന്ഥശാലയുടെ ആവശ്യം സ്പഷ്ടമാകുന്നുണ്ടല്ലോ.

ചില സംഗതികളിൽ ശരിയായ ശ്രദ്ധ പതിപ്പിക്കുന്നുണ്ടെങ്കിൽ നല്ല ഗ്രന്ഥശാലയുള്ള ഒരു പാഠശാലയിലെ വിദ്യാർത്ഥികൾ ചെയ്യുന്ന ജോലി ഉയർന്ന രീതിയിലായിരിക്കുമെന്നുള്ളതിന് സംശയമില്ല. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ നല്ല ശ്രദ്ധ പതിപ്പിക്കണം. കാലത്തിന്റെ ഗതിയനുസരിച്ച് അഭിരുചി മാറിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് സ്വീകാര്യങ്ങളായിരുന്ന പുസ്തകങ്ങൾ അടുത്തകാലത്ത് ജനങ്ങളെ തൃപ്തിപ്പെടുത്തുകയില്ല. കുട്ടികളുടെ വായനയിലും വേണ്ട ഉപദേശം നൽകണം. ഏതാണ്

വായിക്കേണ്ടതെന്നും എങ്ങിനെയാണ് വായിക്കേണ്ടതെന്നും അദ്ധ്യാപകനു പറയുവാൻ കഴിയും. വായന എന്നു പറയുന്നതു് പുസ്തകത്തിൽക്കൂടി കണ്ണോടിക്കുന്നതല്ലെന്നും, അവർ, "വായിക്കുക, അടയാളപ്പെടുത്തുക, പഠിക്കുക, ആന്തരികമായി സാത്മ്യംവരുത്തുക" എന്ന തത്വത്തെ സ്വീകരിക്കണമെന്നും മനസ്സിലാക്കണം. ഈ അവസരത്തിൽ, "ചില പുസ്തകങ്ങളുടെ രുചി നോക്കണം, ചിലതു് വിഴുങ്ങണം, ചിലതെല്ലാം കടിച്ചുചവച്ചു് ദഹിപ്പിക്കണം" എന്ന ബേക്കൻെറ പ്രമാണത്തെ വിസ്മരിച്ചുകൂടാത്തതാകുന്നു. അതുകൊണ്ടു് ഒരു ഗ്രന്ഥശാലാധികാരിയുടെ സാന്നിധ്യം അനുപേക്ഷണീയമാണു്. അയാൾ സംസ്കാരമുള്ളവനും പുസ്തകത്തെ സ്നേഹിക്കുന്നവനുമായിരിക്കണം.

യഥാൎത്ഥത്തിൽ ഗ്രന്ഥശാലയാണു് ഒരു പാഠശാലയിലെ ഉപകരണങ്ങളിൽ പ്രധാനമായിട്ടുള്ളതു്. അതു് പാഠശാലയിലെ ബുദ്ധിജന്യവും ആദ്ധ്യാത്മികവുമായ കേന്ദ്രമാണു്. അതു് കൗതുകവും അന്തസ്സും ഉള്ള ഒരു സ്ഥലവുമായിരിക്കണം. ഇതിനുവേണ്ടി ചിലവാക്കുന്ന പണം ഒരിക്കലും വ്യൎത്ഥമാകയില്ല. ഗ്രന്ഥശാലയില്ലാത്ത പാഠശാലയിലെ അദ്ധ്യാപനം എത്ര ഉൽകൃഷ്ടമായിരുന്നാലും വിദ്യാഭ്യാസപരമായി വളരെ ദോഷപ്രദമാണു്"

## മലബാറിലെ വിദ്യാഭ്യാസം.

മലബാർ ഡിസ്ട്രിക്ട് ബോർഡ് അതിൻെറ ഭരണറിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. താഴെ പറയുന്ന ഭാഗത്തിൽനിന്നും ബോർഡിൻെറ വിദ്യാഭ്യാസപ്രവൃത്തി എത്രമാത്രമാണെന്നു മനസ്സിലാകുന്നതാണു്.

കണക്കുപ്രകാരം വിദ്യാലയത്തിൽ പോകത്തക്ക പ്രായമുള്ള കുട്ടികളിൽ 37 ശതമാനം ആൺകുട്ടികളും 58 ശതമാനം പെൺകുട്ടികളും ഈ വൎഷത്തിൽ പാഠശാലകളിൽ പോയിരുന്നില്ല. കഴിഞ്ഞകൊല്ലത്തിൽ വിദ്യാലയത്തിൽ പോകാത്തവരുടെ ശതമാനം 33-ം 61-ം ആയിരുന്നു. ബോർഡുകളുടെ കീഴിലുള്ള ആൺപള്ളിക്കൂടങ്ങൾ 986-ൽനിന്നും 1004-ം, പെൺപള്ളിക്കൂടങ്ങൾ 224-ൽനിന്നും 2850-ം ആയി വൎദ്ധിച്ചു. വിദ്യാഭ്യാസത്തിൽ പിന്നണിയിൽ നില്ക്കുന്നവരുടെ ഉപയോഗത്തിനായി 537 പാഠശാലകൾ നടത്തിയിരുന്നു. കഴിഞ്ഞവൎഷത്തിൽ 481 എണ്ണമെ ഉണ്ടായിരുന്നുള്ളു. ആൺപള്ളിക്കൂടങ്ങളിലെ കുട്ടികളുടെ സംഖ്യ 76701-ൽനിന്നും 79195 ം, പെൺപള്ളിക്കൂടങ്ങളിലെ കുട്ടികളുടെ സംഖ്യ 13450 ൽനിന്നും 15984-ം ആയി വൎദ്ധിച്ചു. ബാലികാപാഠശാലകളിലെ ഹാജർ ആശാസ്യമായ വിധത്തിലാണെങ്കിലും ആൺപാഠശാലകളിൽ

78-ൽ നിന്നും 74 ശതമാനമായി കുറയുകയാണുണ്ടായത്.

ഡിസ്ട്രിക്ട് ബോർഡും താലൂക്ക ബോർഡുകളും വിദ്യാഭ്യാസകരം പിരിക്കുകയും, ഏറനാട്ട, വള്ളുവനാട്ട്, പൊന്നാനി എന്നീ സ്ഥലങ്ങളിൽ നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തുകയും ചെയ്തു. ചില പള്ളിക്കൂടങ്ങളിലുണ്ടായിരുന്ന കരനേത്രപരിശീലനക്ലാസ്സുകൾ തൃപ്തികരമായിട്ടാണ് നടത്തിയിട്ടുള്ളത്. ലോക്കൽ ബോർഡുകളുടെ കീഴിലുള്ള 3172 അദ്ധ്യാപകന്മാരിൽ 258 പേരും പരിശീലനം ലഭിക്കാത്തവരാണ്. അവരെ ജോലിയിൽനിന്നു പിരിക്കുന്നതിനോ, പരിശീലനത്തിൽനിന്നും ഒഴിവാക്കുന്നതിനോ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. ആകെയുള്ള 1289 പാഠശാലകളിൽ 1129 എണ്ണം വാടകക്കു വാങ്ങിയ കെട്ടിടങ്ങളിലാണ് നടത്തിവരുന്നത്. ധനസ്ഥിതി അനുകൂലിക്കുന്നപക്ഷം ഇവക്കു സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുവാൻ വേണ്ട ശ്രമം ചെയ്യണം.

ഈ സാവത്സരത്തിൽ ഡിസ്ട്രിക്ട് ബോർഡ് കുമാരനല്ലൂരിൽ ഒരു ഹൈസ്കൂൾ ആരംഭിക്കയും നാമിൻറയിലെ മിഡിൽ സ്കൂൾ നിറുത്തുകയും ചെയ്തു. മണ്ണാർകാട്ട് ഹൈസ്കൂളിൻെറ ഭരണവും ഡിസ്ട്രിക്ട് ബോർഡ് ഏറെറടുത്തു. ഇങ്ങനെ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിലുണ്ടായിരുന്ന സെക്കണ്ടറി പാഠശാലകളുടെ എണ്ണം 17-ൽ നിന്നും 18- ആയി. ഇവിടെ പഠിക്കുന്ന കുട്ടികളുടെ സംഖ്യ 3210-ൽനിന്നും 3683 ആയിത്തീർന്നു. അവരിൽ 412 പേർ ബാലികമാരും, 637 പേർ വിദ്യാഭ്യാസവിഷയത്തിൽ പിന്നണിയിൽ നില്ക്കുന്ന വർഗ്ഗങ്ങളിലുൾപ്പെട്ടവരുമാണ്. സെക്കണ്ടറി സ്കൂൾ ലിവിങ്ങ് പരീക്ഷക്കയച്ച 400 വിദ്യാർത്ഥികളിൽ 199 പേർ സർവ്വകലാശാല പഠനത്തിന്നു യോഗ്യതയുള്ളവരാണെന്നു തീരുമാനിച്ചിട്ടുണ്ട്. കോട്ടായി, ചാവക്കാട്ട്, ഇളപ്പള്ളി, പയ്യന്നൂർ എന്നീ ഹൈസ്കൂളുകളിലെ പരീക്ഷാഫലം ആശാസ്യമായിട്ടുള്ളതാണ്.

## ജനകീയഭരണത്തിന്നു വേണ്ട വിദ്യാഭ്യാസം

നാം ഭൗതികമായി വളരെ അധഃപതിച്ചു കിടക്കുന്നു എന്നും അതിന്നുള്ള കാരണം മിഥ്യാബോധമാണെന്നും മററു രാജ്യങ്ങളിലെപ്പോലെ നമ്മുടെ ജനങ്ങളും സുഖകരമായി ജീവിക്കണമെന്നും, അതിന് എത്രയും ദ്രുതഗതിയിൽ ഒരു കാര്യപരിപാടി രൂപവൽക്കരിക്കണമെന്നും മററും കാണിച്ചുകൊണ്ട്, മി. കെ. എൻ. കൈനി എം. ഏ. (ആഃണഴ്സ്) ഹിന്ദുവിൽ എഴുതിയിട്ടുള്ള ശ്രദ്ധേയമായ ഒരു ലേഖനത്തിൻെറ സംഗ്രഹമാണ് താഴെ ഉദ്ധരിക്കുന്നത്.

അമേരിക്കയിലെ പൊതുജനങ്ങളുടെ ജീവിതരീതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇൻഡ്യയിലെ പൊതുജനങ്ങളുടെ ജീവിതരീതിക്ക് സ്ഥാനമില്ലാതെ പോകുന്നു. സുഖങ്ങളെ വെടിയുക അല്ലെങ്കിൽ വളരെ കുറക്കുക, എന്ന തത്വശാസ്ത്രം, നമ്മെ ഭൌതികമായി ഏററവും ദരിദ്രരായ ഒരു ദേശക്കാരാക്കിത്തീർക്കുകയും, പുതിയ കാര്യങ്ങൾ പഠിക്കുവാനുള്ള ശക്തികളെ അപഹരിക്കുകയും, ചുരുക്കം ചിലരെ ഒഴിച്ച് പൌരുഷത്തെ ഹനിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നമ്മുടെ രാജ്യത്തിൽ പ്രകൃതിവിഭവങ്ങൾ സുലഭമാണ്. യഥാർത്ഥമായ ജോലി ജനങ്ങളുടെ ജീവിതരീതിയെ ഉയർത്തുവാനുള്ള ബോധമുണ്ടാക്കുകയാകുന്നു. അത് പ്രയോജനകരങ്ങളായ സാധനങ്ങൾ ഉണ്ടാക്കുവാനുള്ള ശക്തി സമ്പാദിച്ചും, അധഃപതനത്തിലേക്കുപദേശിക്കുന്ന പ്രേരണാശക്തികളോട് മല്ലിട്ടുമാണ് സാധിക്കേണ്ടത്.

### പ്രായമായവർക്ക് നിർബന്ധിതവിദ്യാഭ്യാസം

സാമുദായപുനസ്സംഘടനയിൽ നാം പ്രായമായവരേയും കുട്ടികളേയും ഗൌനിക്കേണ്ടിയിരിക്കുന്നു. പ്രായമായവരുടെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതിന്ന് മൂന്നു കാരണങ്ങൾ ഉണ്ട്. ഒന്നാമതായി ഇന്നത്തെ കുട്ടികളെ പുതിയ രീതികളിൽ പരിശീലിപ്പിച്ച് അവർ പ്രായമാകുന്നതുവരെ കാത്തിരുന്നുകൂടാ. രണ്ടാമതായി നിശ്ചലത്വവും യഥാസ്ഥിതികത്വവുമുള്ള പഴഞ്ചന്മാർ, ബാലമനസ്ഥിതിയെ പുരോഗതിയിൽ ചരിയ്ക്കുന്നതിൽ നിന്നും പിൻതിരിപ്പിച്ചുകൂട. മൂന്നാമതായി ആധുനികകാലത്തിലെ ഏററവും പ്രധാനമായ ഈ ഘട്ടത്തിൽ ഭൗതികാഭിവൃദ്ധിപരമൊ രാഷ്ട്രീയമൊ ആയ ഏതു പ്രവൃത്തി ചെയ്യുന്നതിനും വിശാലമനസ്സുള്ള ഒരു പ്രായമായ ജനതതി ഉടനെ ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. നിരക്ഷരകുക്ഷികളും, അന്ധവിശ്വാസികളും ദരിദ്രരും അർദ്ധനഗ്നരും കുടിലുപോലുംഇല്ലാത്തവരുമായ ഒരു ജനതതിക്ക് ആധുനികജനകീയഭരണം നടത്തിക്കൊണ്ടുപോകുവാൻ സുസാദ്ധ്യമല്ല. പാശ്ചാത്യരാജ്യങ്ങളിൽപോലും ജനകീയഭരണം പരീക്ഷണദശയിലെത്തിയിട്ടേയുള്ളൂ. അതിന്റെ എതിരാളികൾ അതിനുള്ള ദോഷങ്ങളെ ഏകഛത്രാധിപത്യത്തിന്റേതിനേക്കാൾ ഭേദമെന്നു സമ്മതിക്കുന്നേയുള്ളൂ. അതുകൊണ്ട് പ്രായമായവരുടെ വിദ്യാഭ്യാസം ദേശീയകാര്യപരിപാടിയുടെ ആദ്യം ചേർക്കണം. ഓരോ മനുഷ്യനും ഒരു അച്ചടിച്ച വർത്തമാനപ്പത്രമെങ്കിലും വായിക്കുവാൻ പഠിച്ചിരിക്കണം. ആഴ്ചയിൽ മൂന്നു ദിവസം ഓരോ മണിക്കൂർ വീതം പാഠശാലയിൽ ഹാജരാകയാണെങ്കിൽ പ്രായമായ ഒരാൾക്ക് ഇൻഡ്യയിലെ ഒരു ദേശീയഭാഷാപത്രം വായിക്കത്തക്കവണ്ണം ആറു മാസംകൊണ്ട് പഠിക്കാവുന്നതാണ്. ഒന്നരാടമായിട്ട് രണ്ടു കൂട്ടരെ പഠിപ്പി

ക്കാവുന്നതാണ്. ഒരു കൊല്ലത്തിൽ നാലു കുട്ടരെ പഠിപ്പിക്കാം. ഇന്നത്തെ പ്രാഥമികാദ്ധ്യാപകന്മാരെ ഈ ചുമതല ഏല്പിച്ച് അവൎക്ക് ചെറുതായ ഒരു പ്രതിഫലം നൽകണം. വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നുള്ളതാണ് ഏററവും പ്രധാനമായിട്ടുള്ളത്. അടുത്തുവരുന്ന 3 വൎഷത്തിനിടയിൽ 15-ം 45-ം മദ്ധ്യെയുള്ള എല്ലാ പ്രായമായ പുരുഷന്മാരെയും നിർബന്ധിതമായി ഒരു ഭാഷ പഠിപ്പിക്കണം. ഇതിന് കൂടുതൽ പണം ചിലവാകുമെന്നുള്ളത് നിശ്ചയമാണ്. ഓരോ രാജ്യക്കാർ യുദ്ധത്തിലേൎപ്പെട്ടപ്പോൾ പണം വല്ല പ്രകാരത്തിലും ഉണ്ടാകുന്നു. ഈ "വല്ലപ്രകാരം" ഇവിടെയും പ്രയോഗിച്ച് പണം ഉണ്ടാക്കണം. നമുക്ക് ആഗ്രഹമുണ്ടെങ്കിൽ അതു സാധിക്കാം.

ഇതോടുകൂടിത്തന്നെ വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കയും വേണം. മൈസൂർ ഈ വിഷയത്തിൽ ചിലതു പ്രവൎത്തിക്കുന്നുണ്ട്. അവിടത്തെ സാമ്പത്തികസമാജം, കാൎഷികവും, വ്യാവസായികവും വിദ്യാഭ്യാസപരവുമായ സമിതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ ഡിപ്പാർട്ടുമെൻറുവക ഉദ്യോഗസ്ഥന്മാരുടെയും പ്രത്യേകം നിയമിച്ചിട്ടുള്ള സാമ്പത്തിക ഉദ്യോഗസ്ഥന്മാരുടെയും സഹായത്തോടുകൂടി ഗ്രാമീണജനങ്ങളുടെ കവാടത്തിൽ സാങ്കേതികജ്ഞാനവും സംസ്കാരവും കൊണ്ടുചെല്ലുന്നതിന് തീവ്രയത്നം ചെയ്യുന്നുണ്ട്. എന്നാലും ഇപ്പോഴത്തെ പ്രവൎത്തനരീതി പരിമിതമെന്നു സമ്മതിക്കണം. ഓരോ താലൂക്കിലും, കൃഷി, വ്യവസായം, വാണിജ്യം, കച്ചവടം, വിദ്യാഭ്യാസം, ആരോഗ്യം, സഹകരണം, ഗൃഹനിൎമ്മാണം, ഗൃഹഭരണം മുതലായവ സംബന്ധിച്ച് പുതിയപുതിയ തത്വങ്ങൾ, പ്രസംഗങ്ങൾ, പത്രങ്ങൾ, ലേഖനങ്ങൾ, സമാജങ്ങൾ ഇവ മുഖേന പഠിപ്പിക്കുന്നതിന് ഓരോ പ്രവൎത്തകനെ നിശ്ചയിക്കണം. താലൂക്കിലെ ഉദ്യോഗസ്ഥന്മാർ ഇക്കാൎയ്യത്തിൽ അയാളുമായി സഹകരിക്കണം. മൈസൂരിൽ വനിതാപ്രവൎത്തകകളെ നിയമിച്ചിട്ടില്ല. അവരെ നിയമിക്കേണ്ടതും ആവശ്യമാണ്. മഹിളകളെ പഠിപ്പിക്കുന്നതിന് മഹിളാപ്രവൎത്തകകളേയും നിയമിക്കേണ്ടതാണ്. ഈ പ്രവൃത്തിക്കായി ധൎമ്മഭടന്മാരേയും ശേഖരിക്കണം. ഓരോ പ്രവിശ്യയും രാജ്യവും ഈ പദ്ധതി സ്വീകരിക്കയാണെങ്കിൽ നമുക്ക് അല്പസമയംകൊണ്ട് അതിശക്തിയുള്ള ഒരു രാജ്യക്കാരായിത്തീരുവാൻ കഴിയുന്നതാണ്.